

Vol. XIV
No. 1
Jan. '64.



ഫാദർ ഔറേലിയൻ ഒ. സി. ഡി.

# മേരിവിജയം


നവദമ്പതിമാക്ക്
ഞങ്ങളുടെ
മധുരാശംസകൾ.
കല്ല്യാണസാരികൾക്കും
മറ്റെല്ലാ തുണിത്തരങ്ങൾ
ക്കും: ചാക്കോളാസ് സിൽക്ക് ഹൌസ്.
Chakolas
SILK HOUSE
TRICHUR & ERNAKULAM


സുരഭിലമായ സ്നാനത്തിനും
നിർമ്മലമായ ചർമ്മത്തിനും
MEDICATED SOAP
അജന്ത
നാല്പാമര
സോപ്പ്
PAUL ELTHURUTH.
AJANTA CHEMICALS (REGD.) POONITHURA

അഖിലകേരള സൊഡാലിററി മാസിക

ഒററപ്രതി: 17 ന.പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണൂർ, ബി. ഏ.

# മേരീവിജയം

PHONE: 603
TRICHUR

DHARMARAM ... LIBRARY
17602
A

പുസ്തകം XIV ★ 1964 ജനുവരി ★ ലക്കം I

## പതിനാലാം വയസ്സിലേയ്ക്കു്

"മേരിവിജയം" പതിനാലാം വയസ്സിലേയ്ക്കു കാലെടുത്തു കുത്തുകയാണ്. കഴിഞ്ഞ പതിമൂന്നു വർഷങ്ങളിൽ വളരെയേറെ ബാലാരിഷ്ടതകൾക്കും സമ്മർദ്ദങ്ങൾക്കും കണ്ണുരുട്ടലുകൾക്കും അവൾ വിധേയയാകേണ്ടിവന്നിട്ടുണ്ട്. ആരംഭകാലം മുതൽ ഇന്നുവരേയും ഒരൊററ നയാപൈസപോലും മൂലധനമില്ലാതെയാണ് "വിജയം" അവളുടെ ജൈത്രയാത്ര തുടർന്നുപോന്നിട്ടുള്ളതു്. എല്ലാ രംഗങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആത്മാർത്ഥമായ സഹകരണമാണ് അവളുടെ മൂലധനം. വൈദികാദ്ധ്യക്ഷന്മാരും, വൈദികരും, അവൈദികരും, കന്യാസ്ത്രീകളുമായ എല്ലാ സുഹൃത്തുക്കൾക്കും, വിശിഷ്യാ ആയിരക്കണക്കിന് മരിയസഖ്യാംഗങ്ങൾക്കും ഞങ്ങൾ കൃതജ്ഞതയുടെ കൈക്കുമ്പിളുകൾ ഇതാ സമർപ്പിക്കുന്നു. നിങ്ങളുടെ തുടർന്നുള്ള സൌമനസ്യത്തിലും സഹകരണത്തിലും പ്രതീക്ഷയർപ്പിച്ചുകൊണ്ടു് ഞങ്ങൾ മുന്നോട്ടു പോകട്ടെ.

### തിരിഞ്ഞു നോക്കുമ്പോൾ

മറിയത്തിന്റെ മഹത്വം മകുടമണിഞ്ഞ മഹാസംഭവമാണ് അവളുടെ സ്വർഗ്ഗാരോപണം. ഈ പരമസത്യത്തെ 12_ാം പീയൂസ് മാർപ്പാപ്പ 1950 നവമ്പർ 1_ാംനു ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ സ്മാരകമായിട്ടാണ് അഖിലകേരള സൊഡാലിററി ജിഹ്വയായ "മേരിവിജയം" ഉടലെടുത്തതു്. അപ്പോൾ, രണ്ടു ലക്ഷ്യങ്ങളാണ് "വിജയ"ത്തിനുള്ളതു്: ഒന്നു്, മരിയാഭക്തിയുടെ പൊതുവായ പ്രചരണം; രണ്ടു്, മരിയാസഖ്യത്തിന്റെ ജിഹ്വ എന്ന നിലയിൽ, ആ മഹത്തായ സംഘടനയെ പോഷിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ. ഈ രണ്ടു മഹദ്ലക്ഷ്യങ്ങളും സാധിക്കുന്നതിനുവേണ്ടി "വിജയം" ഇതേവരേയും പരിശ്രമിച്ചുപോന്നിട്ടുണ്ടെന്നാണ് ഞങ്ങളുടെ ഉത്തമബോദ്ധ്യം. സഖ്യനിയമങ്ങളുടെ വിശദീകരണങ്ങൾ, സംഘടനാനിർദ്ദേശങ്ങൾ, അനുദിനധ്യാനവും ആത്മശോധനയും സംബന്ധിച്ച ഉപദേശങ്ങൾ, ഗ്രൂപ്പുപ്രവർത്തനങ്ങളുടെ സമഗ്രവിവരണങ്ങൾ, രൂപതാഫെഡറേഷൻ സ്ഥാപനത്തിനുള്ള ഉത്തേജനങ്ങൾ, ഒപ്പീസിലെ ഓരോ ഖണ്ഡികയേയും പററിയുള്ള വിവരണങ്ങൾ, ആഘോഷപരിപാടികൾ അനാർഭാടമായി നടത്തുവാനുള്ള നിർദ്ദേശങ്ങൾ, സഖ്യത്തിന്റെ ചുരുങ്ങിയ ചരിത്രം — എന്നിങ്ങനെ സഖ്യാംഗങ്ങൾക്ക് ഉണർവും ഉയിരും, ആവേശവും പ്രവർത്തനസന്നദ്ധതയും നൽകാൻ പര്യാപ്തമായ നിരവധി ലേഖനങ്ങൾ "വിജയ"ത്തിന്റെ ഏടുകൾ മറിച്ചുനോക്കിയാൽ നിങ്ങൾക്കു കാണാം. പരി. കന്യകയുടെ മഹത്വം, അനുകരണീയമായ ജീവിതമാതൃക, അവളിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ, അവയെ സ്വജീവിതത്തിലേയ്ക്കു പകർത്തുവാനുള്ള നിർദ്ദേശങ്ങൾ, വിവിധ മരിയൻ ഭക്തമുറകൾ — എന്നിങ്ങനെ മരിയൻ ഭക്തിപ്രചാരണത്തിനുപയുക്തങ്ങളായ ധാരാളം ലേഖനങ്ങളും "വിജയ"ത്തിലൂടെ പുറത്തു വന്നിട്ടുണ്ട്. യുവതികളുടെ ആഭരണഭ്രമത്തെക്കുറിച്ചും വസ്ത്രധാരണരീതിയിലുള്ള വൈകല്യങ്ങളെക്കുറിച്ചും വാദകോലാഹലങ്ങൾ നടന്നിട്ടുണ്ട് അതിന്റെ പേജുകളിൽ. വിവാഹപ്രായം കഴിഞ്ഞിട്ടും സാമ്പത്തികമായ കഴിവുകേടുമൂലം വിവാഹം കഴിക്കാതെ നിൽക്കുന്ന നിർഭാഗ്യയുവതികൾക്കുവേണ്ടി സധൈര്യം വാദിക്കുവാനും, ഉപരിപ്ലവമായ കത്തോലിക്കത്വത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുവാനും, ധനാഢ്യന്മാർക്ക് നിർധനരോടുള്ള വലിയ ചുമതലകളെപ്പററി ഉറക്കെ സംസാരിക്കുവാനും, കേരള കത്തോലിക്കാ സമുദായനേതാക്കന്മാരുടെ സ്വാർത്ഥതയേയും അലസതയേയും രൂക്ഷമായി വിമർശിക്കുവാനും "വിജയം" മടിച്ചിട്ടില്ല. കേരളത്തിലെ കത്തോലിക്കാസഭയെപ്പററിയുള്ള അല്പം ചില വിമർശനങ്ങളും, ആ സഭയുടെ അഭിവൃദ്ധിക്കുപയുക്തങ്ങളായ നിർദ്ദേശങ്ങൾ അടങ്ങിയ അൽമേനികളുടെ ചില ലേഖനങ്ങളും ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്: സഭയിൽ അൽമേനികൾക്കുള്ള സ്ഥാനം കൂടുതൽ അംഗീകരിക്കപ്പെട്ടുവരുന്ന കാലമാണല്ലൊ ഇതു്. കത്തോലിക്കാ സാഹിത്യകാരന്മാർക്കുവേണ്ടി ശബ്ദമുയർത്തുവാൻ കേരളത്തിൽ "വിജയ"ത്തെപ്പോലെ മറെറാരു പ്രസിദ്ധീകരണമോ സ്ഥാപനമോ മുമ്പോട്ടു വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. വളർന്നുവരുന്ന യുവസാഹിത്യകാരന്മാരെ കൈകൊടുത്തുയർത്തുവാനുള്ള ഒരു പ്രത്യേക വേദിയാണ് "വിജയവും" അതിലെ ബാലരംഗവും. സാഹിത്യകാരന്മാർക്ക് ഒരു സംഘടനയുണ്ടാക്കുവാനും, അവരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ ഒരു പ്രസിദ്ധീകരണശാലയുണ്ടാക്കുവാ

# ഫാദർ ഔറേലിയൻ ഒ.സി.ഡി.

— ഫ്രാൻസിസ് പറപ്പൂക്കര —

കത്തോലിക്കാ ചൈതന്യമുററ സ്പെയിനിലെ വളക്കൂറുള്ള മണ്ണിൽ 76 വർഷങ്ങൾക്കു മുമ്പ് ഒരു തൈച്ചെടി മുളയെടുത്തു. നിത്യതയിലെ ദീർഘവീക്ഷണമുള്ള തോട്ടക്കാരൻ കർമ്മലാരാമത്തിലെ ശീതളഛായയിൽ അതിനെ ശുശ്രൂഷിച്ചു. അരിഷ്ടതകൾ തീർന്നു് കരുത്താർജ്ജിച്ച മരം കാട്ടിയപ്പോൾ, ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തിലേയ്ക്കു് അതിനെ പറിച്ചുനടുകയും ചെയ്തു. അതിൻെറ വേരുകൾ ഭാരതമണ്ണിൽ ആഴത്തിൽ ഓടി, ശിഖരങ്ങൾ ഭാരതത്തിലാകെ നിഴൽവീശി, വിളഞ്ഞു പഴുത്ത പഴങ്ങൾ പതിനായിരങ്ങളെ ആകർഷിച്ചു. ആയിരക്കണക്കിനു് ആകാശപ്പറവകൾ അതിൻെറ കൊമ്പുകളിൽ കൂടുകെട്ടി. അവയെയെല്ലാം പിടിച്ചുകുലുക്കിക്കൊണ്ടു്, കഴിഞ്ഞ നവംബർ 16-ാംനു- ആ വൻമരം കടപുഴങ്ങി മറിഞ്ഞുവീണു. അതിൻെറ മധുരഫലങ്ങളാസ്വദിച്ചു, ശീതളഛായയിൽ വിശ്രമംകൊണ്ട പതിനായിരങ്ങൾ, ആ വീഴ്ചയിൽ കണ്ണീർ വീഴ്ത്തി. എങ്കിലും, അവർ സമാശ്വസിച്ചു, മധുരഫലങ്ങളേകി പതിനായിരങ്ങളെ പോററിയ ആ ജീവിതം ധന്യമായിരുന്നെന്നു്.

## ജീവിതത്തിലേയ്ക്കു് ഒരെത്തിനോട്ടം

*സ്പെയിനിൽ:* ഉത്തരസ്പെയിനിലെ ബിൽബാവോയ്ക്കടുത്തുള്ള ബസൗരിയിൽ 1887 ജൂൺ 27-ാംനു- പെദ്രോ ജാതനായി. വില്ല ഫ്രാങ്കയിൽ കർമ്മലീത്താ സന്യാസികളുടെ സ്കൂളിൽ പെദ്രോ പ്രാഥമിക വിദ്യാഭ്യാസം നടത്തി. അനന്തരം, 13-ാം വയസ്സിൽ അവിടെത്തന്നെ ഒരു സന്യാസാർത്ഥിയായിച്ചേരുകയും ദിവ്യകാരുണ്യത്തിൻെറ ഔറേലിയൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. 1910 ഡിസംബർ 17-ാംനു-, 23 വയസ്സായിരിക്കേ, തിരുസിംഹാസനത്തിൻെറ പ്രത്യേകാനുമതിയോടെ — പൗരോഹിത്യസ്വീകരത്തിനു 24 വയസ്സു പൂർത്തിയാകണമെന്നുണ്ടു് — അദ്ദേഹം ക്രിസ്തുവിൻെറ നിത്യപുരോഹിതനായി അഭിഷിക്തനായി. റോമിലും പംപ്ലോണയിലുമായി രണ്ടു കൊല്ലം ചെലവഴിച്ചശേഷം 1912 ഏപ്രിൽ 1-ാംനു- ഫാദർ ഔറേലിയൻ ഇൻഡ്യയിലേയ്ക്കു കപ്പൽ കയറി. ദീർഘനാൾ കാത്തുസൂക്ഷിച്ചിരുന്ന തൻെറ ആശ അലരണിഞ്ഞതിൽ അദ്ദേഹം ദൈവത്തെ വാഴ്ത്തി.

*ഇൻഡ്യയിൽ:* മിഷൻ രംഗത്തു് ഓടിനടന്നു് ആത്മാക്കളെ നേടാൻ ആശിച്ചു് ഇൻഡ്യയിലിറങ്ങിയ ഫാദർ ഔറേലിയനു് അധികാരികൾ നിർദ്ദേശിച്ച ജോലി പുത്തൻപള്ളി സെമ്മിനാരിയിൽ അദ്ധ്യാപനം നടത്തുകയായിരുന്നു. 1912 നവംബർ 12-മുതൽ മരിക്കുന്ന തിയ്യതി—1963 നവംബർ 16—വരെ ആ ജോലി പ്രശസ്തമാംവിധം അദ്ദേഹം നിർവ്വഹിക്കുകയും ചെയ്തു.

*ക്ലാസ്സുകൾ:* ഫാദർ ഔറേലിയൻ കൈകാര്യം ചെയ്യാത്ത വിഷയങ്ങളും എടുക്കാത്ത ക്ലാസ്സുകളും ചുരുങ്ങും. ലത്തീൻ, സഭാചരിത്രം, അലങ്കാരശാസ്ത്രം, സഭാപരിപാലനശാസ്ത്രം, ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, ഭക്തിമാർഗ്ഗം, ജ്ഞാനമാർഗ്ഗം— അങ്ങനെ ഒട്ടനവധി വിഷയങ്ങളിൽ പ്രാവീണ്യം നേടിയ അദ്ദേഹത്തിനു് 'ഒ. സി. ഡി.' എന്നതു് ഒരു ഡിഗ്രിതന്നെയാണു് ഒ. സി. ഡി.= Omnium Cognitionum Doctor—സർവ്വശാസ്ത്രപണ്ഡിതൻ.

*ഭരണവകുപ്പ്:* 1914 മുതൽ 1934 വരെ ഫാ. ഔറേലിയൻ സെമ്മിനാരിയിലെ ആദ്ധ്യാത്മിക ഗുരുവായിരുന്നു. വെറും 27 വയസ്സുള്ളപ്പോൾക്കൂടി, ഇത്രയും വലിയൊരു സ്ഥാപനത്തിൻെറ ആദ്ധ്യാത്മികഗുരു ആകാൻമാത്രം അദ്ദേഹത്തിൻെറ ജീവിതവിശുദ്ധി സർവ്വസമ്മതമായിരുന്നുവെന്നു സാരം.

**അതിനിടയ്ക്കു്** 1924-ൽ കർമ്മലീത്തക്കാർ റോമിൽ ഒരു 'ഇൻറർ നാഷണൽ കോളേജു്'' തുറന്നു. അതിൻെറ ഭരണം ഏറെറടുത്തു നടത്താൻ പററിയതായി അധികാരികൾ കണ്ടതു് ഫാദർ ഔറേലിയനെയായിരുന്നു. പക്ഷേ, അന്നു പുത്തൻപള്ളി റെക്ടറായിരുന്ന

(ശേഷം 15-ാംപേജിൽ)

---

നം മററമായി "വിജയം" വീറോടെ വാദിക്കുകയും, അതിനുവേണ്ടി ഞങ്ങളുടെ എഴുത്തുകാരെയെല്ലാം ക്ഷണിച്ചുവരുത്തി സജീവമായ ചർച്ചകൾ നടത്തുകയും ഒരു കമ്മിററിയെ നിശ്ചയിക്കുകയും ചെയ്തു. കേരളത്തിലെ യാതൊരു കത്തോലിക്കാപ്രസിദ്ധീകരണവും ഇതുവരെ ചെയ്തിട്ടില്ലാത്ത ഒരു പുതിയ പരിപാടി — സുധീരമായൊരു കാൽവെപ്പ്—ആയിരുന്നു അതു്. ഒരു കത്തോലിക്കാ സാഹിത്യകാരൻ കത്തോലിക്കനായിത്തന്നെ വളർന്നുവിരാജിക്കണം—അതാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്. ഞങ്ങളുടെ പ്രവർത്തനങ്ങൾ കുററമററവയാണെന്നോ, ലക്ഷ്യങ്ങളെല്ലാം പരിപൂർണ്ണസാഫല്യത്തിലെത്തിയെന്നോ ഞങ്ങൾ അഭിമാനിക്കുന്നില്ല. പക്ഷെ, ഞങ്ങൾ കഴിവതു ചെയ്യുന്നുണ്ടു്. അതുകൊണ്ടുതന്നെ "വിജയം" ആധുനികതലമുറയ്ക്കു പ്രിയംകരമായ ഒരു മാസികയായിത്തീർന്നിട്ടുമുണ്ടു്. ഇനിയും തുടർന്നു പ്രവർത്തിക്കുവാൻ നിങ്ങൾ ഞങ്ങളെ സഹായിക്കുക, അനുഗ്രഹിക്കുക, ഞങ്ങളുടെ കരങ്ങൾക്കു ശക്തി കൂട്ടുക.

— പത്രാധിപർ

ചെറുകഥ

# കടലാസുപൂക്കൾ

ജോർജ്ജ് നെല്ലായി

ഒരു വെള്ളപ്രാവിനെപ്പോലെ സിസ്റ്റർ ബാസിൽ അയാളുടെ അടുത്തു വന്നപ്പോൾ കിടക്കയിൽ മുഖമമർത്തി കിടന്നു കരയുകയായിരുന്നു അയാൾ. I am come to serve എന്ന് എഴുതിവെച്ചിരിക്കുന്ന തിരുഹൃദയരൂപത്തിന്റെ താഴെ കൈയ്യിൽ ഒരു തെർമോമീറ്ററുമായി സിസ്റ്റർ ബാസിൽ അയാളുടെ കട്ടിലിനു് അടുത്തുനിന്നു. തിരുഹൃദയരൂപം കടലാസുപൂക്കൾ കൊണ്ടു് അലങ്കരിച്ചുവെച്ചിരിക്കുന്നു. വെളുത്ത ഒരു കടലാസുപൂപോലെ സിസ്റ്റർ ബാസിലും അയാളുടെ അടുത്തു നിന്നു.

"ജോണി!" സിസ്റ്റർ അയാളെ വിളിച്ചു.

അയാൾ മുഖമുയർത്തി തിരിഞ്ഞുനോക്കി. നീട്ടിപ്പിടിച്ച തെർമോമീറ്ററുമായി അവർ അയാളുടെ മുഖത്തേയ്ക്കുതന്നെ നോക്കി നിശ്ചലം നില്ക്കുകയാണ്.

"ജോണി കരയുകയാണോ?" മധുരമൂറുന്ന ശബ്ദം!

"എനിക്കു സഹിക്കുന്നില്ല സിസ്റ്റർ" വേദനാകരമായ മറുപടി.

"എല്ലാം കർത്താവ് മാറ്റിത്തരും. വായ് തുറക്കൂ" സിസ്റ്റർ ബാസിൽ വീണ്ടും പറഞ്ഞു. അയാൾ വായ് തുറന്നു. ജീവിതത്തിന്റേയും മരണത്തിന്റേയും ചൂട് അളക്കാവുന്ന ആ ചില്ലുകുഴൽ അയാളുടെ വായിൽ വെച്ചുകൊണ്ടു് അവർ അയാളുടെ കൈത്തണ്ടയ്ക്കു പിടിച്ചു — മരണത്തിന്റെ മുമ്പിൽ മടിച്ചുനില്ക്കുന്ന ഒരു ഹൃദയത്തിന്റെ സ്പന്ദനങ്ങൾ അറിയാൻ!

"സിസ്റ്റർ ബാസിൽ" അകലെ ഡോക്ടറുടെ വിളി കേട്ടു. ജോണിയുടെ വായിൽനിന്നു് തെർമോമീറ്റർ എടുത്തുകൊണ്ടു് സിസ്റ്റർ ബാസിൽ വേഗം നടന്നു. "മൂന്നാം നമ്പർ പേഷ്യന്റിനു് എമർജൻസി ഓപ്പറേഷൻ. തിയ്യറ്റർ ഒരുക്കൂ." ഡോക്ടറുടെ നിർദ്ദേശം! അതു കേട്ടപാടേ സിസ്റ്റർ ബാസിൽ തിയ്യറ്ററിലേയ്ക്കു നടന്നു.

മൂന്നാം നമ്പർ പേഷ്യന്റിനെ ഇന്നലെ രാത്രിയാണ് ആശുപത്രിയിൽ കൊണ്ടുവന്നതു്. സിസ്റ്റർ ബാസിലിനു തന്നെയായിരുന്നു നൈററ് ഡ്യൂട്ടി. ആ പാതിരാത്രി മറ്റൊരു സിസ്റ്ററേയും കൂട്ടിക്കൊണ്ടു് ഡോക്ടറുടെ ക്വാർട്ടേഴ്സിൽ പോയി ഡോക്ടറെ കൊണ്ടുവന്നു പരിശോധിപ്പിച്ചിട്ടാണ് സിസ്റ്റർ ബാസിൽ ആ രോഗിയുടെ അടുത്തുനിന്നു പോയതു്. അപ്പോഴും ജോണിയുടെ കാര്യം അവർ ഡോക്ടറോടു പറഞ്ഞു — കഴിഞ്ഞ രണ്ടു ദിവസമായി പല പ്രാവശ്യം അവർ ആ കാര്യം ഡോക്ടറോടു പറയുന്നു.

"It is a very distressing cases." ഡോക്ടർ ജെയിംസ് ഇംഗ്ലീഷിലാണ് മറുപടി പറഞ്ഞതു്. സിസ്റ്റർ ബാസിൽ തല കുനിച്ചുനിന്നു് അതു കേട്ടു. ഒരു നൂറായിരം വിചാരങ്ങൾ അവരുടെ മുഖത്തു പ്രതിഫലിച്ചതു് ആ പാതിരാത്രിയുടെ അരണ്ട വെളിച്ചത്തിൽ ഒരുപക്ഷെ ഡോക്ടർ ജെയിംസ് ശ്രദ്ധിച്ചുകാണുകയില്ല.

മൂന്നാം നമ്പർ പേഷ്യന്റിനെ ഓപ്പറേഷൻ തിയ്യറ്ററിലേയ്ക്കു കൊണ്ടുവന്നു. എമർജൻസി ഓപ്പറേഷനാണു്. സിസ്റ്റർമാരും നേഴ്സുമാരും കൂട്ടംകൂട്ടമായി തിയ്യറ്ററിലേയ്ക്കു ചെന്നു.

മൂന്നു മണിക്കൂർ വേണ്ടിവന്നു ഓപ്പറേഷനു്. ഓപ്പറേഷൻ കഴിഞ്ഞു് രോഗിയെ ഒരു സ്ട്രെച്ചറിൽ എടുത്തു കിടക്കയിൽ കിടത്തി.

"Watch well" ഡ്യൂട്ടി സിസ്റ്ററിനോടു് അതു പറഞ്ഞിട്ടു് ഡോക്ടർ വിശ്രമിക്കാൻ പോയി. സിസ്റ്റർ ബാസിൽ വീണ്ടും ജോണിയുടെ അടുത്തു ചെന്നു.

"ജോണി" അവർ വീണ്ടും വിളിച്ചു. അയാൾ അപ്പോഴും മുഖമുയർത്തി നോക്കി.

"ഞാനിനി രക്ഷപ്പെടുകയില്ല സിസ്റ്റർ." അതു പറഞ്ഞിട്ടു് അയാൾ വിമ്മിവിമ്മിക്കരഞ്ഞു.

"മരിക്കാൻ ജോണിക്കു് ഇത്ര ഭയമാണോ?"

"ഇല്ല സിസ്റ്റർ—ഇല്ല. ഞാൻ മരിച്ചാൽ ദുഃഖിക്കാൻ ആരുമില്ല" അയാൾ വീണ്ടും പറഞ്ഞു.

"ജോണി എന്തിനാണിങ്ങനെ കരയുന്നതു്? മരിക്കാനുള്ള സുഖക്കേടൊന്നും ജോണിക്കില്ല."

"ഇല്ല സിസ്റ്റർ. ഞാൻ മരിക്കും. ഈ കിടക്കയിൽനിന്നു ഞാനിനി എഴുന്നേല്ക്കില്ല".

"ജോണിക്കു വെറുതെ തോന്നുകയാണ്."

"വെറുതെ തോന്നുന്നതല്ല സിസ്റ്റർ. എത്രയും നേരത്തെ കർത്താവ് എന്നെ വിളിച്ചാൽ മതിയായിരുന്നു."

"ജോണി ഇങ്ങനെ സംസാരിച്ചു് ശരീരം ഇളക്കാതെ."

"മരിക്കുന്നതിനു മുമ്പു് എനിക്കൊരു ആഗ്രഹമുണ്ടു് സിസ്റ്റർ. സിസ്റ്റർ അതൊന്നു നിറവേറ്റിത്തരുമോ?

"എന്താണ്? പറയൂ."

"ഇവിടത്തെ കോൺവെന്റിൽ എനിക്കു പരിചയമുള്ള ഒരു സിസ്റ്റർ ഉണ്ടു്. എനിക്കവരെയൊന്നു കാണണം."

"പേരെന്താണ്?"

"എനിക്കറിഞ്ഞുകൂടാ. സിസിലിയാമ്മ യെന്നു് ഞാൻ അവരെ വിളിച്ചിരുന്നു. ഞങ്ങൾ ഒരുമിച്ചു പഠിച്ചിരുന്നവരാണ്. അയൽപക്കക്കാരുമായിരുന്നു."

"ശരി. ഞാൻ അന്വേഷിക്കട്ടെ." സിസ്റ്റർ ബാസിൽ അയാളുടെ അടുത്തുനിന്നു പോയി. പ്രഭാതത്തിൽ വിരിഞ്ഞുകണ്ട ഒരു പനിനീർപ്പൂ ആരോ ഇറുത്തു

കൊണ്ടുപോയതുപോലെ തോന്നി, അവർ പോയപ്പോൾ!

നേഴ്സസ് കാർട്ടേഴ്സിലെ ഇരുപത്തഞ്ചാം നമ്പ്ര് മുറിയിൽ ചെന്ന് സിസ്റ്റർ ബാസിൽ തന്റെ വെള്ളയുടുപ്പ് മാററി വെച്ച് കട്ടിലിൽ കിടന്നു. ഇന്നലെ രാത്രി ഒരു മണിക്കൂർപോലും അവർ ഉറങ്ങിയിട്ടില്ല. ഇന്നും ഉച്ചവരെ ഡ്യൂട്ടിയായിരുന്നു. ഇനി ഇന്നു ഡ്യൂട്ടിയില്ല. ഒരുമണിക്കാണ് മെസ്സ്. അതിനു മുമ്പ് ഒന്നു കണ്ണടയ്ക്കണം. കണ്ണടച്ച് എഴുന്നേററാൽ ചാപ്പലിൽ പോയി വന്നിട്ടുവേണം ഊണു കഴിക്കാൻ.

ക്ഷീണംകൊണ്ടു പെട്ടെന്ന് ഉറങ്ങിപ്പോകുമെന്നാണ് കരുതിയത്. പക്ഷെ ഒരു പോള കണ്ണടയ്ക്കാൻ സാധിച്ചില്ല. പത്താം നമ്പർ കട്ടിലിൽ കിടക്കുന്ന ആ രോഗിയുടെ ചിത്രം മനസ്സിലങ്ങനെ നിറഞ്ഞു നില്ക്കുന്നു. വൃശ്ചികക്കാററിന് ഇളകിയാടുന്ന ജനൽകർട്ടന്റെ വിടവിലൂടെ ആശുപത്രിക്കെട്ടിടം വ്യക്തമായി കാണാം. അവിടെ സർജിക്കൽ വാർഡിന്റെ വടക്കേ അററത്തുള്ള കട്ടിലിൽ ജോണി കിടക്കുന്നു.

നാലു വർഷമായി സിസ്റ്റർ ബാസിൽ ആശുപത്രിയിൽ വന്നിട്ട്. ഇതിനിടയിൽ എത്രയോ രോഗികളെ അവർ കണ്ടിരിക്കുന്നു! എത്ര പേർ അവരുടെ കൺമുമ്പിൽ വെച്ച് മരിച്ചിരിക്കുന്നു! എത്ര പേർ സുഖമായി പോയിരിക്കുന്നു! പക്ഷെ അന്നൊന്നും തോന്നാത്ത ഒരു വിചാരം സിസ്റ്റർ ബാസിലിന്റെ ഹൃദയത്തിൽ ഒരു അറബിക്കടൽ സൃഷ്ടിക്കുന്നു.

“സിസ്റ്റർ!” ആ മനുഷ്യന്റെ ശബ്ദം ചെവികളിൽ മുഴങ്ങുന്നതുപോലെ തോന്നുന്നു.

“എനിക്കു വേദന സഹിക്കുന്നില്ലല്ലോ സിസ്റ്റർ!” അയാൾ വിമ്മിവിമ്മി കരയുകയാണ്. ഒരു മെഡിക്കൽ സിസ്റ്ററുടെ ധൈര്യം മുഴുവൻ ചോർത്തിയെടുത്തുകൊണ്ട് ആ ചെറുപ്പക്കാരന്റെ ചിത്രം മനസ്സിലങ്ങനെ നിറഞ്ഞുനില്ക്കുകയാണ്.

ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ക്രൂശിതരൂപത്തിലേക്കു ദൃഷ്ടിയുറപ്പിച്ചുകൊണ്ട് സിസ്റ്റർ ബാസിൽ കുറെ നേരം കിടന്നു. അവസാനം ജപമാല കൈയിലെടുത്തുകൊണ്ട് അവർ ചാപ്പലിലേക്കു നടന്നു.

ഒരു മണിക്കൂർ നീണ്ടുനിന്ന ഏകാന്തധ്യാനവും പ്രാർത്ഥനയും കഴിഞ്ഞു മടങ്ങുമ്പോഴും അവരുടെ ഹൃദയം വേദനാനിർഭരമായിരുന്നു. മെസ്സിൽ ചെന്നിരുന്ന് ഉണ്ടുവെന്നു പേരു വരുത്തി എഴുന്നേററു. എപ്പോഴും കൺമുമ്പിൽക്കൂടി ഒരു കട്ടിലും ഒരു കിടക്കയും അതിലൊരു മനുഷ്യനും നീങ്ങുന്നതുപോലെ ഒരു തോന്നൽ! ഗ്രാഫ് പേപ്പറും തെർമോമീററും ഇഞ്ചക്ഷൻ സ്രിഞ്ചും ഒരു വിധത്തിലും മനസ്സിൽനിന്നു മാറിപ്പോകുന്നില്ല. മരുന്നുകളുടെ മനം പുരട്ടുന്ന മണം നാസാരന്ധ്രങ്ങളിലേക്ക് അങ്ങനെ തുളഞ്ഞുകേറുകയാണ്.



(കഥാകൃത്ത്)

മിനിഞ്ഞാന്ന് വൈകുന്നേരമാണ് സിസ്റ്റർ ബാസിൽ അയാളെ കണ്ടത്. ബ്ലഡ് ബാങ്കിൽനിന്ന് ഒരു പിൻറ് രക്തം വാങ്ങിക്കാൻ പോകുമ്പോൾ ഒരു മനുഷ്യൻ നീട്ടിവലിച്ചു വിളിച്ചു — “സിസ്റ്റർ!”

“ദാ വരുന്നു” അതു പറഞ്ഞിട്ട് സിസ്റ്റർ ബാസിൽ വേഗം പോയി. പിന്നീടു പതിനഞ്ചു മിനിട്ടു കഴിഞ്ഞിട്ടാണ് അവർ വന്നത്, പത്താം നമ്പ്ര് കട്ടിൽ ഓർമ്മവെച്ചുകൊണ്ട്.

“എന്തേ വിളിച്ചത്?” വാത്സല്യമുള്ള ഒരു അമ്മയെപ്പോലെയും സ്നേഹമുള്ള ഒരു സഹോദരിയെപ്പോലെയും സിസ്റ്റർ ബാസിൽ അയാളുടെ മുമ്പിൽ നിന്നു.

“എനിക്കു സഹിച്ചുകൂടാ സിസ്റ്റർ” വിമ്മിഷ്ടപ്പെട്ടുകൊണ്ടാണ് അയാൾ സംസാരിക്കുന്നത്. വേദനയുടെ പാരവശ്യം ആ മുഖത്തു തളംകെട്ടി നിന്നിരുന്നു.

സിസ്റ്റർ ബാസിൽ അയാളുടെ മുഖത്തേക്കും ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ഗ്രാഫിലേക്കും മാറി മാറി നോക്കി.

“ഞാൻ ഡ്യൂട്ടി സിസ്റ്ററിനോടു പറയാം.”

“ഒന്നു വേഗം പറയൂ സിസ്റ്റർ.”

ഡ്യൂട്ടി സിസ്റ്റർ വന്നു. സിസ്റ്റർ ബാസിൽ അവരോട് എന്തോ പറഞ്ഞു. ഡ്യൂട്ടി സിസ്റ്റർ ഡോക്ടറുടെ അടുത്തേക്കു പോയി. സിസ്റ്റർ ബാസിൽ അവിടെത്തന്നെ നിന്നു.

“ഇയാളുടെ പേരെന്താ?”

“ജോണി.”

“നാട്?”

“ഇടപ്പിള്ളി.”

“ഗീവർഗീസ് സഹദായുടെ അത്ഭുതം നടക്കുന്ന നാടല്ലെ? ഉള്ളഴിഞ്ഞു പ്രാർത്ഥിക്കൂ.” സിസ്റ്റർ ബാസിലിന്റെ മുഖത്തു പെട്ടെന്നൊരു പ്രകാശമുണ്ടായി. വേദനയുടെ ലോകത്തിൽ ആശ്വാസത്തിനുവേണ്ടി ഉഴറിയിരുന്ന ജോണിയുടെ ഹൃദയത്തിലേക്ക് ആ വാക്കുകൾ ചുഴിഞ്ഞിറങ്ങി.

ഡ്യൂട്ടി സിസ്റ്റർ സ്റ്റ്റെപ്റ്റോപെൻസിലിന്റെ ഒരു ട്യൂബുമായിട്ടാണ് എത്തിയത്. പിന്നാലെ ഡോക്ടറും വന്നു. പൾസ് പിടിച്ചുനോക്കിയിട്ട് ഒന്നും പറയാതെ അദ്ദേഹം പോയി.

പിറേറന്നു സർജിക്കൽ വാർഡിൽ സിസ്റ്റർ ബാസിലിനായിരുന്നു ഡ്യൂട്ടി. രാത്രിയും പകലും പല പ്രാവശ്യം അവർ ജോണിയുടെ കട്ടിലിന് അടുത്തു ചെന്നു.

"വേദനയ്ക്കു കുറവുണ്ടോ?" ചെല്ലുമ്പോഴൊക്കെ ആ ചോദ്യം ആവർത്തിക്കും.

"ഒരു കുറവുമില്ല സിസ്റ്റർ" ആ മറുപടിയും ആവർത്തിക്കും.

"ജോണി പരിഭ്രമിക്കാതിരിക്കൂ. ഇതിലപ്പുറം മാററിത്തരാൻ കർത്താവിനു കഴിവുണ്ടു്." ഒരു കാവൽ മാലാഖയെപ്പോലെ അവർ അയാളെ ആശ്വസിപ്പിച്ചു.

"ഗീവറുഗീസു് സഹദായോടു മുട്ടിപ്പായി അപേക്ഷിക്കൂ." എന്തോ ഓർത്തിട്ടെന്നപോലെ സിസ്റ്റർ ബാസിൽ വീണ്ടും പറഞ്ഞു. ഇന്നലെയും അതു് അവർ പറഞ്ഞതാണ്.

"ഗീവറുഗീസു് സഹദായുടെ അത്ഭുതം നടക്കുന്ന നാടല്ലേ? ഉള്ളഴിഞ്ഞു പ്രാർത്ഥിക്കൂ"— ഇന്നലെ സിസ്റ്റർ ബാസിൽ പറഞ്ഞ ആ വാക്കുകളുടെ പ്രതിധ്വനി ഇപ്പോഴും അയാളുടെ കാതുകളിൽ മുഴങ്ങുന്നതുപോലെ തോന്നുന്നു!

പ്രാർത്ഥന! പ്രകൃതിസുന്ദരമായ ആ നാട്ടിൻപുറത്തെ ദേവാലയത്തിൽ പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളുമായി നടന്നിരുന്ന കാലം ജോണി ഓർത്തു. വർഷങ്ങൾക്കു് അപ്പുറമാണ് അതു്. പുതുമയുടെ മലവെള്ളപ്പാച്ചിൽ പരിഷ്കാരത്തിന്റെ പുറപ്പുറത്തു് അവനെ കേററി നിറുത്തിയപ്പോൾ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും അരൂപി എന്നന്നേയ്ക്കുമായി അവനെ വിട്ടുപിരിഞ്ഞു. വിദൂരമായ കോൺപൂർ നഗരത്തിൽ ഒരു പക്കാ ജെൻറിൽമാനായി നടന്നപ്പോൾ പ്രാർത്ഥിക്കാൻ അവനു നേരം കിട്ടിയില്ല. ഇന്നു് എല്ലാം തകർന്നു്, എല്ലാം നശിച്ചു്, എല്ലാ പ്രതാപത്തോടും യാത്ര പറഞ്ഞു് ഇറങ്ങിയപ്പോഴാണ് വീണ്ടും പ്രാർത്ഥിക്കാൻ സിസ്റ്റർ പറയുന്നതു്.

സുന്ദരമായ ഒരു ചിത്രം ജോണിയുടെ മനസ്സിൽ തെളിഞ്ഞുവന്നു. തിരുഹൃദയരൂപത്തിന്റെ താഴെ വെച്ചിരുന്ന കടലാസുപൂക്കൾ ആ സുന്ദരചിത്രത്തിനു മിഴിവു കൂട്ടി. വർഷങ്ങൾക്കപ്പുറം അതുപോലുള്ള കടലാസുപൂക്കൾ ഉണ്ടാക്കുമ്പോഴാണ് ആ സുന്ദരചിത്രം ആദ്യമായി അവന്റെ മുമ്പിൽ പ്രത്യക്ഷമായതു്. ആ കടലാസുപൂക്കൾപോലെ സുന്ദരമായ ഒരു പെൺകുട്ടിയുടെ ചിത്രം!

"ജോണിച്ചേട്ടൻ കടലാസുപൂക്കളുണ്ടാക്കുകയാണോ?" മുല്ലപ്പൂവിനെ വെല്ലുന്ന നറുംപുഞ്ചിരിയുടെ ഉടമസ്ഥയായ ഒരു പാവാടക്കാരി അവന്റെ അടുത്തു വന്നു. റിബ്ബൺ പിടിപ്പിച്ചു് രണ്ടു ഭാഗത്തേയ്ക്കും വകഞ്ഞു കെട്ടിവെച്ചിരിക്കുന്ന തലമുടിയുമായി ഒരു സ്റ്റൈലുകാരിയെപ്പോലെ അവൾ അവന്റെ മുമ്പിൽ നില്ക്കുകയായിരുന്നു.

"സിസിലിയാമ്മയ്ക്കും പഠിക്കണോ?" കത്രികയിൽനിന്നു കണ്ണെടുക്കാതെ അവൻ ചോദിച്ചു.

"ഞങ്ങളുടെ സിസ്റ്റർ ഞങ്ങളെ പഠിപ്പിച്ചുതന്നിട്ടുണ്ടു്" ആ കുസൃതിക്കാരി നീങ്ങിനിന്നു് മറുപടി പറഞ്ഞു.

"എന്നാൽ കുറച്ചു പൂക്കളുണ്ടാക്കിയേ" അതൊരു വെല്ലുവിളിയായിരുന്നു. ആ വെല്ലുവിളി അവൾ സ്വീകരിച്ചു. കത്രികയും കടലാസും അവളുടെ നേരെ നീട്ടിയപ്പോൾ ആ മണ്ടിപ്പെണ്ണിനു് ഒന്നും അറിഞ്ഞുകൂടെന്ന വിചാരമാണ് മനസ്സിലുണ്ടായിരുന്നതു്. പക്ഷെ അവൾ കടലാസു വെട്ടി. ഈർക്കിൾ വെച്ചു് അതു ചുളിച്ചു. ഇതളുകൾ അടർത്തിയെടുത്തു. നീളമുള്ള ഒരു കമ്പിക്കഷണത്തിന്മേൽ ആ ഇതളുകൾ നൂലുകൊണ്ടു് കൂട്ടിക്കെട്ടി. എന്നിട്ടു് ഒരു പച്ചക്കടലാസുകഷണം ആ കമ്പിയിൽ ചുററിയപ്പോൾ വാസ്‌വീണ ഒന്നാംതരം കോളാമ്പിപ്പൂവായി. മഞ്ഞനിറത്തിലുള്ള സുന്ദരമായ കോളാമ്പിപ്പൂവു്!

നിമിഷങ്ങൾ ശ്രദ്ധാപൂർവ്വകമായ ഒരു പരീക്ഷണത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. ആ പൂക്കളേയും പൂക്കാരിയേയും കുറിച്ചുള്ള പരീക്ഷണം!

അവസാനം അഭിനന്ദനങ്ങൾകൊണ്ടു് അവളുടെ പുഞ്ചിരി വിടർത്തി. നുണക്കുഴികളിൽ നാണം മിന്നിനിന്നിരുന്ന ആ പുഞ്ചിരി കാണാൻ എന്തു ഭംഗിയായിരുന്നു!

"നല്ല പൂക്കൾ!" ഒരു നിമിഷം ആ പുഞ്ചിരിയിൽ ലയിച്ചുനിന്നശേഷം അവൻ സ്വയം പറഞ്ഞു.

"ജോണിച്ചേട്ടന്റെയോ എന്റെയോ?" അതൊരു ചോദ്യമായിരുന്നു.

"സിസിലിയാമ്മയുടെതന്നെ!" അല്ലെങ്കിലും അങ്ങനെതന്നെ മറുപടി പറഞ്ഞു.

മെയ്മാസം പൂക്കളുടെ മാസമാണ്. ഒത്തിരി കടലാസുപൂക്കൾ ഉണ്ടാക്കണം. നേരം വെളുത്താൽ വൈകുന്നതുവരെ കടലാസുപൂക്കളുണ്ടാക്കലാണ്. ആ കരയിലുള്ള സകല വീടുകളിലും ജോണി പൂക്കളുണ്ടാക്കിക്കൊണ്ടുകൊടുക്കും.

സ്കൂൾ തുറക്കാൻ ഇനിയും ഒരു മാസംകൂടിയുണ്ടു്. പലപ്പോഴും പൂക്കളുണ്ടാക്കാൻ സിസിലിയാമ്മയും കൂട്ടു

(ശേഷം 26-ാം പേജിൽ)

കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No. 987.

**C. R. JOSEPH**
LEATHER MERCHANT
Round, TRICHUR.

# ബൈബിൾ: ഭാഷയിലൂടെ

തോമസ് ചെട്ടിപ്പറമ്പിൽ

## II

പ്രധാനമായും പ്രോട്ടസ്റ്റൻറ് ബൈബിൾ വിവർത്തനങ്ങളെക്കുറിച്ചാണ് ലേഖനത്തിൻെറ ഒന്നാം ഭാഗത്തിൽ പറഞ്ഞുവച്ചതു്. ഡോ. ക്ലോഡിയസ് ബുക്കാനൻെറ നേതൃത്വത്തിൽ അച്ചടിപ്പിക്കപ്പെട്ട ഒരു ബൈബിൾ തർജ്ജമയെപ്പററി അതിൽ പ്രസ്താവിച്ചിരുന്നു. ഒരു യാക്കോബായ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലായിരുന്നതുകൊണ്ടും പ്രമുഖപരിഭാഷകൻ ഒരു യാക്കോബായ വൈദികനായിരുന്നതുകൊണ്ടും പ്രസ്തുത പരിഭാഷ ഒരു യാക്കോബായ വിവർത്തനമായി എണ്ണപ്പെടേണ്ടതാണ്.

### ഡോക്ടർ ബുക്കാനൻ

ഇൻന്ത്യയിലെത്തിയ പ്രഥമ പ്രോട്ടസ്റ്റൻറ് മിഷനറിമാരിലൊരാളാണ് റവ. ഡോ. ബുക്കാനൻ. ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കുവാനും ക്രിസ്തീയ വേദപുസ്തകം മലയാളത്തിൽ തർജ്ജമചെയ്യുവാനുമാണു മിഷനറിമാർ ആദ്യമേ ശ്രമിച്ചതു്. അന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ ബ്രിട്ടിഷ് റസിഡൻറായിരുന്ന കേണൽ ജോൺ മൺറോ ഇക്കാര്യത്തിൽ അവരെ അങ്ങേയററം പ്രോത്സാഹിപ്പിക്കുകയും ഉദാരമായി സഹായിക്കുകയും ചെയ്തിരുന്നു. അന്നു പുത്തൻകൂർ മെത്രാപ്പോലീത്തയായിരുന്ന ഒന്നാം മാർ ദിവന്നാസ്യോസും (ആറാം മാർത്തോമ്മ) ആ സംരംഭത്തെ തീർത്തും അനുകൂലിച്ചു.

1797_ൽ ഇൻഡ്യയിലെത്തിയ ഡോ. ബുക്കാനൻ 1806_ൽ തിരുവിതാംകൂറിലെത്തി. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും തൽക്കാലാവസ്ഥയും ഗ്രഹിക്കുന്നതിനായി, അന്നു് ഇന്ത്യൻ ഗവർണ്ണറായിരുന്ന വെല്ലസ്ലിപ്രഭുവാണു ബുക്കാനൻ സായ്പിനെ ഇങ്ങോട്ടയച്ചതു്.

### ബുക്കാനനും മെത്രാപ്പോലീത്തയും

കേരളത്തിലെ ക്രിസ്തീയസഭകളുടെ സ്ഥിതിവിവരങ്ങൾ അധികാരികൾക്കു റിപ്പോർട്ടു് ചെയ്തതിൽ, വേദപുസ്തകത്തിനു ഒരു മാതൃഭാഷാനുവാദമില്ലാത്തതാണു് ഇവിടത്തെ ക്രിസ്ത്യാനികളുടെ ഉൽക്കർഷത്തിനു മുഖ്യപ്രതിബന്ധമെന്നു ബുക്കാനൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്നത്തെ യാക്കോബായ മെത്രാപ്പോലീത്തയായിരുന്ന മാർ ദിവന്നാസിയോസുമായുണ്ടായ കൂടിക്കാഴ്ചയിൽ (1806) ബൈബിൾ വിവർത്തനമായിരുന്നു അദ്ദേഹത്തിൻെറ പ്രധാന സംസാരവിഷയവും. മാതൃഭാഷയിൽ ബൈബിൾ ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയും പ്രയോജനവും മാർ ദിവന്നാസിയോസിനു വിശദമാക്കിക്കൊടുത്തതിൻെറ ഫലമായി ഉടനെത്തന്നെ ഒരു പരിഭാഷയുണ്ടാക്കണമെന്ന തീരുമാനത്തിൽ അവർ എത്തിച്ചേർന്നു. രോഗിയായിരുന്ന ആ എഴുപതെട്ടുകാരൻ__മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത—തന്നെ തർജ്ജമയുടെ മേൽനോട്ടം വഹിക്കാമെന്നേററു, ബുക്കാനൻെറ താല്പര്യമനുസരിച്ച്. ഉണ്ടാകുവാൻ പോകുന്ന വിവർത്തനത്തെക്കുറിച്ചു മെത്രാപ്പോലീത്ത ഇപ്രകാരം പറഞ്ഞു: "It is a work which will illuminate these dark regions and God will give His blessing."

### വിവർത്തകന്മാർ

വേദപുസ്തകം തർജ്ജമചെയ്യാനായി, 1806_ൽ മെത്രാപ്പോലീത്ത തൻെറ വൈദികന്മാരിൽ ചിലരെ തെരഞ്ഞെടുത്തു നിയമിച്ചു. കായങ്കുളത്തുകാരനും മണങ്ങനഴിയത്തു കുടുംബാംഗവും വലിയൊരു മല്പാനുമായിരുന്ന ചേപ്പാട്ട *പീലിപ്പോസ് റമ്പാൻ* (മല്പാൻ) ആയിരുന്നു അവരിൽ പ്രമുഖൻ. ഇദ്ദേഹംതന്നെയാണു നല്ലൊരുഭാഗം തർജ്ജമ നിർവ്വഹിച്ചതു്. വിവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുവാൻ തിമ്മപ്പൻപ്പിള്ള എന്നൊരു ചെട്ടിയാരെയും ബുക്കാനൻെറ ശമ്പളത്തിൽ പീലിപ്പോസു് റമ്പാൻെറകൂടെ താമസിപ്പിച്ചിരുന്നു. 1806-ൽതന്നെ പുതിയനിയമത്തിൻെറ ഭാഷാന്തരീകരണം ആരംഭിച്ചു.

### വിവർത്തനമൂലം

സുറിയാനിഭാഷയിലുള്ള പുതിയ നിയമത്തിൻെറ രണ്ടു വിവർത്തനങ്ങളാണു് ഇന്നു യാക്കോബായ സഭയിൽ ഉപയോഗത്തിലുള്ളതു്. ഒന്നു്, പ്ശീത്ത (Psito Version); രണ്ടു്, ഹിരാക്ലിയൻ വിവർത്തനം (Heraclian Version). ഇവയിൽ പ്ശീത്തായുടെ മലയാളപരിഭാഷയാണു പീലിപ്പോസു് റമ്പാനും കൂട്ടരും സാധിച്ചതു്. മുൻപു മലയാളത്തിൽ പ്രചരിച്ചിരുന്ന വേദപുസ്തകഭാഗങ്ങളുടെ തർജ്ജമകൾ അതേപടി സ്വീകരിക്കുകയും ബാക്കിഭാഗങ്ങൾ അതിനൊപ്പിച്ചു പരിഭാഷപ്പെടുത്തുകയുമായിരുന്നു അവരുടെ പരിപാടി. സുറിയാനിയിൽനിന്നു നേരിട്ടു തർജ്ജമചെയ്യുകയും പാണ്ടിയിൽനിന്നു കൊണ്ടുവന്നിരുന്ന ഫബ്രിസ്യൂസിൻെറ തമിഴ് പരിഭാഷയുമായി (Fabricius's Tamil

Version) പിന്നിട്ട് ഒത്തുനോക്കുകയുമായിരുന്ന വിവർത്തനരീതി.

## ബോംബെയിലേയ്ക്ക്

1807_ൽ നാലു സുവിശേഷങ്ങളുടേയും ശ്ലീഹന്മാരുടെ പ്രവൃത്തി (നടപടി) കളുടെയും തർജ്ജമകൾ പൂർത്തിയായി. ഈ വേദപുസ്തകപരിഭാഷ ബുക്കാനനേയും കൂട്ടരേയും വേറൊരു പ്രശ്നത്തിലേയ്ക്കു നയിച്ചു—അച്ചടി. കൊച്ചി, അമ്പഴക്കാട്ട്, വയ്പിക്കോട്ട മുതലായ സ്ഥലങ്ങളിൽ അന്നു മുദ്രണാലയങ്ങൾ (16_ാം നൂററാണ്ടിൽ സ്ഥാപിതം) ഉണ്ടായിരുന്നെങ്കിലും മലയാളലിപികളിൽ അച്ചടി നടത്തിയിരുന്ന ഒരു പ്രസ്സും കേരളക്കരയിൽ അന്നുണ്ടായിരുന്നില്ല. ബുക്കാനൻ, തർജ്ജമയുമായി ബോംബെയിൽ ചെന്ന് അവിടത്തെ കൂറിയർ (Courier) പ്രസ്സിൽ അതു് അച്ചടിക്കുവാൻ ഏർപ്പാടു ചെയ്തശേഷം, ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോവുകയും ചെയ്തു.

കൂറിയർ പ്രസ്സിലും മലയാളാക്ഷരങ്ങൾ അന്നുണ്ടായിരുന്നില്ല. തന്മൂലം അച്ചുകൾ കൊത്തിഉണ്ടാക്കേണ്ടതായി വന്നു.[1] പ്രസ്തുത ജോലിക്കായി കണ്ടനാട്ടു പള്ളി ഇടവകക്കാരനായ കൊച്ചിട്ടി എന്നൊരു നസ്രാണിയെ ബുക്കാനൻ ബോംബെയിലേയ്ക്കു കൊണ്ടുപോയിരുന്നതാണ്. 'കമ്പേന്തി'യിലെ അക്ഷരങ്ങളോടു വളരെ സാമ്യമുള്ളവയാണ് ബോംബെയിലുണ്ടാക്കിയ അച്ചുകൾ.[2]

## അച്ചടി

ബൈബിൾ സൊസൈററി (British and Foreign Bible Society) ആണ് അച്ചടിക്കാവശ്യകമായ കടലാസ്സ് നൽകിയതു്. അച്ചടിയുടെ ആരംഭം എന്നാണെന്നു തീർത്തുപറയുക വിഷമമെങ്കിലും 1811_ൽ മുദ്രണം പൂർത്തിയായെന്നുള്ളതു തീർച്ചയാണ്. തർജ്ജമചെയ്തിട്ടുണ്ടായിരുന്ന ശ്ലീഹന്മാരുടെ പ്രവൃത്തികൾ (നടപടിപ്പുസ്തകം) അച്ചടിച്ചതായി രേഖകളൊന്നുമില്ല. 9½ ഇഞ്ചു് നീളവും 8 ഇഞ്ചു് വീതിയും 2 ഇഞ്ചു് ഘനവും 504 പേജുകളുമുള്ളതായിരുന്നു ഒന്നാമത്തെ ഈ മലയാളവേദപുസ്തകം[3]. പ്രോട്ടസ്റ്റൻറ പ്രേരണയിലാണെന്നിരുന്നാലും, വേദപുസ്തകം ആദ്യമായി ഭാഷയിൽ തർജ്ജമചെയ്തു പ്രസിദ്ധീകരിച്ചു എന്നുള്ള പ്രശസ്തിക്ക് അർഹർ യാക്കോബായക്കാർതന്നെയാണ്.

1. മലയാളലിപികളുടെ അച്ചുകൾ ഇന്ത്യയിൽ ആദ്യമായി ഉണ്ടാക്കുകയാണ്. 1686-നും 1763_നും ഇടയ്ക്കു് ഹോളണ്ടിൽ മുദ്രണംചെയ്ത Hortus Malabaricus എന്ന ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങൾ മലയാളത്തിൽ അച്ചടിക്കേണ്ടി വന്നപ്പോഴാണ് ഭാഷാലിപികളുടെ അച്ചുകൾ ഇദംപ്രഥമമായി ഉണ്ടാക്കപ്പെട്ടതു്.

2. മലയാളഭാഷയിൽ ആദ്യമായി അച്ചടിക്കപ്പെട്ട (1772, റോമായിൽ) പുസ്തകമാണ് 'സംക്ഷേപവേദാർത്ഥം.' 'കമ്പേന്തി' (=Compendium) എന്ന പേരാണ് കേരളകത്തോലിക്കർ ഈ ഗ്രന്ഥത്തിനു നൽകിയിരുന്നതു്.

3. ഇന്ത്യയിൽ ആദ്യമായി മലയാളലിപികളിൽ അച്ചടിക്കപ്പെട്ടത്ത പുസ്തകം ഇതുതന്നെയെന്നു തോന്നുന്നു.

## വിതരണം

അമ്പത്തിയഞ്ചോളം വരുന്ന സുറിയാനി (യാക്കോബായ) പള്ളികളിൽ തർജ്ജമയുടെ ഓരോ പ്രതിയെങ്കിലും അച്ചടിച്ചു കൊടുക്കണമെന്നതായിരുന്നു ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും ബുക്കാനന്റെയും പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ഏതാണ്ട് നൂറു കോപ്പികൾ മാത്രമാണ് ബോംബെയിൽ അച്ചടിപ്പിച്ചതു്. തിപ്പമ്മൻപിള്ളയുടെ മേൽനോട്ടത്തിൽ, 1811_ൽ അച്ചടി പൂർത്തിയായെങ്കിലും 1815_ലാണ് അതിന്റെ പ്രതികൾ മലയാളക്കരയിൽ വിതരണം ചെയ്യുകയുണ്ടായതു്.

## ഭാഷയുടെ വിശേഷം

പുസ്തകത്തിന്റെ മുഖപക്ഷത്തിൽ (Title page) ഇങ്ങനെ കാണുന്നു: "പുതിയ സമ്മന്ദത്തിന്റെ നമ്മുടെ കർത്താവായി രെക്ഷിക്കു യീശോമിശിഹാ__ മലയാളത്തിൽ പെർത്തത – ഒന്നാമത— ഇതിൽ യെവൻഗലിഒൻ നാലും—ബൊംബായിൽ കൊറിയർ അച്ചടിച്ച തീർത്തത__ ൧൮൧൧ ആമത."

ഈ ആദ്യപക്ഷത്തിൽനിന്നുതന്നെ ഭാഷയുടെ മേന്മ നമുക്കു മനസ്സിലാക്കാമല്ലോ. ഭാഷ സാമാന്യേന തമിഴ്മയമാണ്. ഭാഷയുടെ പ്രശ്നം മാത്രമല്ല, ലിപികളും വികൃതമായിരുന്നു. "The language of this translation was Quaint and faulty, the types bad and very little use was made of it" എന്നാണ് റവ. T. K. ബെഞ്ചമിൻ ഇതേക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു്[4]. പ്രത്യേക വൈദഗ്ദ്ധ്യം കൂടാതെ ഈ ബോംബേ ബൈബിൾ വായിക്കുകയോ മനസ്സിലാക്കുകയോ ചെയ്യാൻ നമുക്കു പ്രയാസമാണ്.

## പുതിയ തർജ്ജമകൾ

ബോംബേബൈബിൾ പരിശോധിച്ചതിൽ പല വിധത്തിലുള്ള പിശകുകളുള്ളതായി കണ്ടു. പിന്നീട്, മററു ചില വൈദികന്മാർ സുറിയാനിയിൽനിന്നു മുഴുവൻ ബൈബിളും തർജ്ജമചെയ്തു. പക്ഷേ, അതും വിജയകരമല്ലാതിരുന്നതിനാൽ പ്രസിദ്ധീകരണാർഹമായില്ല. 1813_ൽ, തിമ്മപ്പൻപിള്ള തമിഴിൽനിന്നും പുതിയനിയമം മുഴുവനും പരിഭാഷപ്പെടുത്തി. എന്നാൽ, പരിഷ്കരിക്കുന്നതിലുള്ള വൈഷമ്യം നിമിത്തം അതും പ്രസിദ്ധീകരിച്ചില്ല.

അപ്പോഴാണ് ബൈബിൾ മുഴുവന്റെയും ഒരു പരിഭാഷയുണ്ടാക്കുവാനും കോട്ടയം C. M. S. പ്രസ്സിൽനിന്നു പ്രസിദ്ധീകരിക്കുവാനും ചിലർ മുന്നോട്ടു വന്നതു്. തദനുസരണം ബെഞ്ചമിൻ ബെയിലി ഇംഗ്ലീഷിൽനിന്നും ഒരു പുതിയ പരിഭാഷ ആരംഭിച്ചു; 1829_ൽ സമ്പൂർണ്ണപുതിയനിയമം പുറത്തു വന്നു. ഇതും ഡോ. ഗു

4. T. K. BENJAMIN, Report on Malayalam Literature, 1917, p. 8.

ണ്ടർട്ടിൻെറയും മററും തർജ്ജമകളും[5] യാക്കോബായ സഭയേക്കൂടി ഉദ്ദേശിച്ചുള്ളവയായിരുന്നെങ്കിലും, അവയെല്ലാം തികഞ്ഞ പ്രോട്ടസ്റ്റൻറ വിവർത്തനങ്ങളായി കണക്കാക്കപ്പെടേണ്ടതുകൊണ്ട്, ഇവിടെ ഒന്നും പറയേണ്ടതില്ല.

## ബൈബിൾ യാക്കോബായസഭയിൽ

ബോംബേ ബൈബിൾ സമ്പൂർണ്ണമോ അവികലമോ അല്ലാതിരുന്നതിനാൽ, C. M. S. പ്രസ്സിൽനിന്നിറങ്ങിയ ബെയിലിയുടെ സമ്പൂർണ്ണബൈബിൾ, ഗുണ്ടർട്ടിൻെറ പരിഭാഷ, പിന്നീടുണ്ടായ യൂണിയൻ വേർഷൻ എന്നീ പ്രോട്ടസ്റ്റൻറ വിവർത്തനങ്ങളാണ് 19_ാം നൂററാണ്ടിൽ യാക്കോബായ സഭയിൽ ഉപയോഗത്തിലിരുന്നതു്. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബൈബിൾ സൊസൈററിയുടെ (Bible Society of India and Ceylon) ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പ്രോട്ടസ്റ്റൻറ ബൈബിൾ, യാക്കോബായ സഭാംഗങ്ങൾ ഇന്നും ധാരാളമായി ഉപയോഗിക്കുന്നുണ്ട്. മാർ ജൂലിയോസ് പ്രസ്സിൽനിന്നും (Pampakuda, Muvattupuzha) പ്രസിദ്ധീകരിച്ചിരിക്കുന്ന പെ. ബ. കോനാട്ട മല്പാനച്ചൻെറ പുതിയനിയമവിവർത്തനത്തിനും യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ പ്രചാരം സിദ്ധിച്ചുവരികയാണ്.

## മാത്തൻ കോറെപ്പിസ്ക്കോപ്പാ

പെ. ബ. കോനാട്ട മാത്തൻ (പിന്നീട് മാത്തൻ കോറെപ്പിസ്ക്കോപ്പാ) എന്ന മലങ്കരമല്പാനാണ്, പീലിപ്പോസ് റമ്പാനും പ്രഭൃതികൾക്കും ശേഷം__ഏതാണ്ട് ഒരു നൂററാണ്ടിനുശേഷം — യാക്കോബായസഭയിൽ വേദപുസ്തകവിവർത്തനോദ്യമത്തിൽ ഏർപ്പെട്ടതു്. അദ്ദേഹം ആദ്യമായി വി. മത്തായിയുടെ സുവിശേഷം മാത്രം സുറിയാനിയിൽനിന്നും തർജ്ജമചെയ്തു് 1908_ൽ പ്രസിദ്ധംചെയ്തു. പുതിയ നിയമം മുഴുവനും[6] പിന്നീട് ഭാഷാന്തരംചെയ്തെങ്കിലും അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിനു മുമ്പ് അദ്ദേഹം പരലോകപ്രാപ്തനാവുകയാണുണ്ടായതു്.

## ഫാദർ ഏബ്രഹാം കോനാട്ടു്

തുടന്ന് പെ. ബെ. കോറെപ്പിസ്ക്കോപ്പായുടെ പുത്രൻ വെ. റവ. ഫാദർ ഏബ്രഹാം കോനാട്ട് പ്രസ്തുത ജോലി ഏറെറടുത്തു. സ്വപിതാവ് നിർവഹിച്ച പരിഭാഷ മുഴുവൻ, ചില സുറിയാനിഭാഷാപണ്ഡിതന്മാരുടേയും മലയാളഭാഷാപണ്ഡിതന്മാരുടേയും സഹായത്തോടുകൂടി, അദ്ദേഹം കൂലങ്കഷമായി പരിശോധിക്കുകയും മലയാളഭാഷാസംബന്ധമായി കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുകയുമുണ്ടായി. 1936_ലാണ് ആദ്യമായി അതു് പ്രസിദ്ധീകൃതമായതു്. 1951_ൽ അതിൻെറ രണ്ടാം പതിപ്പും പ്രസിദ്ധീകൃതമായി. ഇതിൻെറ പ്രതികൾ മാർ ജൂലിയോസ് പ്രസ്സിൽ (പാമ്പാക്കുട) ഇന്നും വില്പനയ്ക്കുണ്ട്.

## ദൈവാലയങ്ങളിൽ

മുൻശതാബ്ദങ്ങളിലെന്നപോലെതന്നെ ഇന്നും യാക്കോബായ വൈദികന്മാർ ദൈവാലയത്തിൽ ഉപയോഗിക്കേണ്ടതു് സുറിയാനി ബൈബിളാണ്. വായിക്കുന്ന ഓരോ ഭാഗവും ജനങ്ങൾക്ക് ഉടനടി തർജ്ജമചെയ്തു കൊടുക്കുകയും വിശദീകരിച്ചുകൊടുക്കുകയും ചെയ്യണം —ഇതായിരുന്നു മുൻകാലങ്ങളിലെ പതിവ്. എന്നാൽ ഇന്നത്തെ വൈദികന്മാരിൽ ഭൂരിഭാഗവും സുറിയാനിയിൽ വലിയ പിടിപ്പില്ലാത്തതുകൊണ്ട് കോനാട്ട് ഏബ്രഹാം അച്ചൻെറ പു. നി. വിവർത്തനമാണ് പള്ളികളിൽ ഉപയോഗിക്കുന്നതു്. യാക്കോബായസഭയുടേതായ ഒരു പഴയനിയമവിവർത്തനം ഇതുവരെയും ഭാഷയിൽ ഉണ്ടായിട്ടില്ലെങ്കിലും ദൈവാലയങ്ങളിൽ ഡീക്കന്മാരുടെ ഉപയോഗത്തിനുള്ള ചില 'പുൾപ്പിററ് വേഷൻസ്' കാണുന്നുണ്ട്. സഭയുടെ ഔദ്യോഗികാംഗീകാരമൊന്നും ഉണ്ടായിട്ടില്ലാത്ത ഈ വിവർത്തനങ്ങൾ അപൂർണ്ണവും ഭാഗികങ്ങളുമായതിനാൽ, ഒരു വിവർത്തനമെന്ന പേരിനുതന്നെ അർഹമാകുന്നില്ല. ഏബ്രഹാമച്ചൻെറ വിവർത്തനത്തിനുതന്നെയും സഭയുടെ ഔദ്യോഗികാംഗീകാരം ഉണ്ടോ എന്നു സംശയമാണ്.

## യാക്കോബായക്കാരും കത്തോലിക്കരും

ബൈബിൾ വിവർത്തനസംരംഭത്തിലും പ്രസിദ്ധീകരണത്തിലും കത്തോലിക്കരെപ്പോലെ—ഒരുപക്ഷേ, അതിൽ കൂടുതലായി__യാക്കോബായരും പിന്നോക്കമാണെന്ന വസ്തുത സമ്മതിച്ചേ തീരു. ബൈബിൾ വായനയിലും പഠനത്തിലും, ബൈബിൾ പ്രസിദ്ധീകരണത്തിലും പ്രചരണത്തിലുമെല്ലാം പ്രോട്ടസ്റ്റൻറ സഹോദരങ്ങളുടെ മാതൃക യാക്കോബായരും കത്തോലിക്കരും സ്വീകരിക്കേണ്ടിയിരിക്കുന്നു. C. M. S. കാരുടെ തർജ്ജമ (പുതിയനിയമവും പഴയനിയമവും) ധാരാളമായി ഉപയോഗിക്കുന്ന യാക്കോബായ സഭാംഗങ്ങൾ വി. ഗ്രന്ഥപാരായണത്തിൽ കത്തോലിക്കരേക്കാൾ ഏറെ മെച്ചമാണത്രേ.

അടുത്ത ലക്കത്തിൽ:
"കത്തോലിക്കാ വിവർത്തനങ്ങൾ"

5. cfr. മേരിവിജയം, നവ. 1963 p. 384—85.

6. പു. നിയമത്തിലെ അവസാനത്തെ പുസ്തകമായ 'യോഹന്നാൻെറ വെളിപാട്' അതിൽ കാണുന്നില്ല. റോമിലെ ക്ലെമൻറ് (4-ാംപാപ്പാ—A. D. 92_101?) കൊറിന്ത്യാക്കാർക്ക് എഴുതിയ രണ്ടു ലേഖനങ്ങൾ പു. നി. ഗ്രന്ഥങ്ങളിൽ യാക്കോബായസഭ ഉൾപ്പെടുത്തുകയും ചെയ്യുന്നു. (വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ എഴുതിയ 'മതോപദേശസാരങ്ങൾ' 33-ാംപക്ഷം കാണുക.)

# അഖിലേന്ത്യാ സൊഡാലിററിദിനം

## 1964 ജനുവരി 19–ന്

**റവ. ഫാദർ ബെനാക് എസ്. ജെ., നാഷനൽ പ്രൊമോട്ടർ.**

ഇന്ത്യയിലെ മരിയാസഖ്യത്തിൻെറ ചരിത്രത്തിൽ 1964_ അവിസ്മരണീയമായ ഒരു വൎഷമായിരിക്കും. സഖ്യസ്ഥാപനത്തിൻെറ നാലാം ശതാബ്ദജൂബിലി പ്രമാണിച്ച് പ്രാദേശിക കൺവെൻഷനുകൾ പലയിടത്തും നടന്നുകൊണ്ടിരിക്കുന്നു. അതിനും പുറമെ, സാൎവ്വദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ച് ബോംബെ നഗരത്തിൽ താഴെ പറയുന്ന മഹാസമ്മേളനങ്ങളും നടക്കുന്നതാണ്.

1. അഖിലലോക സൊഡാലിററി ഫെഡറേഷൻെറ, അയ്യഞ്ചുകൊല്ലം കൂടുമ്പോഴുള്ള, പൊതുസമ്മേളനം.

2. ആദ്യത്തെ അഖിലേന്ത്യാ സൊഡാലിററി കോൺഗ്രസ്സ്.

3. അഖിലേന്ത്യാ സൊഡാലിററി ഫെഡറേഷൻെറ ആദ്യത്തെ സമ്പൂൎണ്ണസമ്മേളനം.

അഖിലേന്ത്യാ സൊഡാലിററി ഫെഡറേഷൻ ശൈശവദശയിലാണ്. എങ്കിലും അതു വളൎന്നുകൊണ്ടിരിക്കുന്നുണ്ട്. രൂപതാഫെഡറേഷനുകൾവഴിയായി വളരെയേറെ സഖ്യങ്ങൾ അതിൽ ചേൎന്നുകൊണ്ടിരിക്കയാണ്. സാൎവ്വദേശീയ ദിവ്യകാരുണ്യസമ്മേളനം പ്രമാണിച്ച് ബോംബെയിൽ ആഗതരാകുന്ന എല്ലാ സഖ്യാംഗങ്ങൾക്കും, അഖിലലോക സൊഡാലിററി കോൺഗ്രസ്സിൽ സംബന്ധിക്കാൻ വരുന്നവൎക്കും, ഇന്ത്യൻ ഫെഡറേഷൻ ആതിഥേയത്വം വഹിക്കേണ്ടിവരും. അതിനുള്ള പരിപാടികൾ തയ്യാറായിവരുന്നു. വിശദവിവരങ്ങൾ വിനാവിളംബം എല്ലാവരേയും അറിയിക്കുന്നതാണ്. അഖിലേന്ത്യാ സൊഡാലിററി കോൺഗ്രസ്സിനെ വിജയിപ്പിക്കുവാൻവേണ്ടി എന്തു സഹായം ചെയ്യാൻ കഴിയുമെന്ന് ആരായുവാൻ ഓരോ സഖ്യവും ഓരോ കമ്മിററിയെ നിശ്ചയിച്ച് പ്രവൎത്തനം ആരംഭിക്കേണ്ടതാണ്. എല്ലാ സഖ്യങ്ങളും രൂപതാഫെഡറേഷനിൽ ഉടനെ ചേരുകയും, എല്ലാ രൂപതാഫെഡറേഷനുകളും അഖിലേന്ത്യാ ഫെഡറേഷനോട് ഉടനെ സംയോജിപ്പിക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. രൂപതാപ്രൊമോട്ടർമാരും അവരുടെ കൗൺസിലുകളും ഇക്കാൎയ്യത്തിൽ ജാഗ്രതയോടെ പ്രവൎത്തിക്കേണ്ടിയിരിക്കുന്നു.

ജനുവരി 19–ാംനു-യിലെ "അഖിലേന്ത്യാ സൊഡാലിററിദിനം" വരുവാൻപോകുന്ന ഈ മഹാസമ്മേളനങ്ങൾക്കുള്ള ഒരു തയ്യാറെടുപ്പുകൂടിയായിരിക്കണം. അതുകൊണ്ട്, അന്ന് പ്രത്യേകം ചിന്താവിഷയമാക്കേണ്ട കാൎയ്യങ്ങൾ:_

1. സൊഡാലിററിയെ "ബിസ് സെക്കുലാരി"യിലെ മാനദണ്ഡങ്ങളോട് അനുരൂപമാക്കുക.

2. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ നിയമം അനുസരിച്ചുള്ള നിഷ്കൎഷ പാലിക്കുക.

3. അവരുടെ രൂപീകരണത്തിനും പരിശീലനത്തിനും ഒരു പരിപാടി തയ്യാറാക്കുക.

അങ്ങനെ, അവരുടെ പ്രതിഷ്ഠാകൎമ്മം അന്വൎത്ഥമാകുന്നതിനും സൊഡാലിററിയുടെ ചൈതന്യം നവീകരിക്കപ്പെടുന്നതിനും ഇടവരുന്നതാണ്.

കേരളം, തമിഴ്നാട്, ബീഹാർ, ബംഗാൾ, ബാങ്ഗ്ളൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഡയറക്ടർമാൎക്കുള്ള പഠനവാരവും സഖ്യാംഗങ്ങൾക്കുള്ള സമ്മർ ക്ലാസ്സുകളും സംഘടിപ്പിക്കുന്നതാണ്. മെയ്മാസത്തിൽ നടത്തുവാനുദ്ദേശിക്കുന്ന കേരളത്തിലെ പഠനവാരത്തിനു മുമ്പായി പ്രാദേശിക പ്രൊമോട്ടർമാരുടെ വാൎഷിക കൺവെൻഷനും നടത്തപ്പെടുന്നതാണ്. ഇതിനും പുറമെ, ബോംബെയിലെ സൊഡാലിററി ഹൗസിൽവെച്ച് സഖ്യാംഗങ്ങൾക്കായി പ്രത്യേക പരിശീലനക്ലാസ്സുകൾ നടത്തുന്നതായിരിക്കും. അവൎക്ക്, പിന്നീട്, സ്വന്തം സ്ഥലങ്ങളിൽ ചെന്ന് മരിയാസഖ്യത്തെക്കുറിച്ച് പ്രസംഗിക്കുവാനും, ക്ലാസ്സുകളെടുക്കുവാനും, മീററിംഗുകൾ നടത്തുവാനും അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനമായിരിക്കും അവൎക്കവിടെ ലഭിക്കുക.



*നിത്യസഹായമാതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.*

T. J.

ഫാദർ ഹെമ്മൻ O. F. M. Cap.

# കപ്പൂച്ചിൻസഭ

## "ആരാ നിങ്ങടെ നേതാവു്?"

ലെനിൻ സമ്മതിച്ചു, "ഞാൻ റഷ്യയ്ക്കു കൊടുക്കേണ്ടിയിരുന്നതു് കമ്മ്യൂണിസമല്ലായിരുന്നു, പിന്നെയോ, ഒരു ഡസൻ ഫ്രാൻസീസ് അസ്സീസിമാരെയായിരുന്നു." ഒന്നാം ലോകമഹായുദ്ധത്തിൽ നേതൃത്വംവഹിച്ച ക്ലെമെൻസോ പ്രസ്താവിക്കുകയാണു്, "ഫ്രാൻസീസിന്റെ ഒരു തുള്ളി രക്തമെങ്കിലും ഓരോ ക്രിസ്ത്യാനിയുടെയും സിരകളിൽ ഉണ്ടായിരുന്നെങ്കിൽ ലോകം നന്നാകുമായിരുന്നു." തിരുസ്സഭാപാലകനായ ലെയോ മാർപ്പാപ്പാ XIII-ാമൻ എഴുതി "ആധുനികലോകത്തിന്റെ മുക്തി ഫ്രാൻസീസിന്റെ ചൈതന്യത്തിലൂടെയാണെന്നാണു് എന്റെ ബോദ്ധ്യം." ഇന്നത്തെ ലോകത്തിനത്യന്താപേക്ഷിതനായ ഒരാദർശപുരുഷൻ, ഫ്രാൻസീസ് ഞങ്ങടെ നേതാവു്!

XII-ാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഇന്നത്തെ ലോകത്തിനാവശ്യം ഫ്രാൻസീസിനെപ്പോലുള്ള അപ്പസ്തോലന്മാരെയാണു്". XXIII-ാം യോഹന്നാൻ മാർപ്പാപ്പാ പറയുന്നു, "ഇന്നത്തെ ലോകത്തിലേയ്ക്കു് ഫ്രാൻസീസ് ഒന്നുകൂടി വരേണ്ടതുണ്ടു്, അദ്ദേഹത്തിന്റെ അനുയായികളിൽക്കൂടി."

ലോകപ്രശസ്തനായ പണ്ഡിററ് നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധിച്ചാലും: "ക്രിസ്തുമതത്തിലുണ്ടായിട്ടുള്ള ഏററം സമാകർഷണീയരായ വ്യക്തികളിൽ ഒരാളാണു് അസ്സീസിയിലെ ഫ്രാൻസീസ്." ബോസ്റ്റൺ മെത്രാപ്പോലീത്താ, കർദ്ദിനാൾ കുഷീംഗ് ഉൽബോധിപ്പിക്കുന്നു, "മാനവചരിത്രത്തിലെ പടനായകന്മാരും സീസറന്മാരും വശീകരിച്ചിട്ടുള്ളതിനേക്കാൾ വളരെയേറെ ആളുകളെ അസ്സീസിയിലെ ഫ്രാൻസീസിന്റെ വ്യക്തിവിലാസം വശീകരിച്ചിരിക്കുകയാണു്. അദ്ദേഹത്തിന്റെ ദാരിദ്ര്യം ലക്ഷങ്ങളെ ധന്യരാക്കി; അദ്ദേഹത്തിന്റെ ലളിതജീവിതം പതിനായിരങ്ങൾക്കു് പ്രകാശമായിത്തീർന്നു; 1182 മുതൽ 1226 വരെ മാത്രം നീണ്ടുനിന്ന ആ ഹ്രസ്വജീവിതത്തിന്റെ വശ്യശക്തി സ്ഥലത്തേയും സമയത്തേയും അതിജീവിച്ചുകൊണ്ടു് ഇന്നും തുടരുകയാണു്." ഈ മഹാനായകനാണു്, XI-ാംപീയൂസ് മാർപ്പാപ്പായിൽനിന്നു് രണ്ടാംക്രിസ്തു എന്ന സ്ഥാനപ്പേരു ലഭിച്ച ഫ്രാൻസീസ് അസ്സീസിയാണു് ഞങ്ങടെ നേതാവു്.

ഇററലിയിൽ അസ്സീസി പട്ടണത്തിലെ മികച്ച തുണിക്കച്ചവടക്കാരൻ, പീയത്രോ ബർന്നർഡോണെയുടെ മകനായിരുന്നു. പ്രതിഭാശാലിയും, ഉല്ലാസപ്രിയനും, പണച്ചാക്കുമായിരുന്നതുകൊണ്ടു്, പട്ടണത്തിലെ യുവനേതാവെന്ന സ്ഥാനത്തേയ്ക്കു് വളരെയെളുപ്പം അദ്ദേഹം ഉയർന്നു. ആഡംബരപ്രേമവും ഉൽക്കർഷേച്ഛയും പലപല ധീരകൃത്യങ്ങൾക്കും ഫ്രാൻസീസിനെ തയാറാക്കി. ഒരു ധീരസേനാനായകനും മാടമ്പിയുമാകുവാൻ അദ്ദേഹം ബ്രിയന്നിലെ വാൾട്ടർ പ്രഭുവിന്റെ കൂടെ യുദ്ധരംഗത്തേയ്ക്കു് ഇറങ്ങിപ്പുറപ്പെട്ടു. നെടിയ ഒരു യാത്രയ്ക്കുശേഷം അല്പം വിശ്രമിച്ചുകൊണ്ടിരുന്നപ്പോഴിതാ, ഒരു ദിവ്യസ്വരം! "ഫ്രാൻസീസ്, ഫ്രാൻസിസ്, യജമാനനു സേവനംചെയ്യുന്നതോ, ഭൃത്യനു സേവനം ചെയ്യുന്നതോ, ഏതാണു് മെച്ചം?" "തീർച്ചയായും യജമാനനു സേവനംചെയ്യുന്നതാണു് മെച്ചം," ഫ്രാൻസീസ് നിസ്സന്ദേഹം സമ്മതിച്ചു. "എങ്കിൽ, നീ എന്തിനു് ഭൃത്യന്റെ സേവകനാകാൻ പോകുന്നു?" ആ അശരീരിവാക്യം തുടർന്നുചോദിച്ചു. ഉത്തരം മുട്ടിയ ഫ്രാൻസീസ് "നാഥാ, ഞാനെന്തു ചെയ്യണമെന്നാണു് അവിടത്തെ അഭിലാഷം?" എന്നായി. "വീട്ടിലേയ്ക്കു മടങ്ങുക. എന്താണു ചെയ്യേണ്ടതെന്നു് അവിടെ അറിയിക്കാം." ആ ദിവ്യസ്വരം സുസ്പഷ്ടമായിരുന്നു. ഫ്രാൻസീസ് വീട്ടിലേയ്ക്കു തിരിച്ചു. ഗംഭീരമായ യാത്രയയപ്പും സ്വീകരിച്ച് ഇറങ്ങിപ്പുറപ്പെട്ട തനിക്കു് തിരിച്ചുചെന്നാൽ ഉണ്ടാകുവുന്ന വരുംവരായ്കകൾ അദ്ദേഹത്തെ ആകാംഷാഭരിതനാക്കിയെങ്കിലും, ആ ദിവ്യപ്രചോദനം നിരസിക്കുവാൻ അദ്ദേഹം മുതിർന്നില്ല.

പ്രാർത്ഥനാനിരതനായ ഫ്രാൻസീസ് സാവധാനം സകലതും ഗ്രഹിച്ചുതുടങ്ങി. "ദൈവം മാത്രമാണു് യജമാനൻ. ലോകവസ്തുക്കൾ_പണവും പ്രതാപവും_എല്ലാം ഭൃത്യരാണു്. ദൈവസേവനമാണു് യഥാർത്ഥമാഹാത്മ്യം." പ്രാർത്ഥനയിൽ ദൈവഹിതം ആരാഞ്ഞുകൊണ്ടിരുന്ന ഫ്രാൻസീസ് സുവിശേഷം തുറന്നുനോക്കിയപ്പോൾ കണ്ടതു് പരിത്യാഗവും, പരോപകാരവും, സുവിശേഷപ്രഖ്യാപനവും പ്രോത്സാഹിപ്പിക്കുന്ന ഭാഗങ്ങളായിരുന്നു. ഈ വെളിച്ചത്തിൽ ഫ്രാൻസീസ് തന്റെ പുതിയ ജീവിതപരിപാടി സമാരംഭിച്ചു.

കുരിശുരൂപത്തിൽനിന്നു് അദ്ദേഹത്തിനു് ഒരു സന്ദേശം ഉണ്ടായി: "ഇടിഞ്ഞുപൊളിഞ്ഞുവീഴുന്ന എന്റെ ഭവനം പുതുക്കിപ്പണിയുക." മിശിഹാനാഥന്റെ ആസ്ഥാനമായ തിരുസ്സഭ അന്നു് ഏതാണ്ടു് ഇടിഞ്ഞു

പൊളിഞ്ഞു വീഴുന്ന പരുവത്തിലായിരുന്നു. ക്രിസ്തീയ ജീവിതം നാടാകെ മന്ദീഭവിച്ചിരുന്നു. പണവും പ്രതാപവും മാത്രം ആളുകൾ തേടി. ഉള്ളവരും ഇല്ലാത്തവരും തമ്മിൽ ഉഗ്രശത്രുക്കളായി മാറി. ഇങ്ങനെ സഭയും സമുദായവും ഏതാണ്ട് ഇടിഞ്ഞുപൊളിഞ്ഞുകൊണ്ടിരുന്നപ്പോൾ ഇവയെല്ലാം സമുദ്ധരിക്കാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട നേതാവാണ് ഫ്രാൻസീസ്.

ഗംഭീരമായ ഈ പരിപാടി വിജയിപ്പിക്കുവാൻ ഫ്രാൻസീസ് സ്വീകരിച്ച മാർഗ്ഗം "പുറംതള്ളപ്പെട്ട സുവിശേഷമൂല്യങ്ങൾ പുനരുദ്ധരിക്കുക, സുവിശേഷജീവിതം പുനഃസ്ഥാപിക്കുക, ഈശോനാഥനെ അനുകരിക്കുക," ഇതായിരുന്നു. ഫ്രാൻസീസും സഹോദരങ്ങളും തനി സുവിശേഷജീവിതം നയിച്ചുകൊണ്ട് നാട്ടിലെങ്ങും ഈ വിശിഷ്ടജീവിതത്തിന്റെ പ്രഭ വീശുവാൻ തുടങ്ങി; മറുനാട്ടിൽ സുവിശേഷസത്യങ്ങൾ പ്രഖ്യാപനം ചെയ്യുവാനും.



അസ്സീസിയിലെ വി. ഫ്രാൻസിസ്

ദൈവസേവനനിരതമായ ജീവിതം അവശ്യം മിശിഹാനുകരണമായതുകൊണ്ട് എല്ലാ കാര്യത്തിലും മിശിഹാനാഥനെ അനുകരിക്കുന്നതിൽ അദ്ദേഹം അത്യുത്സുകനായി. സർവ്വസമ്പന്നനും സർവ്വലോകനിയന്താവുമായ ക്രിസ്തുനാഥൻ നിർദ്ധനനായി, നിസ്സഹായനായി, കാലിത്തൊഴുത്തിൽ പിറന്നതും, കൂലിപ്പണികൊണ്ട് കാലം കഴിച്ചതും, കഴുമരത്തിൽ ക്രൂരമരണം പ്രാപിച്ചതും കണ്ട്, ഈ ദിവ്യരക്ഷകന്റെ ദരിദ്രജീവിതം അനുകരിക്കുവാൻ ഫ്രാൻസീസ് ദാരിദ്ര്യവ്രതം സ്വീകരിച്ചു. ജഡികമോഹം നിയന്ത്രിക്കുവാൻ ചാരിത്ര്യവ്രതവും അധികാരക്കൊതി നിയന്ത്രിക്കുവാൻ അനുസരണവ്രതവും ഏറ്റെടുത്തു. സുവിശേഷാസ്പദമായ മിശിഹാനുകരണജീവിതത്തിനാരംഭമിട്ടു. ഫലമോ? ക്രിസ്തുനാഥന്റെ തനിഛായയായി; 13-ാം നൂറ്റാണ്ടിലെ ക്രിസ്തു; രണ്ടാംക്രിസ്തു എന്നീ സ്ഥാനപ്പേരുകൾക്കർഹനായി.

ഫ്രാൻസിസിന്റെ മിശിഹാനുകരണജീവിതം ഒരു വലിയ വിജയമായിരുന്നു. മിശിഹാനാഥൻ തന്നെ അതു് സാക്ഷിച്ചു, തന്റെ പഞ്ചക്ഷതങ്ങൾ ഫ്രാൻസിസിനു് വിജയമുദ്രയായി നൽകിക്കൊണ്ട്. അങ്ങനെ ഫ്രാൻസിസ് തന്റെ തനിഛായയായി തീർന്നിരിക്കുന്നുവെന്ന് ലോകത്തെ അറിയിച്ചു.

അന്ധകാരത്തിന്റെ പിടിയിൽ അമർന്നുതുടങ്ങിയ ലോകം, ഫ്രാൻസിസിൽ ലോകത്തിന്റെ പ്രകാശമായ മിശിഹാനാഥന്റെ പ്രകാശം തിളങ്ങുന്നതു കണ്ടപ്പോൾ, അദ്ദേഹത്തിന്റെ പിറകിൽ അണിനിരന്നു. അനീതിയുടെയും അത്യാഗ്രഹത്തിന്റെയും മാർഗ്ഗത്തിൽനിന്നു് നീതിയുടെയും സൗഹാർദ്ദതയുടെയും വഴിയേ ഇറങ്ങിത്തിരിച്ചു. ആദർശപ്രേമികളായ അനേകായിരം യുവതീയുവാക്കൾ ഒന്നും രണ്ടും മൂന്നും സഭകളിലായി ഫ്രാൻസിസിനെ അനുകരിച്ചൊരു ജീവിതം ആരംഭിച്ചു.

സകലരെയും സ്വസഹോദരീസഹോദരന്മാരെപ്പോലെ ഫ്രാൻസിസ് സ്നേഹിച്ചിരുന്നു. സ്വർഗ്ഗീയതാതന്റെ കുഞ്ഞോമനമക്കളല്ലേ മനുഷ്യരെല്ലാം! രോഗികളോടും അനാഥരോടും തനിക്കുണ്ടായിരുന്ന സഹോദരമനോഭാവം അനുകമ്പയുടെയും സേവനത്തിന്റെയും രൂപംകൊണ്ടു. ദുർഗ്ഗന്ധം വമിക്കുന്ന അവരുടെ വ്രണങ്ങൾ കഴുകി ചുംബിച്ചുപോലും അവരെ പരിചരിച്ചു. സമൂഹത്തിൽനിന്നും ബഹിഷ്കൃതരായ കുഷ്ഠരോഗികളോട് അദ്ദേഹത്തിനു് അതീവസ്നേഹവും താല്പര്യവുമുണ്ടായിരുന്നു.

ദൈവസൃഷ്ടികളായ സകലതും – ചെടികളും പൂക്കളും, തീയും വെള്ളവും, പക്ഷിയും പറവകളും, ചെന്നായും കാട്ടുമൃഗങ്ങളും, എന്നുവേണ്ട സകല ചരാചരങ്ങളും അദ്ദേഹത്തിനു സഹോദരനും സഹോദരിയുമായിരുന്നു. ഫ്രാൻസീസിന്റെ "സർവ്വസാഹോദര്യവും" കവിഹൃദയവും, ആദർശസമ്പന്നമായ ജീവിതവും ജാതിമതഭേദമെന്യേ സകലരേയും സമാകർഷിക്കുന്നു. അസ്സീസിയുടെ കാല്പാടുകളിലൂടെ അനേകം അക്രൈസ്തവർ ഇന്നും സത്യദൈവത്തെ സമീപിക്കുന്നു. സുപ്രസിദ്ധ ഇംഗ്ലീഷു സാഹിത്യകാരൻ ജി. കെ. ചെസ്റ്റർട്ടണും, കേരളക്കരയിൽ ഒരു കോളിളക്കം ഉണ്ടാക്കിയ പ്രൊഫസർ പാററർ റെഡ്ഡിയും ഇതിനു് രണ്ടുദാഹരണങ്ങൾ മാത്രമാണ്. ഗുബിയോയിലെ ക്രൂരനായ ചെന്നായെപ്പോലുള്ള അനേകം ക്രൂരമനുഷ്യരെ ഇന്നും ഫ്രാൻസീസ് സൗമ്യരായ ആട്ടിൻകുട്ടികളെപ്പോലെയാക്കുന്നു. ആയിരങ്ങളെ ഇന്നും മാഹാത്മ്യത്തിന്റെ മകുടം ചൂടിക്കുന്നു.

ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളിൽ അസ്സീസിയിലെ ആ സ്നേഹഗായകൻ പാടുകയായിരുന്നു. പിതാവിന്റെ വേർപാടു ഭയന്നു് രോഗശയ്യയ്ക്കു ചുററും നില്ക്കുന്ന സഹോദരങ്ങൾ കണ്ണുനീർ പൊഴിക്കുന്നു; പക്ഷെ ഫ്രാൻസീസ് സഹോദരി മരണത്തെ സ്വാഗതം ചെയ്യുവാൻ ഒരു പാട്ട് രചിക്കുകയാണ്. സുധീരം സകലതും ഉപേക്ഷിച്ച് ദൈവസേവനത്തിനിറങ്ങിപ്പുറപ്പെട്ട ഫ്രാൻസിസ്, നിത്യപിതാവിന്റെ ഭവനത്തി

ലേയ്ക്കു് പാട്ടുംപാടി യാത്രയാകുകയാണു്. വിശ്വസാഹോദര്യത്തിന്റെ സ്നേഹസന്ദേശവുമായി ലോകമാകെ പാടിപ്പറന്നുനടന്ന ആ സ്നേഹഗായകൻ, ദിവ്യസ്നേഹത്തിന്റെ മധുരഗാനം ആലപിച്ചുകൊണ്ടു് ഭൂമുഖത്തുനിന്നു പറന്നകലുകയാണു്. പാട്ടു പാടി ധീരമരണം പ്രാപിച്ച വി. ഫ്രാൻസീസാണു് ഞങ്ങടെ നേതാവു്.

"രണ്ടാം ക്രിസ്തു"വിന്റെ മഹനീയാദർശം 20-ാം നൂറ്റാണ്ടിലും തുടർന്നുകൊണ്ടു പോരുന്നവരാണു് കപ്പൂച്ചിൻ സഭാംഗങ്ങൾ. ഫ്രാൻസിസ്കൻ ഒന്നാംസഭയുടെ ഒരു വിഭാഗത്തിന്റെ ഈ പേരിനു പുറകിൽ രസാവഹമായ ഒരു സംഭവമുണ്ടു്. സഭാംഗങ്ങളുടെ ശിരോവസ്ത്രം (capuce-കപ്പൂസ്) നാട്ടിലെ കുട്ടികളെ സമാകർഷിച്ചു. സഹോദരങ്ങളെ കാണുമ്പോൾ കുട്ടികൾ ഓടിക്കൂടും, "കപ്പൂച്ചിൻ കപ്പൂച്ചിൻ" എന്നാർപ്പുവിളിക്കും. അങ്ങനെ പിഞ്ചുകുഞ്ഞുങ്ങളുടെ അധരങ്ങൾ ആരംഭമിട്ട പേരുതന്നെയാണു് ഇന്നും ഞങ്ങൾക്കുള്ളതു്.

"വി. ഫ്രാൻസീസിനെ അടുത്തനുകരിക്കുകയാണു് കപ്പൂച്ചിൻ സഭാംഗങ്ങളുടെ ലക്ഷ്യം." പുണ്യശ്ലോകനായ X-ാം പീയൂസിന്റെ വാക്കുകളാണിവ. ഞങ്ങളുടെ ഭരണഘടന പരിശോധിച്ചു് അംഗീകരിച്ച വി. അഞ്ചാം പീയൂസിന്റെ വാക്കുകൾ ശ്രദ്ധേയമത്രെ: "ഇതു് യഥാർത്ഥത്തിൽ പരിശുദ്ധാത്മാവു് എഴുതിയതാണു്. ഇതു് യഥാവിധി പാലിക്കുന്നവരെ വിശുദ്ധരെന്നു് നാമകരണം ചെയ്യാം." ഇന്നു ലോകത്തിൽ 48,000 സന്യാസികൾ ഫ്രാൻസിസ്കൻ ഒന്നാം സഭയിലുണ്ടു്. അവരിൽ കപ്പൂച്ചിൻ ഭരണഘടന സംവിധാനംചെയ്യുന്ന ക്രിസ്താനുകരണജീവിതം നയിക്കുന്ന ഒരു ഫ്രാൻസിസ്കനാണു് കപ്പൂച്ചിൻ.

തന്റെ ജീവിതസായാഹ്നത്തിൽ ഫ്രാൻസീസിനു് ഒരു ദർശനം ഉണ്ടായി. അദ്ദേഹം അതു് വിശദീകരിക്കുകയാണു്: "നമ്മുടെ ചെറുഗണം വർദ്ധിച്ചു് ലോകമെങ്ങും വ്യാപിക്കുമെന്നു് ദിവ്യനാഥൻ എനിക്കു കാണിച്ചുതന്നു. നമ്മുടെകൂടെ ചേരുവാൻ വരുന്ന ഒരു വലിയ ജനസഞ്ചയത്തെ ഞാൻ കണ്ടു. നമ്മുടെ സഭാവസ്ത്രമണിഞ്ഞു്, നമ്മുടെ സഭാനിയമങ്ങൾ പാലിച്ചു്, ജീവിക്കാനാഗ്രഹിക്കുന്ന ഒരു ജനവ്യൂഹം. അനുസരണയുടെ താളമൊപ്പിച്ചു് നടക്കുന്ന അവരുടെ കാലടികൾ ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുകയാണു്. ഫ്രാൻസുകാരും, ജർമ്മൻകാരും, സ്പെയിൻകാരും, ഇംഗ്ലീഷുകാരും മാത്രമല്ല, എല്ലാ ഭാഷക്കാരും ഉൾക്കൊള്ളുന്ന ഒരു വലിയ ജനതതി നടന്നടുക്കുന്നതായി ഞാൻ കണ്ടു." ഈ വരികൾ വായിക്കുന്ന സുഹൃത്തിനേയും ഫ്രാൻസീസ് അന്നു കണ്ടിരുന്നോ?

"ആരാ നിങ്ങടെ നേതാവു്?"

"ഫ്രാൻസീസ് നിങ്ങടെ നേതാവോ?"

(തുടരും)

## ★ ഒരു വെല്ലുവിളി ★

ഒരിക്കൽ "Paix et Liberte" എന്ന ഫ്രഞ്ചു കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണത്തിൽ ഇങ്ങനെ എഴുതിയിരുന്നു: "മാർക്സിസ്റ്റ് വീക്ഷണത്തേക്കാൾ സമുദായനവീകരണത്തിനു കൂടുതൽ ശക്തിമത്തായ ആയുധമാണു് ക്രിസ്തുവിന്റെ സുവിശേഷം. എങ്കിലും അവസാനം ഞങ്ങളാണു് നിങ്ങളെ ജയിച്ചടക്കുക. ഞങ്ങളുടെ എണ്ണം അംഗുലീപരിമിതവും, നിങ്ങളോ ലക്ഷോപലക്ഷവുമാണു്. ഗെദെയോനേയും മുന്നൂറു കൂട്ടുകാരേയും പററി ഒന്നു ചിന്തിച്ചുനോക്കുക. അപ്പോൾ കാണാം ഞങ്ങൾ പറയുന്നതു ശരിയാണെന്നു്. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ വാക്കുകൾകൊണ്ടു കളിക്കുന്നവരല്ല. ഞങ്ങൾ യാഥാർത്ഥ്യത്തിൽ വിശ്വസിക്കുന്നവരും ലക്ഷ്യം പ്രാപിക്കാൻ ദൃഢനിശ്ചയംചെയ്തിട്ടുള്ളവരും ആകയാൽ ആവശ്യം വേണ്ട ഉപാധികൾ കണ്ടെത്താനും ഞങ്ങൾക്കു് അറിയാം. ഞങ്ങളുടെ ശമ്പളത്തിലും കൂലിയിലും നിന്നു് അത്യാവശ്യം വേണ്ടതുമാത്രം എടുത്തു് ബാക്കി പാർട്ടിപ്രചരണവേലയ്ക്കു ഞങ്ങൾ ത്യജിക്കുന്നു. ഒഴിവുസമയവും അവധിക്കാലത്തിൽ ഒരു ഭാഗവും പ്രചരണത്തിനായിത്തന്നെ ഞങ്ങൾ വിനിയോഗിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനു കുറച്ചു സമയംമാത്രം നിങ്ങൾ ചെലവാക്കുന്നു. പണം ചെലവാക്കുന്നതു ദുർല്ലഭവും. നിങ്ങൾ സുവിശേഷം അഭ്യസിക്കുന്നില്ലെങ്കിൽ, നിങ്ങൾ അതു പ്രചരിപ്പിക്കുന്നില്ലെങ്കിൽ, അതിനുവേണ്ടി നിങ്ങളുടെ സമയമോ പണമോ നിങ്ങൾ പരിത്യജിക്കുന്നില്ലെങ്കിൽ, സർവ്വത്തെയും അതിലംഘിക്കുന്ന അതിന്റെ വിലയിൽ ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുന്നതെങ്ങനെ? എന്നെ വിശ്വസിക്കുക. ഞങ്ങളാണു് വിജയിക്കുക. കാരണം, ഞങ്ങൾ കമ്മ്യൂണിസ്റ്റു് സുവിശേഷത്തിൽ വിശ്വസിക്കുന്നു. സാമുദായികനീതി വിജയിപ്പിക്കുന്നതിനുവേണ്ടി സർവ്വവും – ജീവൻപോലും — ബലികഴിക്കാൻ ഞങ്ങൾ സന്നദ്ധരാണു്. നിങ്ങൾ നിങ്ങളുടെ കരങ്ങൾ മലിനമാക്കാൻ ഭയപ്പെടുന്നവരല്ലേ?"

ദൈവദാസൻ ബ. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ മദ്ധ്യസ്ഥതാൽ ഞങ്ങൾക്കു് പരീക്ഷയിൻ വിജയം ലഭിച്ചതിനു് ഉപകാരസ്മരണ.

— വിനീതവിദ്യാർത്ഥിനികൾ

### ഉപകാരസ്മരണ

*നിത്യസഹായമാതാവിന്റെ സഹായത്താൽ എന്റെ സുഖക്കേടു മാറിയതിനു് ഉപകാരസ്മരണ.* —മേരി ഡേവിസ്, ചേലക്കോട്ടുകര

# ഫാദർ ഔറേലിയൻ ഒ. സി. ഡി.

*(4_ാംപേജിൽനിന്നു് തുടർച്ച)*

ഫാദർ ജോൺ ജോസഫ് കട്ടായം പറഞ്ഞു, ഫാദർ ഔറേലിയനെ വിട്ടുകൊടുക്കുവാൻ തരപ്പെടുകയില്ലെന്നു്. അത്രമാത്രം വിലപ്പെട്ടതായിരുന്നു ഫാദർ ഔറേലിയന്റെ സാന്നിദ്ധ്യവും സേവനവും.

1934_ൽ ആദ്ധ്യാത്മികഗുരുവിന്റെ സ്ഥാനത്തുനിന്നു് വൈസ് റെക്ടറായി അദ്ദേഹം ഉയർത്തപ്പെട്ടു. ഫാ. ജോൺ ജോസഫിന്റെ മരണത്തെത്തുടന്നു് 1944 നവംബർ 14-ാംനു- റെക്ടർസ്ഥാനവും അദ്ദേഹത്തിൽ നിക്ഷിപ്തമായി. ഇൻഡ്യയിൽ വൈദികന്മാരുടെ ഒരു തലമുറ മുഴുവനും അദ്ദേഹത്തെ പിതൃതുല്യം സ്മരിക്കും. 1951_ൽ വെഞ്ചരിക്കപ്പെട്ട മംഗലപ്പുഴ സെമ്മിനാരി കപ്പേളയും 1955_ൽ ഉൽഘാടനംചെയ്യപ്പെട്ട കർമ്മലഗിരി സെമ്മിനാരിയും ഫാ. ഔറേലിയന്റെ കരിങ്കല്ലിൽ കൊത്തിയ നിത്യസ്മാരകങ്ങളായിരിക്കും. ഇതിനിടയ്ക്കു് അദ്ദേഹം പല തവണ ആശിച്ചപേക്ഷിക്കുകയുണ്ടായി റെക്ടർസ്ഥാനത്തുനിന്നു തന്നെ ഒഴിവാക്കണമെന്നു്. 1956_ൽ തിരുസിംഹാസനം അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ചു് 'ഓണററി റെക്ടർ'സ്ഥാനം നൽകി അദ്ദേഹത്തെ ഒഴിവാക്കി. പക്ഷെ, ദൈവപരിപാലനയിൽ അദ്ദേഹത്തിനു വിശ്രമത്തിനു സമയമായിട്ടില്ലായിരുന്നു; അദ്ദേഹത്തിന്നു് അതിനാഗ്രഹവുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ഉത്തമസുഹൃത്തു് ഫാദർ സഖറിയാസ് ഒ. സി. ഡി. മരിച്ചപ്പോൾ (1957) ഫാ. ഔറേലിയനു തത്വശാസ്ത്രവിഭാഗത്തിന്റെ സുപ്പീരിയറായി ജോലിനോക്കേണ്ടിവന്നു. മരണംവരെ ആ ജോലിയിൽ അദ്ദേഹം തുടരുകയും ചെയ്തു. മരണത്തിനു് അല്പം മുമ്പുപോലും തനിക്കു ചെയ്തുതീർക്കേണ്ട ജോലികളിൽ അദ്ദേഹം താല്പര്യം — ഉൽക്കണ്ഠയല്ല — പ്രകടിപ്പിച്ചിരുന്നു. പുഞ്ചിരിയോടുകൂടിയ സേവനം! അതിന്റെ അപ്പസ്തോലനായിരുന്നു, ഫാദർ ഔറേലിയൻ.

*സെമ്മിനാരിക്കു പുറത്തു്:* — മിഷൻ ചൈതന്യമുററ, ആത്മദാഹം തിങ്ങിയ ആ മിഷ്യനറിയുടെ പ്രവത്തനരംഗം സെമ്മിനാരി മതിൽക്കെട്ടിനുള്ളിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ലായിരുന്നു. 1928-ൽ ഫാദർ ഔറേലിയൻ വൈദികന്മാരുടെ ദിവ്യകാരുണ്യസഖ്യത്തിന്റെ നാഷണൽ ഡിറക്ടറായി. 1945വരെ ആ സ്ഥാനത്തു തുടരുകയും ചെയ്തു. അക്കാലത്തു് സഖ്യത്തിന്റെ ഔദ്യോഗികജിഹ്വ (Eucharist & Priest) യുടെ പത്രാധിപരും അദ്ദേഹംതന്നെയായിരുന്നു. നാഷണൽ ഡിറക്ടർ എന്ന നിലയിൽ, രണ്ടു ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ — 1931_ൽ ഗോവയിൽ കൂടിയ അഞ്ചാം കോൺഗ്രസ്സ്, 1937-ൽ മദ്രാസ്സിൽ സമ്മേളിച്ച ആറാം കോൺഗ്രസ്സ് — സംഘടിപ്പിക്കാനും വിജയിപ്പിക്കാനും ഫാദർ ഔറേലിയനു കഴിഞ്ഞു. അവയുടെ സംഘാടകനും സെക്രട്ടറിയുമായിരുന്ന ഫാദർ ഔറേലിയനു തിരുസിംഹാസനം ഒരു ബഹുമതിമുദ്ര നല്കി — 'Pro Ecclesia et Pontifice'. റെക്ടറായിരുന്ന സമയത്തു് 1954 ഡിസംബർ 4_ാംനു- സ്പാനിഷ് ഗവണ്മെൻറും അദ്ദേഹത്തിനു് ഒരു കീർത്തിമുദ്ര നല്കി- ('S. Raimund Penafert'- മററു രാജ്യങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു ഗണനീയമായ സേവനം അനുഷ്ഠിക്കുന്ന സ്പെയിൻകാക്കാണു് ഇതു നല്കപ്പെടുക.) റെക്ടർ സ്ഥാനത്തു നിന്നു് ഒഴിവു കിട്ടി അധികം കഴിയും മുമ്പു് റോമിലെ അധികാരികൾ അദ്ദേഹത്തെ ഇൻഡ്യൻ കമ്മലീത്തക്കാരുടെ 'ഡെലഗേററ് ജനറൽ' ആക്കി.

*ഇൻഡ്യൻ പൗരൻ:* 1952 ഫെബ്രുവരി 4_ാംനു- ഫാദർ ഔറേലിയൻ ഇൻഡ്യൻ പൗരത്വം സ്വീകരിച്ചു. അദ്ദേഹം ഇൻഡ്യൻ മണ്ണിൽ കാലു കുത്തിയിട്ടു്, ഇൻഡ്യയുടെ വികാരങ്ങളുമായി അലിഞ്ഞുചേന്നിട്ടു് അന്നേയ്ക്കു 40 കൊല്ലം കഴിഞ്ഞിരുന്നു. അതിനു മുമ്പോ അതു കഴിഞ്ഞോ അദ്ദേഹം ഒരിക്കലും ഇൻഡ്യൻ മണ്ണിൽനിന്നു പുറത്തു പോയിട്ടില്ലെന്നു കേൾക്കുമ്പോൾ ആക്കാണു് അത്ഭുതം തോന്നാതിരിക്കുക!

*അന്ത്യനിമിഷങ്ങൾ:* മഞ്ഞപ്പിത്തം മൂലം നവംബർ 11_ാംനു- തിങ്കളാഴ്ച ഫാദർ ഔറേലിയൻ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ദാരിദ്ര്യാരൂപിയുററ ആ സന്യാസി ജനറൽ വാർഡിലേ കിടക്കു. ചികിത്സയ്ക്കു ചെന്നാൽ 'പേവാർഡി'ലേയ്ക്കു് അദ്ദേഹം തിരിഞ്ഞുനോക്കുകപോലുമില്ല. ആരു നിർബന്ധിച്ചാലും അദ്ദേഹം വഴിപ്പെടുകയില്ല. പ്രകൃതം അറിയാവുന്നവർ അദ്ദേഹത്തെ നിർബന്ധിക്കുകയുമില്ല. ഡോക്ടർമാരുടെ വിദഗ്ദ്ധചികിത്സയിൽ രോഗത്തിനു് അല്പം ശമനം കണ്ടു. പക്ഷേ, വെള്ളിയാഴ്ച (15_ാംനു-) അപകടലക്ഷണങ്ങൾ വീണ്ടും കണ്ടുതുടങ്ങി. അറിഞ്ഞവരെല്ലാം ഓടിയെത്തി. തിങ്ങുന്ന വേദന പുറത്തു കാട്ടാതെ അദ്ദേഹം അവരോടു സംസാരിച്ചു. 'തന്റെ പ്രവത്തനരംഗത്തു്, സെമ്മിനാരിയിൽ, കിടന്നു മരിക്കണ'മെന്നു് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ, 'കഴിയുന്നതു വല്ലതും ചെയ്യുവാൻ സൗകര്യം ആശുപത്രിയിലായിരിക്കു'മെന്നതിന്റെ പേരിൽ ഡോക്ടർ അതിനു വഴിപ്പെട്ടില്ല. അങ്ങനെ, തന്റെ അരുമമക്കളിൽ നിന്നകന്ന ഒരു സ്ഥലത്തുവച്ചു്, ഒന്നുരണ്ടു് വൈദികന്മാരുടെ സാന്നിദ്ധ്യത്തിൽ ആ പാവനാത്മാവു് ഇൻഡ്യൻ മണ്ണിനോടു് യാത്ര പറഞ്ഞു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാക്കു് അദ്ദേഹത്തിനു് അന്തിമോപചാരം അപ്പിക്കാൻ തരപ്പെട്ടില്ല. ഞായറാഴ്ച ഉച്ച കഴിഞ്ഞു് ഒരു മണിക്കു ശവസംസ്കാരച്ചടങ്ങു വച്ചതുകൊണ്ടു് ശിഷ്യഗണത്തിൽ വലിയൊരു വിഭാഗത്തിനു് എത്തിച്ചേരാൻ ഒത്തുമില്ല. അങ്ങനെ ആരുമാരും അറിയാതെ ജീവിക്കാനാഗ്രഹിച്ച ആ ത്യാഗിവര്യൻ, ദിവ്യകാരുണ്യത്തിന്റെ ഫാദർ ഔറേലിയൻ അധികമാരുമറിയാതെ കടന്നുപോയി. പക്ഷേ, അദ്ദേഹം അറിയപ്പെടുന്ന ഒരു കാലം വരും. അതത്ര വിദൂരവുമല്ല.

# ഗാവെനദിയുടെ

അററ്ലാൻറിക് സമുദ്രത്തിൽനിന്ന് കുറെ ദൂരെയായി, 'അപ്പർ പിറനിസ്'' എന്ന ഭാഗത്ത്, കുറച്ച് ഉള്ളിലോട്ടു നീങ്ങി ഒരു പട്ടണമുണ്ട്. ഓത്തെസ് (Orthez) എന്നാണതിൻെറ പേര്. ദക്ഷിണഫ്രാൻസിലുള്ള ഈ സ്ഥലത്ത് സമയം അതിൻെറ വ്യക്തിമുദ്രകൾ അപ്പിച്ചിട്ടുണ്ട്. പലപല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ളതാണ് ആ പട്ടണം. പക്ഷേ പ്രത്യേകം പ്രസ്താവാർഹമായ ഒരു സംഭവം നടന്നിട്ടുണ്ടവിടെ— കോൾമയിർക്കൊള്ളിക്കുന്നതും, ഹൃദയത്തെ അത്ഭുതംകൊണ്ടു നിറയ്ക്കുന്നതുമായ ഒരു സംഭവം.

പലപല കൊല്ലങ്ങൾക്കു മുമ്പാണതുണ്ടായത്. അന്ന് ആ പട്ടണത്തിൻെറ പുറംഭാഗങ്ങളിൽ, ഒരു ഫ്രാൻസിസ്കൻ ആശ്രമം സ്ഥിതിചെയ്തിരുന്നു. മനോഹരമായ ഒരു സ്ഥലം. ശാന്തമായ അവിടത്തെ ഏകാന്തതയെ ഭഞ്ജിക്കുവാൻ യാതൊന്നുമുണ്ടായിരുന്നില്ല. പക്ഷികളുടെ കളകൂജനവും, ഗാവെ നദിയുടെ കളകളശബ്ദവും മാത്രം അവിടെ കേൾക്കാം.

പക്ഷേ, ഇന്നത്തെപ്പോലെത്തന്നെ, അന്നും സമാധാനമുണ്ടായിരുന്നില്ല. ഭൗതികമായ കാര്യലാഭത്തിനു വേണ്ടി 'രാഷ്ട്രീയക്കാർ' തമ്മിലുള്ള കലഹമായിരുന്നില്ല അവിടെ അസമാധാനത്തിൻെറ നിഴൽ വിരിച്ചത്; അയൽരാജ്യങ്ങൾ വെട്ടിപ്പിടിക്കുവാൻ രാജാക്കന്മാർ തമ്മിൽ നടത്തിയ സമരവുമായിരുന്നില്ല അത്. പിന്നെയോ, നരകത്തിലെ പിശാചുക്കൾതന്നെയായിരുന്നു അവിടെ അസമാധാനം അഴിച്ചുവിട്ടത്. പാഷണ്ഡമതക്കാരും കാൽവിൻെറ (Calvin) അനുയായികളുമായിരുന്നു ആ പിശാചുക്കൾ. ദൈവത്തെ നശിപ്പിക്കണം—അതായിരുന്നു അവരുടെ ആവശ്യം.

ഗാവെനദിയുടെ തീരത്തുണ്ടായിരുന്ന ആ കൊച്ചു ഫ്രാൻസിസ്കൻ ആശ്രമത്തിലെ സന്യാസികൾ ഇതു വിവരമറിഞ്ഞിരുന്നു. ആശങ്കകളുണ്ടായിരുന്നു അവർക്ക്. പക്ഷേ അവരുടെ നേരെയുള്ള ആക്രമണത്തിൻെറ യാതൊരടയാളവും അവർ കണ്ടില്ല. അതുകൊണ്ട് ആരാധനയും അദ്ധ്യാപനവുമായിത്തന്നെ അവർ ശാന്തജീവിതം തുടർന്നു.

അങ്ങനെയിരിക്കെയാണ് ആ ദിവസം പിറന്നത്. അന്നത്തെ പ്രഭാതത്തിനു പ്രത്യേകതയൊന്നുമില്ലായിരുന്നു. പകൽസമയവും വ്യത്യസ്തമായിരുന്നില്ല. അസ്തമനസൂര്യൻെറ ചെങ്കതിരുകൾ മങ്ങിമങ്ങിപ്പോയപ്പോൾ, സന്ധ്യയുടെ തിരശ്ശീല പതുക്കെപ്പതുക്കെ താഴുവാൻ തുടങ്ങിയപ്പോൾ, വിശുദ്ധ ഫ്രാൻസ്സിസിൻെറ ആ മക്കൾ ആരാധനാകീർത്തനങ്ങളാലപിക്കുവാനാരംഭിച്ചു.

രാത്രി എട്ടുമണി ആയിക്കാണും. അപ്പോഴാണ് ആ പോർവിളി കേട്ടത്: "പാപ്പാമതക്കാർക്കു മരണം!" ഏകാന്തമായ ആ സ്ഥലത്തെ ശാന്തത ഛിന്നഭിന്നമായി. ആ സന്യാസിമാർ പകച്ചുനിന്നു. അതാ, വീണ്ടും ആ പോർവിളി അലയടിച്ചുയരുകയാണ്: "പാപ്പാമതക്കാർക്കു മരണം! പാപ്പാമതക്കാർക്കു മരണം!"

അടുത്ത നിമിഷത്തിൽ ആശ്രമപ്പടിവാതില്ക്കലുള്ള മണി ശക്തിയായി അടിക്കുവാൻ തുടങ്ങി. വാതിലുകളിന്മേൽ ആഞ്ഞടിക്കുന്ന ശബ്ദവും. അതാ, തകർന്നുവീഴുന്ന ശബ്ദം. ഭദ്രമായി പൂട്ടിയിരുന്ന ആ വാതിലുകൾ തകർന്നുപൊളിഞ്ഞുവീണു. അതാ, ഒരു കൂട്ടം അക്രമികൾ! ഇടത്തുട്ടുകാർ! പാഷണ്ഡമതക്കാർ!

പരിശുദ്ധമായ ആ സ്ഥലം നിമിഷങ്ങൾക്കകം ഒരു ചുടലക്കളമായി മാറി. തീപ്പന്തങ്ങൾ ഉയർന്നുവീശി. വാളുകൾ വെട്ടിത്തിളങ്ങി. രക്തപ്പുഴ പതഞ്ഞൊഴുകി. സന്യാസിമാരിൽ ചിലർ വെട്ടേററു നിലത്തു വീണു മരിച്ചു. ബാക്കിയുള്ളവരെ അവർ തീ കൊളുത്തി ചുട്ടുകളഞ്ഞു, ജീവനോടെ!

ആശ്രമശ്രേഷ്ഠൻ മാത്രം രക്ഷപ്പെട്ടു, അതും അല്പനേരത്തേയ്ക്കുമാത്രം. അക്രമികളുടെ കോലാഹലം കേട്ട ക്ഷണത്തിൽ അദ്ദേഹം ഓടി 'മദ്ബഹാ'യിലേയ്ക്ക്; വേഗം 'സക്രാരി' തുറന്ന് തിരുവോസ്തികളടങ്ങിയ 'കുസ്തോദി' പുറത്തെടുത്തു. എങ്ങനെയെങ്കിലും ആ അമൂല്യനിധിയെ സംരക്ഷിക്കണം. അദ്ദേഹം കരുതലോടെ പുറപ്പെട്ടു, അതുംകൊണ്ട്.

ഓടി രക്ഷപെടുക അസാദ്ധ്യമായിരുന്നു. ആശ്രമത്തിനകത്ത് നിറയെ അവരാണ്, ആ കശ്മലർ. ആശ്രമമതിലും അവർ വളഞ്ഞിരുന്നു. ഒടുവിൽ – ഒടുവിൽ, ഭയപ്പെട്ടതുതന്നെ സംഭവിച്ചു. ആ വൈദികോത്തമനേയും അവർ പിടികൂടി.

വെറും പാത്രമെന്ന നിലയ്ക്കുതന്നെ ആ 'കുസ്തോദി' അവർക്കു വിലപിടിച്ചതായിരുന്നു. പക്ഷേ അതിനകത്ത് തിരുവോസ്തികളുണ്ട്. അതും അവർക്കറിയാം. അവയെ അവഹേളിക്കണം, ചവുട്ടിമെതിക്കണം — അതാണവരുടെ ആവശ്യം.

അത്രയും വിലപ്പെട്ട നിധി കൈയിലാകുവാൻ പോകുന്നുവെന്നത് അവരെ മത്തുപിടിപ്പിച്ചു. നാരകീയസന്തോഷത്തോടെ അവരിലൊരുവൻ ആ തിരുപ്പാത്രത്തെ പിടികൂടി. പക്ഷേ ആ സന്യാസിവര്യൻ അതു മുറുകെ പിടിച്ചിരുന്നു. ആ പിടി വിടുവിക്കുവാൻ അവനെക്കൊണ്ടു കഴിഞ്ഞില്ല.

അവനത്ഭുതപ്പെട്ടു. വീണ്ടും ശ്രമിച്ചു. കാര്യമില്ല. മററുള്ളവരും മുമ്പോട്ടു വന്നു, അവനെ സഹായിക്കുവാൻ.

ജെ. ററി. നീലങ്കാവിൽ, ബി. എ., ബി. ററി., തൃശ്ശൂർ

# വിരിമാറിൽ

ഒററയ്ക്കും കൂട്ടമായും അവരെല്ലാവരും പണിപ്പെട്ടു. നിഷ്ഫലം. ആ ഫ്രാൻസിസ്കനിൽനിന്ന് ആ വിശുദ്ധനിക്ഷേപം തട്ടിയെടുക്കുവാൻ അവർക്കാർക്കും സാധിച്ചില്ല.

തുരുതുരാ വീണു അടികൾ, അദ്ദേഹത്തിൻെറ ശിരസ്സിൽ. ഉരുക്കേറിയ അടികൾ. അദ്ദേഹം ഞെരിഞ്ഞമർന്ന് നിലത്തു വീണ് പിടഞ്ഞു. പോരാ. ഒരു 'ബയനററ്' അദ്ദേഹത്തിൻെറ ഹൃദയം പിളർന്നു. കഴിഞ്ഞു. ആ ധന്യൻെറയും കഥ കഴിഞ്ഞു.

ഇനിയുണ്ടോ ആ പാത്രമെടുക്കാൻ വിഷമം? അവർ ആർത്തട്ടഹസിച്ചു. അവരിലൊരുവൻ മുന്നോട്ടു നീങ്ങി, ആ നിധി കരസ്ഥമാക്കുവാൻ. പക്ഷെ, അത്ഭുതമേ! അതെടുക്കാൻ സാധിച്ചില്ല. ആ വിളറി വെറങ്ങലിച്ച കൈകൾ ആ നിക്ഷേപത്തെ മുറുകെപ്പിടിച്ചു, ജീവനുണ്ടായിരുന്നപ്പോൾ പോലെത്തന്നെ...!!

അത്ഭുതം വർദ്ധിച്ചു. ഒപ്പംതന്നെ ദ്വേഷ്യവും. അവർ ആ മൃതദേഹം തൂക്കിയെടുത്ത് ഒരൊററ ഏറ്, ഗാവെ നദിയിലേയ്ക്കു്!!

പുളകംകൊണ്ടിട്ടുണ്ടായിരിക്കണം ആ നദി, ആ അനർഘനിക്ഷേപം തൻെറ വക്ഷസ്സിൽ വന്നു പതിച്ചപ്പോൾ. അതൊഴുകിക്കൊണ്ടേയിരുന്നു. ഒഴുകിയൊഴുകി അതു് ബേയാനെ പട്ടണത്തിലെത്തി. അവിടെയുമുണ്ടായിരുന്നു ഒരു ഫ്രാൻസിസ്കൻ ആശ്രമം, ഗാവെയുടെ തീരത്തായി.

ആ അനർഘനിക്ഷേപവും ആശ്രമശ്രേഷ്ഠൻെറ പൂജ്യശരീരവുമായി ഓടിപ്പിടഞ്ഞു് വരികയാണ് ഗാവെ, ആ ആശ്രമത്തിനു നേരെ. അല്പ സമയത്തിനകം അതവിടെയെത്തി. അത്ഭുതമേ! ആ അമൂല്യനിധി ആ തീരത്ത്, ആശ്രമമതിലുകൾക്കു തൊട്ടടുത്തുതന്നെ, വളരെ സൂക്ഷത്തോടെ നിക്ഷേപിച്ചു ആ നദി. എന്നിട്ട്, ഒരു മഹൽകാര്യം സാധിച്ച കൃതാർത്ഥതയോടെ ധന്യയായ ഗാവെ പൊട്ടിച്ചിരിച്ചൊഴുകിപ്പോയി.

കണ്ടവർ കണ്ടവർ അമ്പരന്നു. കേട്ടവർ കേട്ടവർ പാഞ്ഞെത്തി. രക്തസാക്ഷിയായ ഒരു വൈദികൻെറ ശരീരം! അതിൻെറ ചേതനയററ കൈകളിലോ? കുസ്തോദി! തിരുവോസ്തി അടങ്ങിയിരിക്കുന്ന കുസ്തോദി!! ഏതാനും നിമിഷങ്ങൾക്കകം ഒരു വമ്പിച്ച ജനാവലി അവിടെ തടിച്ചുകൂടി. അത്യധികം അത്ഭുതാദരവുകളോടെ, ഏകകണ്ഠമായി, ഏട്ടദിക്കും പൊട്ടുമാറ് അവർ വിളിച്ചു പറഞ്ഞു:

"അൾത്താരയിലെ പരമപൂജ്യമായ
കൂദാശയിൽ എഴുന്നള്ളിയിരിക്കുന്ന
ദൈവം എന്നും വാഴ്ത്തപ്പെടട്ടെ;
എന്നും ആരാധിക്കപ്പെടട്ടെ!"

സ്ഥലത്തെ പ്രധാന ദേവാലയത്തിലുമെത്തി ഈ വാർത്ത. വേഗം ഒരു പ്രദക്ഷിണം സംഘടിപ്പിക്കപ്പെട്ടു. അഭിവന്ദ്യ മെത്രാൻതന്നെയായിരുന്നു മുമ്പിൽ. തികഞ്ഞ ആദരവോടെ ആ പ്രദക്ഷിണം മുന്നോട്ടു നീങ്ങി. അല്പസമയത്തിനകം പ്രദക്ഷിണം നദീതീരത്തെത്തി.

ആശ്രമശ്രേഷ്ഠൻെറ ശരീരം തീരത്തുനിന്ന് മെല്ലെമെല്ലെ എടുത്തുകൊണ്ടുവന്ന് തിരുമേനിയുടെ സമീപം നിലത്തു വച്ചു. തികഞ്ഞ ഭയഭക്ത്യാദരവുകളോടെ തിരുമേനി, കുനിഞ്ഞു്, തൻെറ കൈകൾ ആ തിരുപ്പാത്രത്തിന്മേൽ വച്ചു. അതാ, നിഷ്പ്രയാസം ആ അനർഘനിക്ഷേപം തിരുമേനിയുടെ കൈകളിലേയ്ക്കു നീങ്ങി!

പ്രദക്ഷിണം വീണ്ടും നീങ്ങി. രാജരാജൻെറ എഴുന്നള്ളത്തു്! തെരുവുകൾ ജനങ്ങളെക്കൊണ്ടു നിറഞ്ഞു. "അൾത്താരയിലെ പരമപൂജ്യമായ കൂദാശയിൽ എഴുന്നള്ളിയിരിക്കുന്ന ദൈവം എന്നും വാഴ്ത്തപ്പെടട്ടെ! എന്നും ആരാധിക്കപ്പെടട്ടെ!" ആ സുകൃതജപം വീണ്ടും അലയടിച്ചുയർന്നു, കൂടുതൽ ശക്തിയോടെ, കൂടുതൽ ആവേശത്തോടെ. ഭക്തഗാനങ്ങളും കീർത്തനങ്ങളും അന്തരീക്ഷത്തിലുയർന്നു. കുട്ടികളും വൃദ്ധജനങ്ങളും ഒന്നുപോലെ അതേററുപാടി.

ഈ ആവേശത്തിൻെറയും ആനന്ദത്തിൻെറയും മദ്ധ്യേ, പ്രദക്ഷിണത്തിൻെറ മുമ്പിലായി, മെത്രാൻ തിരുമേനി മന്ദംമന്ദം നടന്നുകൊണ്ടിരുന്നു, ദീപ്തമായ മുഖത്തോടെ, കൈകളിൽ ആ അനർഘനിക്ഷേപം വഹിച്ചുകൊണ്ട്.

പ്രധാന ദേവാലയമായിരുന്നു ലക്ഷ്യം. അവിടെ എത്തി പ്രദക്ഷിണം. ദേവാലയം ജനങ്ങളെക്കൊണ്ടു നിറഞ്ഞു കവിഞ്ഞൊഴുകി. പ്രാർത്ഥനയുടെ ശബ്ദത്താൽ അവിടം മുഖരിതമായി. അങ്ങനെ, ജനങ്ങളുടെ സ്തുതിസ്തോത്രാലാപങ്ങൾക്കു മദ്ധ്യേ, പ്രധാന അൾത്താരയിലെ സക്രാരിയിൽ ആ അനർഘനിധി നിക്ഷേപിക്കപ്പെട്ടു. ഇന്നും ആ തിരുപ്പാത്രം അവിടെ കാണുവാൻ കഴിയും.

ഒരു കബറിടമുണ്ട് അവിടുത്തെ ഫ്രാൻസിസ്കൻ ദേവാലയത്തിൽ. അവിടെ ഭക്തജനങ്ങൾ മുട്ടുകുത്തി പ്രാർത്ഥിക്കാറുണ്ട്, അത്ഭുതങ്ങൾക്കായിത്തന്നെ. ആ പ്രാർത്ഥനകൾ സഫലമാകാറുമുണ്ട്. കാരണം, ലോകത്തിൽവച്ചേററവും അമൂല്യമായ നിക്ഷേപത്തിനുവേണ്ടി ആത്മാഹുതിചെയ്ത, മരിച്ചിട്ടും ദൈവത്തെ മുറുകെപ്പിടിച്ച, ആ സന്യാസിശ്രേഷ്ഠൻെറ, ആ യതിവര്യൻെറ, പൂജ്യശരീരമാണ് അവിടെ അന്ത്യവിശ്രമംകൊള്ളുന്നതു്.

# വായനക്കാർ എഴുതുന്നു

സെപ്തംബർ ലക്കം മേരിവിജയത്തിൽ "കത്തോലിക്കാ സമുദായസമക്ഷം" എന്നൊരു ലേഖനം ഞാൻ എഴുതിയിരുന്നു. എൻെറ അറിവോടും അറിവുകൂടാതെയും, മററു ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ അതു് എടുത്തു പകർത്തുകയും ചെയ്തിരുന്നു. അടുത്തകാലത്തു ഞാൻ എഴുതിയിട്ടുള്ള ലേഖനങ്ങളിൽ, കത്തോലിക്കാ വായനക്കാരിൽനിന്നു കൂടുതൽ അഭിനന്ദനക്കത്തുകൾ കിട്ടിയിട്ടുള്ളതും ഈ ലേഖനത്തിനാണു്. എന്നാൽ ആ ലേഖനം വികലമാണെന്നും, അവിവേകജന്യമാണെന്നും, സഭയേയും, അതിൻെറ നിയമാവലിയേയും പുരോഹിതന്മാരെയും അസ്ഥാനത്തു വിമർശിക്കുന്നതാണെന്നും കണ്ടെത്തുന്നവരുണ്ടെന്നു ടീസാ കവലക്കാട്ടു് തൃശ്ശൂർ, എഴുതിയിരിക്കുന്ന കുറിപ്പിൽ നിന്നും തെളിഞ്ഞിരിക്കുന്നു.

ടീസായെപ്പോലെ 'തിരുസ്സഭയിലെ കാനൻനിയമങ്ങൾ" ഞാൻ പഠിച്ചിട്ടില്ല. അതു മലയാളത്തിലല്ലല്ലോ. ഇംഗ്ലീഷിൽത്തന്നെ ഉണ്ടോയെന്നു് എനിക്കറിഞ്ഞുകൂടാ. ലത്തീൻഭാഷ എനിക്കു വശവുമില്ല. എന്നാൽ ടീസാ ഒരു കാനൻ വിദഗ്ദ്ധയാണെന്നു കാണുന്നതുകൊണ്ടു് ചോദിക്കുകയാണു് എൻെറ ലേഖനം കാനൻനിയമത്തിലെ ഏതേതെല്ലാം വകുപ്പുകൾക്കു് എതിരാണെന്നു സദയം ഒന്നു പറഞ്ഞുതരാമോ?

ടീസായുടെ കുറിപ്പിലെ ഒരു ആശയം എനിക്കു തീരെ ദുർഗ്രഹമായി അവശേഷിക്കുന്നു. "ഇത്തരം ലേഖനങ്ങൾ കത്തോലിക്കാമാസികകളിൽ പ്രസിദ്ധീകരിക്കുന്നതു ശരിയോ?" എന്ന ചോദ്യമാണതു്. പിന്നെ, ഇത്തരം ലേഖനങ്ങൾ കത്തോലിക്കേതര മാസികകളിലേ പ്രസിദ്ധീകരിക്കാവൂ എന്നാണോ ടീസായുടെ അഭിപ്രായം? അതോ, ഇത്തരം ആശയങ്ങൾ ആർക്കെങ്കിലും തോന്നിയാൽത്തന്നെ, അതു പുറത്തു പ്രകടിപ്പിക്കാതെ ഉള്ളിൽ ഒതുക്കിക്കൊള്ളണമെന്നാണോ?

ഏതായാലും നല്ലതെന്നു് ഉള്ളിൽ തോന്നുന്ന ആശയങ്ങൾ സത്യസന്ധമായി പ്രകാശിപ്പിക്കണമെന്നും, കത്തോലിക്കാ സഭയെ പരാമർശിക്കുന്ന കാര്യങ്ങൾ കത്തോലിക്കാപത്രമാസികകളിൽത്തന്നെ പ്രസിദ്ധപ്പെടുത്തണമെന്നുമുള്ള പക്ഷക്കാരനാണു് ഞാൻ. ഞാൻ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന കത്തോലിക്കാ സഭ വിമർശനങ്ങൾകൊണ്ടു് തകർന്നുപോകുന്ന ബലഹീനമൊന്നുമല്ല. രണ്ടായിരം കൊല്ലത്തെ വിമർശനങ്ങളെ അതു് അതിജീവിച്ചിരിക്കുന്നു. അതേസമയം ആ വിമർശനങ്ങളിൽനിന്നു കൊള്ളാവുന്നതു പലതും സ്വായത്തമാക്കുകയും ചെയ്തിട്ടുണ്ടു്.

കത്തോലിക്കാസഭ എന്താണെന്നോ എന്തിനാണെന്നോ അറിയാത്തവരാണു് വിമർശനത്തെ ഭയപ്പെടുന്നതു്. ഇററലിയിലെ ഫാദർ ലോംബാർഡിയേയും ജർമ്മനിയിലെ ഫാദർ ഹാൻസ് ക്യൂംങ്ങ്, ഫാദർ കാൾ റെഹ്നർ മുതലായവരേയും പററി ടീസാ കേട്ടിട്ടുണ്ടോ? അവരുടെ രൂക്ഷമായ സഭാകാര്യവിമർശനങ്ങൾ ഇന്നു ലോകപ്രസിദ്ധങ്ങളാണു്. ജനിച്ചിട്ടു് മൂന്നു പന്തിരാണ്ടിലധികമായിട്ടില്ലാത്ത ഫാദർ ക്യൂങ്ങിനേയും, ഫാദർ റെഹ്നറെയും പരിശുദ്ധപിതാവു് വത്തിക്കാൻ സൂനഹദോസിൻെറ ഉപദേഷ്ടാക്കളായി നിയമിച്ചിരിക്കുന്നു.

എൻെറ ലേഖനത്തിലെ ആശയങ്ങൾക്കു വിരുദ്ധമായ ചിന്താഗതി പാടില്ലെന്നു് എനിക്കു വാദമില്ല. എൻെറ ലേഖനം അവസാനിപ്പിച്ചിരിക്കുന്നതുതന്നെ, "സമുദായത്തിലെ ചിന്താശീലരായ ആളുകളുടെ പഠനത്തിനു് ഈ നിർദ്ദേശം ഞാൻ സമർപ്പിക്കുകയാണു്. പലർ ചിന്തിക്കുകയും പഠിക്കുകയും ചെയ്താൽ ആ സംയുക്തശ്രമത്തിൻെറ ഫലമായി, കഴിയുന്നതും പൂർണ്ണമായ ഒരു പദ്ധതി സംവിധാനംചെയ്യുവാൻ സാധിക്കു"മെന്നു പറഞ്ഞുകൊണ്ടാണു്.

പക്ഷെ, എന്നെ വിമർശിക്കുവാൻ പുറപ്പെടുന്നതിനു മുൻപു്, ഞാൻ എഴുതിയിരിക്കുന്നതെന്താണെന്നു വായിച്ചു മനസ്സിലാക്കണം. മനസ്സിലാകുന്നില്ലെങ്കിൽ അറിയാവുന്നവരോടു ചോദിച്ചെങ്കിലും ഗ്രഹിക്കണം. എന്നിട്ടേ വിമർശനത്തിനു പുറപ്പെടാവൂ. അതിൽതന്നെ ഞാൻ പറയാത്തതു പറഞ്ഞെന്നു ഭാവിച്ചു് വ്യർത്ഥമായ വാദകോലാഹലം മുഴക്കരുതു്.

ഉദാഹരണമായി, "പള്ളിയും സന്യാസാശ്രമങ്ങളും പൊതുസ്വത്താക്കേണ്ടതുണ്ടോ"യെന്നു് ടീസാ ചോദിക്കുന്നു. പൊതുസ്വത്താക്കണമെന്നു് ആരു പറഞ്ഞു? ഏതായാലും ഞാൻ പറഞ്ഞിട്ടില്ല. അതിനാൽ ടീസായുടെ ചോദ്യത്തിനു മറുപടി പറയേണ്ട ബാദ്ധ്യത എനിക്കില്ല. "കത്തോലിക്കാസമുദായത്തിൻെറ വകയായി യാതൊരു പൊതുസ്ഥാപനവും ഇല്ല" എന്നു ഞാൻ പറഞ്ഞാൽ, പള്ളിയും സന്യാസാശ്രമങ്ങളും പൊതുസ്വത്താക്കണമെന്നു ധരിക്കുന്നവരുടെ മേധാശക്തിയെ എങ്ങനെയാണു മാനിക്കേണ്ടതെന്നെനിക്കറിഞ്ഞുകൂടാ.

കേരളത്തിൽ കത്തോലിക്കാ സമുദായത്തിൻെറ വകയായി യാതൊരു പൊതുസ്ഥാപനവും ഇല്ലായെന്നാ

ണ്ട് എന്റെ വാദം. ആ വാദം ശരിയല്ലെന്ന് അഭിപ്രായമുള്ളവർ, കാട്ടിലും പടപ്പിലും തല്ലാതെ, പൊതുവായ അത്തരം എട്ടോ പത്തോ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിച്ചുതന്നാൽ മതിയല്ലോ; ഞാൻ വാദം പിൻവലിച്ചുകൊള്ളാം. നേരെമറിച്ച്, ചൂണ്ടിക്കാണിച്ചുതരുവാൻ അത്തരം സ്ഥാപനങ്ങളൊന്നുമില്ലെങ്കിൽ, മൗനം വിദ്വാനു ഭൂഷണം എന്നു കരുതുകയായിരിക്കും ഭംഗി.

സത്യം ചിലർക്ക് വേദനാജനകമായി തോന്നിയേക്കാം. എന്നു കരുതി അസത്യം പറയാനൊക്കുമോ? ഏതായാലും ചിലരുടെ അധരപ്രീതിയേക്കാൾ, ഞാൻ വിശ്വസിക്കുന്ന മതത്തിന്റെയും ഞാൻ സേവിക്കുന്ന സമുദായത്തിന്റെയും സർവതോമുഖമായ പുരോഗതിയാണ് എനിക്ക് അഭികാമ്യം.

— എം. ഒ. ജോസഫ് നെടുങ്കുന്നം

II

പറപ്പൂക്കരയുടെ "പുതിയ കുർബ്ബാനയ്ക്കു കാരണമെന്ത്?" നന്നായിരിക്കുന്നു. ചരിത്രപരമായ അറിവില്ലായ്മയാണ് പലരും "പുതിയ കുർബ്ബാന"യെ എതിർക്കാൻ കാരണമെന്നു പറയുന്നതിൽ വാസ്തവം വളരെയുണ്ട്. "ആധുനികവും പരിഷ്കൃതവു"മായ ലത്തീൻ റീത്തിൽ വരാൻപോകുന്ന മാററങ്ങളെപ്പററിയും പലർക്കും നിശ്ചയമില്ലെന്നു തോന്നുന്നു. പൗരസ്ത്യറീത്തുകളിൽ പണ്ടുമുതലേ നിലവിലിരിക്കുന്നവയാണ് ഈ പരിഷ്കാരങ്ങൾ പലതും. ജനങ്ങളുടെ നേരേ തിരിഞ്ഞുനിന്ന് വേദപുസ്തകം വായിക്കുക, ജനങ്ങൾക്കായുള്ള ലുത്തനിയാപ്രാർത്ഥനകൾ നടപ്പാക്കുക, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ചിലപ്പോഴെങ്കിലും വി. കുർബ്ബാന സ്വീകരിക്കാൻ വിശ്വാസികളെ അനുവദിക്കുക മുതലായവ ഇതിനുദാഹരണമാണ്. കുർബ്ബാനയിലും മററും, ഒരു പരിധി വരെയെങ്കിലും, നാട്ടുഭാഷകളുപയോഗിക്കുന്നതിൽ ഒരപാകതയും തോന്നിയിട്ടില്ല പൗരസ്ത്യ റീത്തുകൾക്ക്. വത്തിക്കാൻ സൂനഹദോസിന്റെ കഴിഞ്ഞ സമ്മേളനത്തിൽ, മെൽക്കൈററ് പാത്രിയർക്കീസ് മാക്സിമോസ് നാലാമൻ പറഞ്ഞതുപോലെ, "ആരാധനക്രമഭാഷ പൗരസ്ത്യർക്ക് ഒരിക്കലും ഒരു പ്രശ്നമായിരുന്നിട്ടില്ല. വാസ്തവം പറഞ്ഞാൽ, എല്ലാ ഭാഷയും ആരാധനക്രമപരമാണ്. തങ്ങൾക്കു മനസ്സിലാകാത്ത ഒരു ഭാഷയിൽ പ്രാർത്ഥിക്കുന്നതിന് ജനങ്ങളെ ഒരുമിച്ചുകൂട്ടാനാവുമെന്ന് പൗരസ്ത്യരായ ഞങ്ങൾ ഒരിക്കലും വിഭാവനംചെയ്തിട്ടുപോലുമില്ല." നല്ലൊരുഭാഗം മലയാളത്തിലായതുകൊണ്ട്, വിശ്വാസികൾക്ക് തികച്ചും സജീവമായി പങ്കെടുക്കാൻ കഴിയും 'പുതിയ കുർബ്ബാന'യിൽ. പരിഷ്കാരങ്ങൾ മിക്കവയും പുരോഗമനാത്മകവുമാണ്. എങ്കിലും 'പുതിയ കുർബ്ബാന'യ്ക്ക് അതർഹിക്കുന്ന സ്വീകരണം ഇതേവരെ ലഭിച്ചിട്ടില്ലെന്നു വേണം പറയാൻ. പ്രസിദ്ധീകരണങ്ങളും പ്രസംഗങ്ങളുംവഴി പുനരുദ്ധാരണത്തിന്റെ ആവശ്യവും സ്വഭാവവും ജനങ്ങളേയും വൈദികരേയും മുൻകൂട്ടി ധരിപ്പിക്കാത്തതാവാം ഇതിനു കാരണം. ഇനി വരാൻപോകുന്ന മാററങ്ങളെങ്കിലും നടപ്പിൽ വരുത്തുന്നതിനു മുമ്പ് ഇക്കാര്യം വേണ്ടപ്പെട്ടവർ ശ്രദ്ധിച്ചിരുന്നെങ്കിൽ.

"പുനരുദ്ധരിച്ച കുർബ്ബാന" സർവ്വഥാ പരിപൂർണ്ണമാണെന്ന് ഈ ലേഖകനഭിപ്രായമില്ലെന്നും പറയട്ടെ. സ്വന്തമായ വ്യക്തിത്വവും മേന്മകളും നഷ്ടപ്പെടുത്താതെ തന്നെ നമ്മുടെ റീത്തിനെ കേരളീയസംസ്കാരത്തോടും ആചാരാനുഷ്ഠാനങ്ങളോടും അനുരൂപപ്പെടുത്താൻ ഇനിയും സാധ്യതയുണ്ട്. അതൊരാവശ്യവുമാണ്.

പറപ്പൂക്കരയുടെ ലേഖനത്തിൽ കടന്നുകൂടിയ ഒരു ചെറുതെററുകൂടി ചൂണ്ടിക്കാണിക്കട്ടെ. ഉദയംപേരൂർ സൂനഹദോസു നടത്തിയ അലെക്സിസ് ദെ മെനേസിസ് മെത്രാപ്പോലീത്താ അഗസ്റ്റീനിയൻ സഭാംഗം (Order of the Hermits of St. Augustine) ആണ്; ഈശോസഭക്കാരനല്ല. ഉദയംപേരൂർ കഴിഞ്ഞു വന്ന ഫ്റാൻസിസ് റോസ്, സ്റ്റീഫൻ ദെ ബ്രിട്ടോ മുതലായവർ ഈശോസഭക്കാരായിരുന്നു.

— അറയ്ക്കൽ


ധർമ്മോദയം കമ്പനി, തൃശൂർ

Estd: 1919 A. D.

★ പുതിയ മാസക്കുറി ★

(As per Govt. Order No. D. Dis. 21097/M.1 /63)

നറുക്കൊന്നുക്ക് 100ക. | 111 നറുക്ക്. | 11,100ക. സല

ഒന്നാമത്തെ നറുക്കെടുപ്പ്: 1964 ജനുവരി 28-ാംനു / 1139 മകരം 14-ാംനു

കുറിയിൽ കുറഞ്ഞതു് 1/16 നറുക്ക് (6ക. 25ന.പ.യുടെ വീതം) വരെ ചേരാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക് ഉടനെ കമ്പനി ആഫീസിലേക്ക് എഴുതി ചോദിക്കുക.

TRICHUR, 7-12-1963.

C. L. MATHEW,
ചെയർമാൻ ഓഫ് ദി ബോർഡ്.



**ഇവരുടെ യത്നവും നാടിന്റെ രക്ഷയും തമ്മിൽ ബന്ധമുണ്ടോ? — ഉണ്ട്.**

വിള വർദ്ധിപ്പാൻ മെച്ചപ്പെട്ട കൃഷി സമ്പ്രദായങ്ങൾ — രാഷ്ട്രത്തിന്നു കൂടുതൽ ഭക്ഷണവും വ്യവസായങ്ങൾക്കു കൂടുതൽ അസംസ്കൃത വിഭവങ്ങളും അങ്ങിനെ ലഭിക്കുന്നു — വികസനത്തിന്ന് കൂടുതൽ വിഭവങ്ങളും പ്രതിരോധത്തിന്ന് കൂടുതൽ ഉപകരണങ്ങളും അങ്ങിനെ കിട്ടുമാറാകുന്നു.

**നിങ്ങളുടെ അദ്ധ്വാനം രാജ്യരക്ഷക്കു അത്യന്താപേക്ഷിതം**

DA63/396

# തിരുഹൃദയത്തോട്*

*വിവർത്തക:* **ഒരു ക്ലാരിസ്റ്റ് സിസ്റ്റർ, മമ്മിയൂർ**

സുന്ദരപ്രഭാതത്തിൽക്കല്ലറയ്ക്കുപാന്തത്തിൽ
തപ്തബാഷ്പവും ചിന്തിയിരുന്നു മഗ്ദൽമേരി.
മൃതനായതിന്നുള്ളിൽ ശയിക്കും ശ്രീയേശുവെ
ദ്ദർശിപ്പാനവളാർന്നിതുൾത്താരിലത്യാഗ്രഹം.
നാഥന്റെയസാന്നിദ്ധ്യം ദുസ്സഹമവൾക്കേറ്റം;
അക്കൊടുംനിശ്ശൂന്യത നീക്കുവാനാർക്കിന്നൊക്കും?
സ്വർഗ്ഗലോകത്തിൻ മുഖ്യദൂതരേ! നിങ്ങൾപോലും
ശക്യരാവുകയില്ല ശാന്തി മേരിക്കേകുവാൻ.
കല്ലറയ്ക്കുള്ളിൽ മേവും നാഥന്റെ മൃതദേഹം
മെല്ലെയങ്ങെടുത്തൊടാൻ നല്ലാർമണിക്കു മോഹം!
കാത്തിരിക്കയാണവൾ കല്ലറയ്ക്കരികെത്താൻ
ആർത്തയായ് നിശയിങ്കലേകയാണെന്നാകിലും
പോയാലുമവൾ വീണ്ടുമോടിയങ്ങണഞ്ഞീടു—
മാദിത്യൻ വരുംമുമ്പേ, ദിവ്യസൂര്യനെത്തേടി.
ഉത്ഥിതൻ നാഥനവൾക്കരുളീ തൻദർശനം;
സ്നേഹത്തിലവൾതന്നെക്കവച്ചീടരുതെന്നോ!
തൻപ്രേഷ്ഠനാഥനുടെ സുന്ദരാനനം ദർശി_
ച്ചന്നവൾ കൃതാർത്ഥയായ്! എന്തൊരു മഹാത്ഭുതം!
"മരിയേ"_എന്നായ് നാഥൻ മന്ദമായ്
മൊഴിഞ്ഞപ്പോൾ
കരിയും മേരിചിത്തമതുലം കുളിരേറ്റു!
ഞാനുമാശിപ്പൂ മഗ്ദൽമേരിപോലൊരുദിനം
നിന്മുഖം ദർശിക്കുവാൻ, നിന്നടുത്തണയുവാൻ.
വിശ്വത്തിന്നധീശ്വരനാകുമങ്ങയെത്തേടി
വിസ്തൃതമാകും വിശ്വമാകവെയലഞ്ഞു ഞാൻ.
നീലവാനത്തിൻ കീഴിൽ പച്ചിലമരച്ചോട്ടിൽ
തൂമന്ദഹാസം തൂകും പുഷ്പങ്ങളഹോ! രമ്യം!
എങ്കിലുമത്യച്ഛത്തിലാരമ്യപ്രകൃതിയോ_
ടിവ്വിധം വിലപിച്ചുംകൊണ്ടു ഞാൻ വിളിച്ചോതി:_
"തൃഷ്ണയേറുമെൻ കൺകളീശ്വരാനനം ദർശി_
ച്ചുൽക്കർഷമേലായ്കിൽ നീ കേവലം ശ്മശാനമാം.'
സാന്ത്വനാനുഗ്രഹങ്ങളെന്നുള്ളിൽപ്പൊഴിക്കുവാൻ
ശക്തമാം ഏതൊന്നിനെപ്പാർത്തിരിക്കയാണു ഞാൻ,
അല്ലിലും പകലിലുമെന്നെ വിട്ടകലാത്ത
നല്ല ശക്തിയാം സാക്ഷാൽ ശാശ്വതസ്നേഹാലംബം,
മൃത്യുവെക്കൈവരിച്ചീടാതുള്ളൊരാത്മമിത്ര—
മിത്തിരുഹൃദയം താനല്ലാതെയില്ലാരുമേ.
മാമകാഭിലാഷങ്ങൾ പൂർണ്ണമായറിയുന്നോൻ
മർത്ത്യനായവതാരംചെയ്തമന്നാഥൻമാത്രം.
അത്തിരുവടിയല്ലാതാരുമേ ശക്തനല്ല
മാമകവിലാപത്തിൻ നാദത്തെ ശ്രവിക്കുവാൻ.
ഏഴയാമെന്നാഗ്രഹമൊക്കെയുമവിടുന്നു
നല്ലപോൽ ഗ്രഹിച്ചിടുന്നില്ലയോ മമനാഥാ!
മാമകഹൃദയത്തെ ഗ്രഹിക്കാനല്ലോ ഭവാൻ
നാകലോകത്തിൽനിന്നിങ്ങവതീർണ്ണനായ് ഭുവിൽ.

ദിവ്യരക്തവും നാഥാ! സസ്നേഹം ചൊരിഞ്ഞതും
മുക്തി മേ നൽകീടുവാനല്ലയോ പരമാത്മൻ!
പരിപാവനങ്ങളാം ബലിവേദികളിൽ നിൻ
മണിമന്ദിരവും നീ പണിതീർത്തല്ലോ നാഥാ!
താവകതിരുമുഖദർശനം ലഭിക്കുവാൻ,
മാധുര്യമേലും തവ മോഹനസ്വരം കേൾപ്പാൻ,
ശക്യമല്ലെനിക്കിങ്ങീലോകത്തിലെന്നാകിലും
നിൻവരപ്രസാദത്താലെന്നും ഞാൻ സമ്പൂർണ്ണയാം
ആ വരപ്രസാദത്താലാനന്ദനിമഗ്നയായ്
താവക വിമലഹൃത്തട്ടിലേ ജീവിക്കും ഞാൻ!
മദ്പ്രേമനിധേ, നാഥാ! യേശുവിൻ ദിവ്യഹൃത്തേ,
നീ മാത്രമെനിക്കെന്നുമാനന്ദമഭയവും.
മാമകജീവിതത്തിൻ പൊന്നോമൽപുലരിയെ—
ക്കോൾമയിർക്കൊള്ളിച്ചോരു ജീവനായകാ! വിഭോ!
ജീവിതസായാഹ്നത്തിലെത്തുവോളവുമിവൾ_
ക്കീവിധമാനന്ദത്തിൻ സൗഭാഗ്യമരുളേണം!
പൂർണ്ണമായവിടുത്തേക്കർപ്പണംചെയ്തില്ലേ ഞാ_
നെന്നെയുമെനിക്കുള്ളതൊക്കെയും ജീവേശ്വരാ!
മാമകാഭിലാഷങ്ങൾ പൂർണ്ണമായറിയുന്ന
പ്രേമത്തിടമ്പേ! നിന്നിലെൻജീവൻ ലയിക്കട്ടെ!
തൻജീവൻ ഹോമിപ്പവൻ രക്ഷിതനാകും നൂന_
മെൻ ജീവനങ്ങിൽത്തന്നെ ബലിയായ്ത്തീർന്നിടട്ടെ!
നിൻതേജസ്സോലും തിരുക്കൺമുമ്പിലെൻവൃത്തികൾ
സാരമറ്റവയെന്നു ഞാനറിയുന്നു നന്നായ്.
എൻജീവിതത്തിൻബലി മൂല്യമുള്ളതായ്ത്തീരാൻ,
നിൻഹൃത്തിൽനിന്നു ജീവൻ പ്രാപിച്ചേ മതിയാവൂ!
സ്വർഗ്ഗദൂതന്മാർപോലും തവതൃക്കണ്ണിൻ മുമ്പിൽ
പങ്കമറ്റവരല്ലെന്നുള്ളതു പരമാർത്ഥം.
ഭീകരമായൊരിടിമിന്നലിൻ മദ്ധ്യേയല്ലോ
നീ കരമുയർത്തിയാ വേദപ്രമാണം നൽകി!
എങ്കിലും ജീവേശ്വരാ! ഞാൻ ഭയപ്പെടുകില്ലാ;
നിങ്കലാശ്രയിച്ച ഞാൻ തളരില്ലൊരിക്കലും.
കാൽവരിഗിരിയിങ്കലെനിക്കു വേണ്ടിയല്ലോ
താവകഹൃദയം ഹാ! പിളക്കപ്പെട്ടു നാഥാ!
മാഹാത്മ്യത്തികവിങ്കലങ്ങയെ നേരിൽക്കാണാ_
നെന്നാത്മാവെരിതീയിൽക്കടന്നുപോയീടണം.
മാമകാത്മത്തെ നന്നായ് ശുദ്ധീകരിച്ചീടുവാൻ
നീ മനസ്സായിക്കല്പിച്ചരുളുന്നവയെല്ലാം,
നിൻ ദിവ്യാഭിലാഷങ്ങളൊക്കെയും പ്രേമാർദ്രയായ്
ഈയുലകത്തിൽ വച്ചുതന്നെ ഞാൻ വരിച്ചീടാം.
നിർവ്വാണമനുഭവിച്ചീടുമെന്നാത്മാവപ്പോൾ
സമ്പൂർണ്ണപ്രമോദഘോഷാൽ മൃത്യുവെക്കൈവരിക്കും
പിന്നീടതുയർന്നുംകൊണ്ടുയരെപ്പറന്നുപോയ്
സ്വർഗ്ഗലോകമാം സ്വന്തം ഗൃഹത്തിലെത്തിച്ചേരും!

---

* ഒരു ചെറുപുഷ്പകവിത.

# ആദ്യത്തെ സൂനഹദോസ്

— സെബീന റാഫി എം. ഏ. —

പരിഷ്കൃതലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ഇന്ന്, അതിന്റെ അക്ഷരാർത്ഥത്തിൽത്തന്നെ, റോമിൽ നടക്കുന്ന സാർവ്വത്രികസൂനഹദോസിന്റെ നേരെ തിരിഞ്ഞിരിക്കയാണല്ലോ. കാരണം: ഈ ധർമ്മാധർമ്മവിവേചനസഭ, കത്തോലിക്കാസഭയ്ക്കു മാത്രമല്ല, ലോകത്തിനു പൊതുവെ ഗുണകരമായ ആത്യന്തികതീരുമാനങ്ങൾക്കു രൂപം കൊടുക്കുമെന്നുള്ള പ്രതീക്ഷയാണ്. കത്തോലിക്കാസഭയിൽ തന്നെയുള്ള പുരോഗമനാശയക്കാരായ ബുദ്ധിജീവികളുടെ ഉപദേശസ്വീകരണം; കത്തോലിക്കാസഭയുമായി വിഘടിച്ചുനിന്നിരുന്ന മററു ക്രൈസ്തവവിഭാഗങ്ങളുടെ നേർക്ക് സൂനഹദോസ് ഭാരവാഹികൾ അനുവർത്തിച്ചുവരുന്ന അനുരഞ്ജകമനോഭാവം; നിത്യശത്രുക്കളായി മാത്രം കണ്ടിരുന്ന യഹൂദന്മാരോടും ഇസ്ലാമിനോടും പുതിയ സമീപനരീതികൾ കൈക്കൊള്ളേണ്ടതിനെക്കുറിച്ചുള്ള പര്യാലോചനകൾ — ഇവയെല്ലാം ജനങ്ങളുടെ പ്രതീക്ഷകൾ അസ്ഥാനത്തല്ലെന്നു പിന്നെയും പിന്നെയും സൂചനകൾ നൽകിക്കൊണ്ടിരിക്കുന്നു.

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഇത്തരം സാർവ്വത്രികസൂനഹദോസുകളാണ്, സഭയ്ക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള പ്രതിസന്ധിഘട്ടങ്ങളെ വിജയകരമായി തരണംചെയ്യുന്നതിനും ഭാവിയെ ബോധപൂർവ്വം കരുപ്പിടിപ്പിക്കുന്നതിനും വേണ്ട നേതൃത്വവും ഉത്തേജനവും നൽകിയിട്ടുള്ളത്. സഭയിൽ ഓരോ കാലത്ത് ഉണ്ടായിട്ടുള്ള വിശ്വാസവൈപരീത്യങ്ങളെയും നൂതനസിദ്ധാന്തങ്ങളെയും അപഗ്രഥനംചെയ്തു നന്മതിന്മകളെ — ധർമ്മാധർമ്മങ്ങളെ — വേർതിരിച്ചറിഞ്ഞ്, നന്മയെ ഉൾക്കൊള്ളുകയും, തിന്മയെ തിന്മയെന്നു വ്യക്തമാക്കി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത് ഈ സൂനഹദോസുകളിൽ വച്ചായിരുന്നു. ഇങ്ങനെ സഭയെ, വളർന്നു വളർന്നുകൊണ്ടിരിക്കുന്ന ഒരു ശക്തിയാക്കുവാൻ സർവ്വസഹായകമായിരുന്നിട്ടുള്ള ഈ സാർവ്വത്രികസൂനഹദോസുകളിൽ ആദ്യത്തേതായി നിഖ്യാ (Nicea)യിൽ വച്ചു കൂടിയ സൂനഹദോസ് ആണ് ഈ ലേഖനവിഷയം. നമ്മുടെ ഇന്ത്യയടക്കം ക്രിസ്തീയജനങ്ങൾ അധിവസിക്കുന്ന ഭൂമുഖത്തുള്ള എല്ലാ രാജ്യങ്ങളിൽനിന്നുമായി 318 മെത്രാന്മാർ പ്രസ്തുത ആദ്യസൂനഹദോസിൽ സംബന്ധിച്ചിരുന്നു എന്നു കാണുന്നു. നിഖ്യാസൂനഹദോസിന്റെ മറെറാരു പ്രത്യേകത അതു്, ക്രിസ്തുവിന്റെ അനുയായികളായ എല്ലാവരുടേയും ഒരു പൊതു സൂനഹദോസായിരുന്നു എന്നതാണ്.

## സൂനഹദോസിന്റെ സാഹചര്യം

ക്രിസ്ത്വാബ്ദം 325_ൽ ആണ്, ഈ ആദ്യസൂനഹദോസ് നടന്നത്. ക്രിസ്തുനാഥന്റെ കുരിശാരോഹണത്തിനു ശേഷമുള്ള ആദ്യത്തെ മൂന്നു നൂററാണ്ടുകാലം സഭയ്ക്കു യഥാർത്ഥത്തിൽ അഗ്നിപരീക്ഷണഘട്ടം തന്നെ ആയിരുന്നു. ആദ്യ മൂന്നു ശതകങ്ങളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാർ — മാർപ്പാപ്പമാർ — എല്ലാവരുംതന്നെ രക്തസാക്ഷികളായിട്ടാണ് മരിച്ചതെന്നോർക്കുമ്പോൾ, സഭയ്ക്കു നേരിടേണ്ടിവന്നിട്ടുള്ള മർദ്ദനം എത്ര ശക്തിമത്തായിരുന്നു എന്നു കാണാം. എന്നാൽ, 4_ാം ശതകത്തിന്റെ ഉദയത്തോടെ, ആകാശം തെളിഞ്ഞു; കാർമേഘങ്ങൾ വിട്ടുമാറി. സഭയുടെ നിത്യശത്രുവെന്നു സ്വയം പ്രഖ്യാപിച്ചുകൊണ്ടു മൂന്നു നൂററാണ്ടുകാലം സഭയെ നിരന്തരമായി പീഡിപ്പിച്ച, റോമാസാമ്രാജ്യശക്തി, സഭയുടെ സാർവ്വസാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും നൂതനമായ പ്രത്യയശാസ്ത്രത്തിന്റെ മുൻപിൽ തല കുനിച്ചു; ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ മതമായി — സ്റ്റേററ മതമായി — അംഗീകരിക്കപ്പെട്ടു. റോമാചക്രവർത്തിയായ കോൺസ്റ്റന്റയിൻ ക്രിസ്തുമതം സ്വീകരിച്ചു. തന്റെ തലസ്ഥാനമായ റോമാനഗരം ക്രൈസ്തവസഭയുടെ അദ്ധ്യക്ഷനായ മാർപ്പാപ്പായ്ക്കു വിട്ടുകൊടുത്ത്, കരിങ്കടൽത്തീരത്ത് തനിക്കു പുതിയതായൊരു തലസ്ഥാനം പണിയിച്ചു.

ക്രൈസ്തവസഭയുടെ ആദിമശതകങ്ങളിലുണ്ടായ ഏററവും വലിയ ചരിത്രസംഭവമായിരുന്ന റോമാസാമ്രാജ്യത്തിന്റെ ഈ മാനസികപരിവർത്തനം. ഈ സംഭവം, നാളതുവരെ ഏഴകളുടേയും നിസ്വരുടേയും മതമെന്നു പുച്ഛിക്കപ്പെട്ടിരുന്ന ക്രിസ്തുമതത്തിനു സമ്പത്തും ആഭിജാത്യവും നേടിക്കൊടുത്തു. ക്രിസ്തുമതം രാജാക്കളുടേയും ചക്രവർത്തികളുടേയും മതമായി മാറി; മതപ്രചരണത്തിനു കൂടുതൽ വേഗതയുണ്ടായി; ക്രിസ്തുമതം ക്രമേണ യൂറോപ്പിന്റെ മതമായിത്തീർന്നു.

എന്നാൽ, പേയ്ഗൻ റോമാസാമ്രാജ്യവുമായി സഭയ്ക്കുണ്ടായ അടുപ്പം, മറെറാരു തിന്മയ്ക്കു വഴിതെളിക്കയുണ്ടായി. ഉപരിപ്ലവമായ വിജ്ഞാനത്തിന്റെ പേരിൽ പേയ്ഗൻ റോമിന്റേയും ഗ്രീസിന്റേയും തത്വസംഹിതകളിൽ വിശ്വാസികൾക്കും അതിലേറെ സഭാപിതാക്കന്മാർക്കും താല്പര്യമുളവായി.

ക്രി 4_ാം ശതകത്തിന്റെ ആരംഭത്തിൽ റോമാസാമ്രാജ്യം ഭരണസൗകര്യത്തിനുവേണ്ടി പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടായി വിഭജിക്കപ്പെടുകയുണ്ടായി. പൗരസ്ത്യസാമ്രാജ്യത്തിന്റെ ഔദ്യോഗികഭാഷ ഗ്രീക്കും, പാശ്ചാത്യവിഭാഗത്തിന്റെ ഭാഷ ലാററിനും ആയിരുന്നു. ഈ രണ്ടു ഭാഷകളിലും—ഗ്രീക്കിലും ലാററിനിലും—പാണ്ഡിത്യം നേടുന്നതു് അക്കാലത്തു് വലിയ ബഹുമതിയായി കരുതപ്പെട്ടിരുന്നു. അവ രണ്ടും രാജകീയഭാഷയായിരുന്നല്ലോ. അക്കാലത്തു് പാശ്ചാ

ത്യലോകത്തും മദ്ധ്യപൗരസ്ത്യപ്രദേശങ്ങളിലും അറിയപ്പെട്ടിരുന്ന എല്ലാ തത്വസൂക്തങ്ങളും നിബന്ധിക്കപ്പെട്ടിരുന്നതും ഈ ഭാഷകളിലായിരുന്നു എന്നതും വിസ്മരിച്ചുകൂടാ. വിശിഷ്യാ, സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടൽ തുടങ്ങിയ യവനാചാര്യന്മാർ തങ്ങളുടെ ഗ്രന്ഥങ്ങൾ ഗ്രീക്കുഭാഷയിൽ വിരചിച്ചിരുന്നതുകൊണ്ട് ഈ ഭാഷ ജനങ്ങളുടെ ശ്രദ്ധയെ ഏററവും ആകർഷിച്ചു.

## ‘വിജ്ഞാനമഹത്വസിദ്ധാന്തികൾ!’

ഈ കാലഘട്ടത്തിൽ, യവനതത്വശാസ്ത്രങ്ങളിൽ അഗാധപാണ്ഡിത്യം നേടിയിരുന്ന ധിഷണാശാലികളിൽ പലരും സഭയിലേയ്ക്കു് ആകൃഷ്ടരായി. അതേപ്പററി സഭാചരിത്രം ഇങ്ങനെ രേഖപ്പെടുത്തുന്നു:—

“ഒരു നല്ല ക്രിസ്ത്യാനിയായി ജീവിക്കുവാൻ യത്നിക്കുന്നതിനേക്കാളും സിസറൊവിൻെറ [1] പ്രഭാഷണങ്ങൾ മനഃപ്പാഠമാക്കുന്നതിലും പ്ലേററൊവിൻെറയും അരിസ്റ്റോട്ടലിൻെറയും യഥാർത്ഥശിഷ്യനാകുന്നതിനും വിശ്വാസികൾ വെമ്പൽകൊണ്ടു.. ....അതിന്നായി ബുദ്ധിയും സമയവും കഴിവുകളും വിനിയോഗിച്ചു.........”

അങ്ങനെ വിജ്ഞാനമഹത്വസിദ്ധാന്തികളായ വളരെപ്പേർ സഭയിലുണ്ടായി. ഗ്രീക്കുതത്വഗ്രന്ഥങ്ങളും ചിരകാലമായുള്ള പേയ്ഗൻ ശാസ്ത്രങ്ങളുടെ പഠനവും വ്യാകരണതർക്കങ്ങളും അവരെ സഭയുടെ വിശ്വാസപ്രമാണങ്ങളിൽ സംശയാലുക്കളാക്കി. സഭയുടെ പഠനങ്ങളെപ്പററി ഉപയോഗശൂന്യവും വിനാശകരവുമായ ആഖ്യാനപ്രത്യാഖ്യാനങ്ങളുണ്ടായി; സഭയ്ക്കുള്ളിൽ ആദ്യമായി വിശ്വാസവൈപരീത്യങ്ങൾ തലയുയർത്തി. [2]

പാശ്ചാത്യസഭയിലെന്നതിനേക്കാൾ ഗ്രീക്കു പാരമ്പര്യത്തിൽ വളന്ന പൗരസ്ത്യസഭയിലാണ്, പതിതസിദ്ധാന്തങ്ങൾ മുളയെടുത്തു് അതിവേഗം രൂക്ഷതരമായി വളന്നതു്. സഭാകാര്യങ്ങളിൽ നേതൃത്വം നൽകേണ്ട സഭാപിതാക്കന്മാർ തന്നെയാണ് വിശ്വാസവൈപരീത്യങ്ങളിലേയ്ക്കു് ദയനീയമാംവണ്ണം നിപതിച്ചതു് എന്നതു നിർഭാഗ്യകരമായ ഒരു യാഥാർത്ഥ്യമാണ്. അലക്സാൻഡ്രിയായിലെ ഒരു സന്യാസിയും ഡീക്കനുമായിരുന്ന ആരിയൂസ് ഗ്രീക്കുതത്വശാസ്ത്രങ്ങളുടെ മാതൃകയിൽ സഭാതത്വങ്ങളെ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചു. പരിശുദ്ധ ത്രിത്വവും മനുഷ്യാവതാരവും സംബന്ധിച്ച സഭയുടെ അടിസ്ഥാനവിശ്വാസപ്രമാണങ്ങളിന്മേൽ, തെററായ പഠനങ്ങളുമായി മുന്നോട്ടു വന്നു. അവതീർണ്ണനായ മിശിഹാ — ക്രിസ്തു — യഥാർത്ഥദൈവവും യഥാർത്ഥ മനുഷ്യനുമാണെന്നും ത്രിത്വത്തിൻെറ മററിരുവരോടും സ

1. Cicero. റോമിലെ പേയ്ഗൻ തത്വജ്ഞാനിയും പ്രഭാഷകനും.

2. ക്രിസ്തുമതതത്വങ്ങളും ഗ്രീക്കുതത്വജ്ഞാനവും സമന്വയിപ്പിച്ച്, വികാരവിചാരങ്ങളെ സമരസപ്പെടുത്തികൊണ്ടുള്ള പുതിയ തത്വസംഹിതയുണ്ടാകുവാൻ പിന്നീട് ഒരായിരം കൊല്ലംവരെ കാത്തിരിക്കേണ്ടിവന്നു—വി. തോമസ് അക്വിനാസിൻെറ കാലംവരെ.

## അമ്മയുടെ പാദത്തിൽ

(‘കളിമണ്ണു മെനഞ്ഞു മെനഞ്ഞൊരു’....എ. മ.)

അഴലാലെ കുഴഞ്ഞുവലഞ്ഞൊരു
സുതരാകവെ വന്നെത്തി
തവപദതാരിൽ കരമലർ കൂപ്പി
കേഴുന്നു സുതരമ്മേ!
കേഴുന്നു സുതരമ്മേ! (അഴലാലെ....

കാരുണ്യദീപം പാരിന്നു നീയേ
മക്കൾക്കാശ്രയം, തായേ!
പാപവിനാശം ഘോരമതായി
മാനുഷർക്കഹൊ നാശം! (അഴലാലെ....

മാരിവില്ലിനു ശോഭയണച്ചിടും
കാന്തിതാരം നീയേ
വരശോഭയെഴും നിജകരമേകു
വിഭാതതാരമെ, നാഥേ!
കരിനിഴലാഴിയിലലഞ്ഞിടുമിപ്പോൾ
കേഴുന്നു സുതരമ്മേ!
കേഴുന്നു സുതരമ്മേ! (അഴലാലെ....

— *ജി. വെള്ളാനിപ്പറമ്പൻ.*

## സ്നേഹസ്വരൂപിണി നാഥേ!

(‘നെഞ്ചിലൊരാലയ’ത്തിലെ “എങ്കിരുന്നാലും വാഴ്ക” എ മ.)

സ്നേഹസ്വരൂപിണി, നാഥേ! എൻ—
നേർവഴി കാട്ടുക നാഥേ!
ഏഴകൾക്കാശ്രയം നീയേ—എൻ
അഴലിൻ തുണയും നീയേ
നാഥേ, നാഥേ ... (സ്നേഹ....
നിൻതനയൻ സുരലോകം വാഴും!
നരരുടെ രക്ഷാനിധിയാണല്ലോ (2)
മാമകജീവിതപാതയിലെന്നും
നിന്മൊഴി പൂമഴയല്ലോ!
നാഥേ, നാഥേ! (സ്നേഹ....
വെൺമ തൻ മഞ്ജുളമാം തൂമലർ നീ
കന്മഷഹീനയാം കൈവല്യനിധിയേ!
ശുദ്ധിയില്ലാത്തിവർ സിദ്ധരായീടാൻ
ശക്തി നൽകീടണേ നാഥേ!
നാഥേ, നാഥേ! (സ്നേഹ....

— *ബ്രദർ ഈ. വി. തോമസ്.*

---

മശിഹാ —..... മശീർഷനാണെന്നുമുള്ള സഭയുടെ പഠനത്തെ ചോദ്യം ചെയ്തുകൊണ്ട്, പുത്രൻ പിതാവിൽ നിന്നാകയാൽ, പിതാവിനോടൊപ്പം ഉണ്ടായിരുന്നില്ല— എന്നിത്യാദി ധാരാളം ഇടർച്ചകളുണ്ടായി.

‘ആരിയൂസിൻെറ ഇടത്തൂട്’’ എന്നു കുപ്രസിദ്ധമായ ഈ പതിതപഠനങ്ങൾ പൗരസ്ത്യക്രൈസ്തവസഭ മുഴുവൻ പടന്നുപിടിച്ചു. ഒമ്പതോളം മെത്രാന്മാരും നിരവധി സന്യാസീസന്യാസിനികളും വൈദികരും വഴിതെററി ആരിയൂസിൻെറ പക്ഷത്തേയ്ക്കു നീങ്ങി. അലക്സാൻഡ്രിയായിലെ സെൻറ് ഡയോനിഷ്യസ് (St.

Dionysius of Alexandria) തുടങ്ങിയ സിദ്ധന്മാർ പോലും ഈ അബദ്ധസിദ്ധാന്തങ്ങളിൽ ആദ്യകാലത്തു് പെട്ടുപോയതായി സഭാചരിത്രം പറയുന്നു.

## നിഖ്യായിൽ സൂനഹദോസ് കൂടുന്നു.

ഈ പ്രതിസന്ധിയിൽ സഭയുടെ ആത്മീയചൈതന്യം ഉണർന്നെഴുന്നേററു. അതു കെട്ടിപ്പടുത്തിട്ടുള്ളതു് ഉറപ്പേറിയ 'പാറ'മേൽ ആണല്ലൊ. ആത്മപ്രകാശനത്തിന്റെ ദാതാവായ പരിശുദ്ധാരൂപിയുടെ പ്രേരണയാലെന്നവണ്ണം, അന്നു് സഭാപിതാവായിരുന്ന സിൽവസ്റ്റർ മാർപ്പാപ്പാ, ഒരാഗോളമതമഹാസമ്മേളനം നടത്തുന്നതിനു തീരുമാനമെടുത്തു. പതിതസിദ്ധാന്തങ്ങളുടെ വിളഭൂമിയായി മാറിയ പൗരസ്ത്യദേശത്തുതന്നെ അതു വിളിച്ചുകൂട്ടണമെന്നും നിശ്ചയിച്ചു. നിഖ്യാ (Nicaea) ആയിരുന്നു സമ്മേളനസ്ഥലം. മഹാനായ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ രക്ഷാധികാരത്തിൽ എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി.

ക്രിസ്ത്വാബ്ദം 325, മെയ് 20-ാം തീയതി സൂനഹദോസ് ഉൽഘാടനംചെയ്യപ്പെട്ടു. അപ്പസ്തോലപ്രമുഖന്റെ പിൻഗാമിയെന്ന നിലയിൽ റോമയിലെ പാത്രിയർക്കായ പാപ്പായ്ക്കും പുറമെ, അലക്സാന്ത്രിയ, അന്ത്യോക്യ, കോൺസ്റ്റാന്റിനോപ്പിൾ, എന്നീ മൂന്നു പാത്രിയാർക്കുമാരും സമ്മേളനത്തിൽ സംബന്ധിച്ചു. ഏഷ്യയിലേയും യൂറോപ്പിലേയും ആഫ്രിക്കയിലെയും വിവിധ മെത്രാസനങ്ങളെ പ്രതിനിധീകരിച്ചു് 318 മെത്രാന്മാരും സന്നിഹിതരായിരുന്നു. അങ്ങനെ സമ്മേളനത്തിനു സാർവ്വത്രികസഭയെപ്പററി ആധികാരികതീരുമാനങ്ങളെടുക്കാൻ സാധിച്ചു. സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ ഒപ്പിട്ടവരിൽ "പേഴ്"സ്യയുടേയും വലിയ ഇന്ത്യയുടേയും മെത്രാനായ് യോഹന്നാനും കൂടെ ഉൾപ്പെടുന്നുണ്ടു്. അങ്ങനെ, ഇരുളടഞ്ഞ ഭാരതീയ സഭാചരിത്രത്തിൽ ഒരു കൈത്തിരി കൂടെയാണ് ഈ സൂനഹദോസ്. ആ ഭാഗം നില്ക്കട്ടെ.

സൂനഹദോസ് ആരിയൂസിന്റെ അബദ്ധപഠനങ്ങൾക്കെതിരായി, വ്യക്തവും ദൃഢവുമായ തീരുമാനങ്ങളെടുത്തു; സഭയുടെ വിശ്വാസപ്രമാണങ്ങൾക്കു കെട്ടുറപ്പുണ്ടാക്കി. സഭാഭരണത്തിനു വേണ്ട കാനൻ നിയമങ്ങൾ, സഭയുടെ വിശ്വാസപ്രമാണം, നോമ്പു്, പെരുന്നാൾ പ്രാർത്ഥനകൾ, ശിക്ഷണക്രമം എന്നിവയെല്ലാം രൂപീകരിക്കപ്പെട്ടു. മിശിഹായേയും ശ്ലീഹന്മാരേയും അനുകരിച്ചു് വിശ്വാസികൾ മുട്ടുകുത്തിനിന്നു് പ്രാർത്ഥിക്കണമെന്ന വഴക്കം സഭയിലുണ്ടായി, മൂന്നു മെത്രാന്മാർകൂടി, പുതിയ ഒരു മെത്രാനു പട്ടം കൊടുക്കണം എന്നും വ്യവസ്ഥചെയ്തു[3]. സഭയെ ശുശ്രൂഷിക്കുവാൻ ആത്മസമർപ്പണം ചെയ്യുന്നവരായ പുരോഹിതന്മാർ നിത്യബ്രഹ്മചാരികളായിരിക്കണമെന്നും നിഷ്കർഷിച്ചു.

ഇങ്ങനെ, സഭയുടെ നിലനില്പിനും കാര്യക്ഷമമായ നടത്തിപ്പിനും തക്കവണ്ണം അവസരോചിതമായെടുത്ത ഈ നടപടികൾമൂലം ഇടച്ച് അവസാനിച്ചു; സഭയിൽ നിയമനിഷ്ഠയും ശിക്ഷണബോധവുമുണ്ടായി. ആദ്യസൂനഹദോസ് അങ്ങനെ സഭയുടെ മഹാവിജയമായി പരിണമിച്ചു.

അതിനുശേഷം 16 നൂററാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. സഭ ഒരു സാർവ്വലൗകികസ്ഥാപനമായി വളർന്നു. തിന്മയുടെ ശക്തികളും അതുപോലെ വളർന്നിരിക്കുന്നു. ആ തിന്മയുടെ ശക്തികളാകട്ടെ, ശാസ്ത്രത്തെ അടിമയാക്കി, ആററം ബോംബും ഹൈഡ്രജൻ ബോംബുമുണ്ടാക്കിവെച്ചു് മനുഷ്യവർഗ്ഗത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണു്. റഷ്യയിൽ ഇരുന്നോ, അമേരിക്കയിൽ ഇരുന്നോ, ഒരു ബട്ടനമർത്തിയാൽ മതിയല്ലൊ സർവ്വലോകനാശം വരുത്താൻ! മനുഷ്യൻ ഇന്നോളം കെട്ടിപ്പടുത്തുകൊണ്ടുവന്ന സംസ്കാരം പ്രാകൃതത്വത്തിന്റെ മുന്നിൽ നിസ്സഹായതയോടെ നോക്കിക്കൊണ്ടു നില്ക്കുന്നു. സഭയോ? കമ്മ്യൂണിസമോ? അതാണ് ആത്യന്തികമായ ചോദ്യം. അതിനുള്ള ഉത്തരമാണ് ഇപ്പോൾ റോമിൽ നടന്നുകൊണ്ടിരിക്കുന്ന സൂനഹദോസിൽനിന്നു് ജനങ്ങൾ പ്രതീക്ഷിക്കുന്നതു്.

3. A D. 1653 ൽ കേരളസഭയിൽ ആദ്യമായുണ്ടായ ശീശ്മയിൽ, തോമാ ആർച്ചു് ഡീക്കനെ 12 പട്ടക്കാർ കൂടി പട്ടം കൊടുത്തു് മെത്രാനാക്കുകയാണല്ലൊ ചെയ്തതു്.


**K. KURIAN & CO.,**

MANUFACTURERS & SUPPLIERS OF RELIGIOUS GOODS.

*MANNANAM — KERALA STATE*

**Manufacturers of:-** Stand Crosses and Crucifixes in Rosewood and Metal.
**Dealers in:-** Prayer books, Crucifixes, Aluminium medals, Rosaries, Flower vases, Candle Sticks, Altar candles, Statues in Plaster of Paris and Terra-Cotta, Chalice, Monstrance, Turible, Violin goods and Stationary goods, etc.

Illustrated Catalogue free on application.

*Proprietor*

ചേച്ചിയുടെ കത്ത്

# പട്ടം പറന്നപ്പോൾ

*പ്രിയപ്പെട്ട കുഞ്ഞനിയന്മാരേ, അനിയത്തിമാരേ,*

ബോംബെനഗരത്തിലെ 'മറൈൻ ഡ്രൈവി'ലൂടെ ഒരു ചെറുപ്പക്കാരൻ സൈക്കിളിൽ അതിവേഗം യാത്രചെയ്യുകയായിരുന്നു. അപ്പോൾ ഉയരത്തിൽ പറന്നിരുന്ന ഒരു പട്ടം ബന്ധിച്ചിരുന്ന ചരട് അയാളുടെ കഴുത്തിൽ ഉടക്കി. ആ ചരടിന്റെ വലിപ്പത്തിൽ മാത്രമേ മുറിവുണ്ടായുള്ളുവെങ്കിലും അതു താരതമ്യേന അഗാധമായിരുന്നു. പെട്ടെന്ന് അയാൾ ആശുപത്രിയിലേയ്ക്കു സംവഹിക്കപ്പെട്ടു. ഡോക്ടർമാർ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും രക്തസ്രാവം നിറുത്തുവാൻ സാധിച്ചില്ല. എന്തിനേറെ, ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ആ ഹതഭാഗ്യൻ മരണമടഞ്ഞു. പട്ടത്തിന്റെ ചരടിൽ പശയും ചില്ലുപൊടിയും കൂടെ കുഴച്ചു പുരട്ടിയിരുന്നുവെന്നാണ് തുടർന്നുള്ള അന്വേഷണത്തിൽ മനസ്സിലായതു്. മററു പട്ടങ്ങൾ മുറിച്ചുവിടുന്നതിനു പട്ടം പറപ്പിക്കൽ വിരുതന്മാർ ഉപയോഗിക്കുന്ന ഒരു പുതിയ വിദ്യയാണത്രെ ഇതു്.

തീരെ നിസ്സാരമായ ഒരു കളി വളരെ ഗൗരവമുള്ള കാര്യത്തിൽ ചെന്നവസാനിച്ചിരിക്കുന്ന ഈ സംഭവത്തിൽ മനുഷ്യസ്വഭാവത്തിലെ ചില പ്രതീകങ്ങൾ കാണാൻ വിഷമമില്ല. പല ചെറുപ്പക്കാരും ഉയരത്തിൽ പറപ്പിക്കുന്ന പട്ടമാണ് 'അഹങ്കാരം.' തങ്ങളുടെ സാമർത്ഥ്യവും പ്രതാപവും എപ്പോഴും മററുള്ളവരുടെ തലയ്ക്കുമീതെ പറന്നുയരണമെന്ന് അവർ ആഗ്രഹിക്കുന്നു. ഈ 'പറന്നുയരലിൽ' ആർക്ക് എന്തു സംഭവിച്ചാലും തങ്ങൾക്ക് ഒരു ചുക്കുമില്ലെന്ന് അഹങ്കാരികൾ കരുതുന്നു. 'അപ്രതിരോദ്ധ്യ'മെന്നു ഭാവിച്ചുള്ള അവരുടെ മുന്നേററത്തിൽ മററുള്ളവരുടെ മാനധനാദികൾ തകർന്നു വീഴുന്നതു സാധാരണമാണ്. അഹങ്കാരോന്മത്തമായ ചിന്തകളും വചനങ്ങളും പ്രവർത്തനങ്ങളും മൂലം മററുള്ളവരുടെ ജീവഹത്യയ്ക്കുതന്നെ ഇത്തരം പൊങ്ങച്ചക്കാർ കാരണക്കാരായിട്ടുണ്ട്. നേതൃമ്മന്യതയുടെ നേർത്ത ചരടിൽ വിടുവാക്കുകളാകുന്ന ചില്ലുകൾ പൊടിച്ച് അവസരസേവകത്വത്തിന്റെ പശയിൽ കുഴച്ച് അവർ തേച്ചുപിടിപ്പിക്കും. ആപച്ഛങ്കകൂടാതെ സ്വന്തം ജീവിതസരണിയിൽ യാത്രചെയ്യുന്ന നിർദ്ദോഷികളുടെ കഴുത്തിലും ഹൃദയത്തിലുമൊക്കെ ആ 'ചില്ലുചരട്' ആഴമുള്ള മുറിവേല്പിക്കുന്നതു് പെട്ടെന്ന് ആരും അറിയുകയില്ല. തന്മൂലം തീരാദുഃഖങ്ങളിലും ദുസ്സഹദുരിതങ്ങളിലുമാണ്ട് 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന മട്ടിൽ പല വ്യക്തിജീവിതങ്ങളും അധഃപതിച്ചുപോകുന്നു. ആത്മഹത്യയുടെ പാഴ്ക്കുഴിയിൽ വീണു നിത്യമായി നശിക്കുന്നവരും കുറവല്ല.

അഹങ്കാരത്തെ നമ്മുടെ ദുർഗ്ഗുണങ്ങളുടെ നാരായവേരായി കരുതണം. ബാല്യത്തിലേ അതു പിഴുതുനീക്കിയില്ലെങ്കിൽ ആഴത്തിൽക്കടന്നുറച്ചുപോകും. അനവധി സഹജീവികളുടെയും, അവസാനം നാമോരോരുത്തരുടെയും, നാശത്തിന്റെ പട്ടം പറക്കുന്ന ചരടായി അതു രൂപാന്തരപ്പെടും. ഡിസംബർമാസത്തിലെ കുളിരണിഞ്ഞ പാതിരാത്രിയിൽ കാലിത്തൊഴുത്തിൽ നിസ്സ്വനായിപ്പിറന്ന ഉണ്ണിയേശുവിനെ ഒന്നുററുനോക്കുന്നതു് അഹങ്കാരത്തിന്റെ നാരായവേരിളക്കുവാൻ പര്യാപ്തമായിരിക്കും. നവവത്സരാശംസകളോടെ,

*— നിങ്ങളുടെ ചേച്ചി.*

കല്യാണസാരികൾക്കു
വെള്ളാനിക്കാരൻസ്
മോഡേൺ
ഫേബ്രിക്സ്
PHONE 90
ചാലക്കുടി



*"എന്താ, നമ്മുടെ മൊതലാളീടെ കടയിൽ വല്ലാത്ത ബഹളം?"*

*"ഓ, അയാളുടെ പണപ്പെട്ടീന്ന് ഒരു നയാപൈസ പോയത്രെ. അതിന്റെ അന്വേഷണമാണ്."*

# കടലാസുപൂക്കൾ

*(7-ാം പേജിൽ നിന്നു തുടർച്ച)*

(7-ാം പേജിൽ നിന്നു തുടർച്ച)

കൂട്ടം. അവൾ വെട്ടിയിടും. ജോണി ഇതളുകൾ കൂട്ടിക്കെട്ടും. ജോണിയുടെ ഇളയപെങ്ങൾ മറിയാമ്മ അവസാനത്തെ മിനുക്കുപണികൾ നടത്തും. മറിയാമ്മയും സിസിലിയാമ്മയും ഒരു ക്ലാസ്സിൽ പഠിക്കുന്നു—ജോണി അവരേക്കാൾ ഒരു ക്ലാസ്സു മുമ്പാണ്.

ഒരു ദിവസം പൂക്കൾ ഉണ്ടാക്കാൻ വന്നപ്പോൾ ജോണി തടിച്ച ഒരു പുസ്തകം വായിക്കുകയായിരുന്നു.

"ഇന്നു് പൂവുണ്ടാക്കുന്നില്ലേ?" ഒച്ചവെയ്ക്കാതെ കടന്നുവന്ന ഒരു പൈങ്കിളിയെപ്പോലെ അവൾ ചോദിച്ചു.

"ഇന്നു് അല്പം വായനയിലാണ്. സിസിലിയാമ്മ ഇരുന്നു് ഉണ്ടാക്കൂ." അവൻ മറുപടി പറഞ്ഞു. കടലാസും കത്രികയും എവിടെയാണെന്നു് അവൾക്കറിയാം.

"ജോണിച്ചേട്ടൻ ഒത്തിരി പുസ്തകങ്ങൾ വായിക്കുന്നുണ്ടല്ലോ?" അവൾ വീണ്ടും ചോദിച്ചു.

"വായനശാലയിൽ മെമ്പർഷിപ്പെടുത്തിട്ടുണ്ടു്."

"കഥാപുസ്തകങ്ങളാണോ വായിക്കുന്നതു്?"

"അതെ."

"വായന കഴിഞ്ഞാൽ എനിക്കുകൂടെ തരാമോ?"

"തരാം."

അവിടന്നങ്ങോട്ടു ഗ്രാമീണവായനശാലയിലെ കഥാപുസ്തകങ്ങളുടെ കൈമാററമാണ്. ആദ്യമാദ്യമൊക്കെ സിസിലിയാമ്മ അതിൽ താല്പര്യം കാണിച്ചു. പിന്നീടു പിന്നീടു് അവൾക്കു് അതു വേണ്ടെന്നായി. ഒരു ദിവസം പുസ്തകം മടക്കിക്കൊടുത്തുകൊണ്ടു് അവൾ ചോദിച്ചു: "ജോണിച്ചേട്ടൻ ഇത്തരം പുസ്തകങ്ങളാണോ വായിക്കുന്നതു്?"

"എന്താ അതിൽ തെററു്?"

"ഒരു തെററുമില്ല. വീട്ടിൽ ആരും കാണണ്ടാ."

"ഇനി പുസ്തകം വേണ്ടേ?"

"വേണ്ടാ."

അന്നുമുതൽ സിസിലിയാമ്മ ജോണിയുടെ വീട്ടിൽ വരുന്നതിൽ കുറവു വരുത്തി. ജൂൺമാസത്തിൽ സ്കൂൾ തുറന്നപ്പോൾ അവൾ സിക്സ്ത്തിലേയ്ക്കു ജയിച്ചു. ജോണി എറണാകുളത്തുള്ള ഒരു കോളെജിൽ ചേർന്നു. മറിയാമ്മയുടെ കല്യാണം കഴിഞ്ഞു. ആ നാട്ടിലേയ്ക്കുതന്നെയാണ്. അതുകൊണ്ടു് സിസിലിയാമ്മയും മറിയാമ്മയും പിന്നീടും ഇടയ്ക്കൊക്കെ കൂടിക്കാണാറുണ്ടു്.

ജോണി സീസൺ ടിക്കറെറടുത്തു് എന്നും കോളെജിൽനിന്നു വീട്ടിലേയ്ക്കു വരികയാണ്. ചിലപ്പോൾ സിസിലിയാമ്മ സ്കൂൾ വിട്ടു വരുമ്പോൾ അവർ തമ്മിൽ കാണാറുണ്ടു്. കണ്ടാലും ഒന്നും മിണ്ടില്ല. അവൾ മുഖം കുനിച്ചു നടന്നുപോകും.

എറണാകുളത്തുവെച്ചു് ഒരിക്കൽ സിസിലിയാമ്മ ജോണിയെ കണ്ടു. അവൾ ബ്രോഡ്‌വേയിൽക്കൂടി നടന്നുപോകുമ്പോൾ ജോണി സിനിമാതിയററിൽ നിന്നു വരുന്നു. കൂടെ വേറെ ചിലരുമുണ്ടു്. അവൾ അങ്ങോട്ടു നോക്കിയില്ല. വേഗം നടന്നുപോയി.

സിക്സ്ത്തു കഴിഞ്ഞപ്പോൾ കോളെജിൽ ചേർന്നു് പഠിക്കാൻ സിസിലിയാമ്മയുടെ അപ്പൻ പറഞ്ഞതാണ്. വേണ്ടെന്നു് അവൾ തീർത്തുപറഞ്ഞു. അവൾക്കു മഠത്തിൽ ചേരണം—ഫോർട്ടു കൊച്ചിയിലുള്ള ഒരു കോൺവെൻറിൽ. ആ കോൺവെൻറിൽ ചേർന്നാൽ അവൾക്കൊരു മെഡിക്കൽ സിസ്റ്റർ ആകാം. അതിനു വേണ്ടിയാണ് അവിടെത്തന്നെ ചേരണമെന്നു് അവൾ നിർബന്ധിച്ചതു്.

മഠത്തിൽ ചേർന്നതോടെ നാട്ടിലെ സകല വിശേഷങ്ങളും സിസിലിയാമ്മ മറന്നു. വല്ലപ്പോഴുമൊരിക്കൽ അപ്പൻ കാണാൻ വരും. അപ്പോഴാണ് നാടിനേയും വീടിനേയും പററി അവൾ വീണ്ടും ഓർക്കുക!

ഒരിക്കൽ അപ്പച്ചൻ വന്നപ്പോൾ അവൾ ഒരു പുതിയ വിശേഷം കേട്ടു. ജോണിച്ചേട്ടൻ നാടുവിട്ടു പോയെന്നു്. ആരോടും പറയാതെയാണ് പോയതു്. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഡെൽഹിയിൽനിന്നു് ഒരു കത്തു വന്നു, അവിടെ ഒരു ജോലിയുണ്ടെന്നു പറഞ്ഞു്. പിന്നീടു ഒരു വിവരവുമില്ല. ഇത്രയും കാര്യമാണ് അപ്പച്ചൻ പറഞ്ഞതു്. അതു കേട്ടപ്പോൾ സിസിലിയാമ്മയുടെ മനസ്സിൽനിന്നു് അവളറിയാതെത്തന്നെ

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോററുപാത്രങ്ങൾക്കു്

PHONE: 789

Wares

റൗണ്ടു് സൗത്തു്, :: തൃശ്ശൂർ.

ഒരു പ്രാർത്ഥന പുറപ്പെട്ടു: "കർത്താവേ! ജോണിച്ചേട്ടന് സൽബുദ്ധി കൊടുക്കണേ!" അതിൽ കൂടുതലൊന്നും അവൾക്കു പ്രാർത്ഥിക്കാനില്ല. അന്ന് ജോണിച്ചേട്ടൻെറ ആ പുസ്തകവായന മുറുകിയിരുന്ന കാലത്താണ് അവൾ ആദ്യമായി അങ്ങനെ പ്രാർത്ഥിച്ചത്. ഇന്ന് ജോണിച്ചേട്ടൻ ആരോടും പറയാതെ നാടു വിട്ടുവെന്ന് കേട്ടപ്പോഴും അവളാ പ്രാർത്ഥന ആവർത്തിക്കുന്നു. അതിൽ കൂടുതലൊന്നും അവൾക്കു ചെയ്യാനില്ല. അവൾ ചെയ്യേണ്ടതായിട്ടുമില്ല.

ചെറുപ്പംതൊട്ടേ അവർ കണ്ടു പരിചയിച്ചവരായിരുന്നു. സ്വന്തം ചേട്ടൻെറ അടുത്തു പോകുന്നതുപോലെയാണ് അവൾ ജോണിയുടെ അടുത്തു പോയത്; കടലാസുപൂക്കൾ ഉണ്ടാക്കിയത്; പുസ്തകങ്ങൾ വാങ്ങി വായിച്ചത്. കുറെ കഴിഞ്ഞപ്പോൾ ആ എല്ലാ ബന്ധങ്ങളും അവൾ ഒരുമിച്ചവസാനിപ്പിച്ചു — ജോണിച്ചേട്ടനു് അറിയാവുന്നവിധം ഒരു താക്കീതു കൊടുത്തുകൊണ്ട്!

സിസിലിയാമ്മ ഇന്നു സിസ്റ്റർ ബാസിലാണ്. നേഴ്സിങ്ങ് പരീക്ഷ പാസ്സായ സിസ്റ്റർ ബാസിൽ എറണാകുളത്തെ ഒരു ആശുപത്രിയിൽ ജോലി ചെയ്യുന്നു.

അപ്പോൾ കോൺപൂരിലെ ഒരു തുണിമില്ലിൽ സകലവിധ സുഖൈശ്വര്യങ്ങളുടേയും നടുവിൽ ഒരു ചെറുപ്പക്കാരൻ ജോലി ചെയ്യുന്നു — ജോണി! ജോലിക്കുവേണ്ടി അയാൾ ഡെൽഹിയിൽനിന്ന് അവിടെ വന്നതാണ്. അതു കിട്ടുകയുംചെയ്തു. അയാൾ പ്രതീക്ഷിച്ചതിലും കവിഞ്ഞുള്ള ഒരു ജോലി. അതു കിട്ടിക്കഴിഞ്ഞ ശേഷം നാടിനെപ്പററിയും വീടിനെപ്പററിയും ചിന്തിക്കാൻ അയാൾക്കു സമയം കിട്ടിയില്ല. അവസാനമായി അയാളെ ഒരു നോക്കു കാണുന്നതിനുപോലും ഭാഗ്യമില്ലാതെ അയാളുടെ മാതാപിതാക്കൾ നീറിനീറി മരിക്കുകയാണ് ഉണ്ടായത്. പാവം മറിയാമ്മ! പൊട്ടിപ്പോയ ഒരു ബന്ധത്തിൻെറ മൂർച്ചയുള്ള കണ്ണികണക്കെ അവൾ മാത്രം ഇനി ബാക്കിയുണ്ട്!

ജീവിതം സുഖിക്കാൻ വേണ്ടിമാത്രം ഉള്ളതാണെന്നായിരുന്നു ജോണിയുടെ വിശ്വാസപ്രമാണം. ആ വിശ്വാസപ്രമാണത്തിനിണങ്ങുന്ന എല്ലാം കോൺപൂരിൽ സുലഭമായിരുന്നു.

വർഷങ്ങൾക്കു ജെററുവിമാനത്തിൻെറ വേഗതയുണ്ടായിരുന്നു. ഒരു ദിവസം നേരം വെളുത്തപ്പോൾ തൻെറ സുഖജീവിതത്തിനു് മീതെ ഒരു പോറൽ ഏല്ക്കുന്നതുപോലെ ജോണിക്ക് ഒരു തോന്നൽ! തൻെറ വിശ്വാസപ്രമാണത്തിൻെറ മീതെ മാറാല പിടിച്ചതുപോലെ ഒരു പ്രതീതി!

കോൺപൂർ കൻേറാൺമെൻറിലെ സിവിൽ ആശുപത്രിയിൽ പോയി ഒരു പരിശോധന നടത്താൻ പ്രയാസമില്ലായിരുന്നു.

"ഗ്രോസ് വൈഡ് സ്പ്രെഡ് ലങ്സ് ട്യൂമർ. ഓപ്പറേഷൻ അൺസക്സസ്ഫുൾ" പരിചയക്കാരനായ ആ ഡോക്ടർ മറെറാരു സ്നേഹിതനോടാണ് വിവരം പറഞ്ഞത്.

ഒരു മാസം ഇഞ്ചക്ഷനും മരുന്നുമായി അവിടെ കിടന്നു. ഒരു ഭേദവുമില്ല. നെഞ്ചു പൊളിയുകയാണ്. കരുവാൻെറ ആലയിലെ കൂടമെടുത്ത് ആരോ അടിച്ചുപൊളിക്കുന്നതുപോലെ! ജീവിതത്തിൽ ആദ്യമായി മരണത്തെപ്പററി ജോണി ഭയപ്പെട്ടു. വീട്ടിലേയ്ക്ക് ആദ്യമായി ഒരു കത്തെഴുതി. മറിയാമ്മയാണ് അതിനു മറുപടി അയച്ചത്. എത്രയും വേഗം നാട്ടിൽ മടങ്ങിയെത്താൻ അവളാകത്തിൽ ആവശ്യപ്പെട്ടിരുന്നു.

വർഷങ്ങളുടെ പരിചയം മടക്കിക്കെട്ടിക്കൊണ്ട് ജോണി ആ നഗരത്തിൽനിന്നു പുറപ്പെട്ടു. എറണാകുളംവരെ ഒരു സ്നേഹിതനും കൂട്ടിനുണ്ടായിരുന്നു. ആശുപത്രിയിലാക്കിയിട്ട് അയാൾ മടങ്ങിപ്പോയി.

ജോണിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിൻെറ പിറേറന്ന് മറിയാമ്മ ആശുപത്രിയിൽ വന്നു. അവളുടെ ഭർത്താവും വന്നു. സിസ്റ്റർ ബാസിൽ അവിടെയുണ്ടെന്ന് അവക്കറിഞ്ഞുകൂടായിരുന്നു. വളരെ നാളായി അവർ തമ്മിൽ എന്തെങ്കിലും വിവരം അറിഞ്ഞിട്ട്.

ജോണിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിൻെറ രണ്ടാംദിവസമാണ് സിസ്റ്റർ ബാസിൽ അയാളെ കണ്ടത്. കടലാസുപൂക്കളുണ്ടാക്കി കളിപ്പിച്ചിരുന്ന കൊച്ചു സിസിലിയാമ്മയല്ല അവരിന്ന്. ഉത്തരവാദിത്വമുള്ള ഒരു മെഡിക്കൽ സിസ്റ്റർ! ആ ആശുപത്രിയിലെ അനേകം രോഗികൾ ആശ്വാസത്തിനുവേണ്ടി ഉററുനോക്കുന്നത് അവരുടെ മുഖത്തേയ്ക്കാണ്. പ്രകാശമാന്ന കണ്ണുകളുമായി ഒരു വികസിതകുസുമംപോലെ അവർ ആശുപത്രിയുടെ ഒരററം മുതൽ മറേറ അററംവരെ നടക്കും.

ഇന്നലെ—

പെട്ടെന്ന് ആ മുഖത്തെ പ്രകാശത്തിന് ഒരു കോട്ടം വന്നതുപോലെ തോന്നി. പതിവില്ലാത്ത മാതിരി പല പ്രാവശ്യം അവർ ഒരു കട്ടിലിൻെറ അടുത്തേയ്ക്കു പോകുന്നു.

"സിസ്റ്റർ! ഞാൻ പറഞ്ഞ സഹോദരിയെ കണ്ടുപിടിച്ചോ?" സിസ്റ്റർ ബാസിൽ വീണ്ടും അടുത്തു വന്നപ്പോൾ ജോണി ചോദിച്ചു.

"ഇല്ല" അവർ മറുപടി പറഞ്ഞു. എന്നിട്ട് തിരുഹൃദയരൂപത്തിലേയ്ക്കു തറച്ചുനോക്കി.

"എങ്ങനെയെങ്കിലും അവരെയൊന്നു കണ്ടുപിടിക്കു സിസ്റ്റർ!" അതൊരു യാചനയായിരുന്നു.

"എന്തിനാ?" സിസ്റ്റർ ബാസിൽ ധൈര്യം നടിച്ചു.

"എനിക്ക് അവസാനമായിട്ടൊന്നു കാണാൻ."

"ഞാൻ അന്വേഷിച്ചിട്ട് ഇതുവരെ അങ്ങനെ ഒരാളെ മനസ്സിലായില്ല."

പെട്ടെന്നു ജോണിക്കു ചുമ വന്നു. ശ്വാസകോശം പിഴുതെടുക്കുന്ന ചുമ! അതൊന്നു പറിഞ്ഞുപോയെ

ങ്കിൽ! ചുമച്ചുചുമച്ച് ശബ്ദം പൊട്ടുന്നു വരാതായി. സിസ്റ്റർ ബാസിൽ അയാളുടെ നെഞ്ചത്തു തടവി. ചുമ മാറിയപ്പോൾ രണ്ടു ഗുളിക വായിലിട്ടുകൊടുത്തുകൊണ്ട് അവർ അടുത്ത രോഗിയുടെ അടുത്തേയ്ക്കു പോയി.

സിസ്റ്റർ ബാസിൽ പോയി കുറച്ചു കഴിഞ്ഞപ്പോൾ മറിയാമ്മയുടെ ഭർത്താവു വന്നു. ദിവസത്തിലൊരിക്കലെങ്കിലും അയാൾ ആശുപത്രിയിൽ വന്ന് വിവരങ്ങളറിഞ്ഞു പോകുകയാണ് പതിവ്.

"മറിയാമ്മ വന്നില്ലേ?'' പ്രതീക്ഷകൾ വാടിക്കരിഞ്ഞ മുഖമുയർത്തിക്കൊണ്ട് ജോണി ചോദിച്ചു.

"ഇനി നാളെ വരും'' അയാൾ മറുപടി പറഞ്ഞു.

"എനിക്കിനി അധികം താമസമില്ല. ആരുമൊരുമില്ലാത്ത ഞാൻ മരിക്കുമ്പോൾ അവളെങ്കിലും എന്റെ അടുത്തുണ്ടാകണം.''

"സംസാരിച്ചു ശരീരം ഇളക്കാതെ. മറിയാമ്മ രാവിലെതന്നെ വരും.''

"അളിയൻ ഇന്നു പോകണ്ട. ചിലപ്പോൾ ഇന്നു രാത്രിതന്നെ ....." തുടർന്നു സംസാരിക്കാൻ ജോണിക്കു വാക്കുകൾ കിട്ടിയില്ല. കണ്ണുകളിൽ വെള്ളം നിറഞ്ഞു. കിടക്കയിൽ മുഖമമർത്തിക്കിടന്ന് അയാൾ വീണ്ടും കരഞ്ഞു.

മരണത്തിന്റെ മണിക്കൂറുകൾ എണ്ണപ്പെട്ടുകയായിരുന്നു. ഡോക്ടർ വന്നു. പോയി. സിസ്റ്റർ ബാസിൽ പലപ്പോഴും അടുപ്പിച്ചടുപ്പിച്ചു വരുന്നു. വരുമ്പോഴൊക്കെ ജോണി ആ ചോദ്യം ആവർത്തിക്കും:_ "ആ സിസ്റ്ററെ കണ്ടുപിടിച്ചോ?"

"ഇല്ല. ഞാൻ അന്വേഷിക്കുന്നുണ്ട്."

'ഇനി അന്വേഷിക്കണ്ട സിസ്റ്റർ. അതിനു മുമ്പു തന്നെ ഞാൻ മരിക്കും." മരണത്തിന്റെ മുമ്പിൽ ഭയപ്പാടുമാത്രം ശേഷിച്ച ഒരു മനുഷ്യന്റെ ശബ്ദം! അയാൾ വീണ്ടും പറഞ്ഞു:

"എന്നാലും എനിക്കൊരാശ, സിസ്റ്റർ. അവളെയൊന്നു കണ്ടാൽ കൊള്ളാമെന്ന്. ഒരുപക്ഷെ ലോകത്തിൽ മററാരും എനിക്ക് ഇല്ലാത്തതുകൊണ്ടാകാം."

"ഒരു പാവപ്പെട്ട കന്യാസ്ത്രീയെ കണ്ടിട്ട് എന്താ കാര്യം ജോണി?" സിസ്റ്റർ ബാസിൽ ഒരു അനുനയം പ്രയോഗിക്കുകയായിരുന്നു.

"അങ്ങനെയല്ല സിസ്റ്റർ. അവരൊരു മാലാഖയാണ്. ദീർഘദർശിയാണ്. അവരെ ഞാൻ ബഹുമാനിക്കുന്നു."

നീണ്ട ഒരു രാത്രിയായിരുന്നു അത്. വേദനയുടെ രാത്രി! കറുത്തപക്ഷത്തിലെ ചന്ദ്രൻ പാതിരയോട് അടുത്താണ് പടിഞ്ഞാറ പ്രത്യക്ഷപ്പെട്ടത്. വേദനയുടെ സ്വപ്നലോകംപോലെ ആ ആശുപത്രിപ്പരിസരങ്ങൾ മയങ്ങിക്കിടക്കുന്നു. ചില വാർഡുകളിൽനിന്നു മാത്രം രോഗികളുടെ ഞരക്കങ്ങൾ കേൾക്കാം. മരണത്തോടു മല്ലടിക്കുന്നവരും ജീവിക്കാൻ വെമ്പുന്നവരുമായ മനുഷ്യരുടെ ഞരക്കങ്ങൾ.

ചാപ്പലിൽ ദേവമാതാവിന്റെ പ്രതിമയ്ക്കു മുന്നിൽ വൈദ്യുതദീപങ്ങൾ പ്രകാശം പരത്തി നില്ക്കുന്നു. പുൽക്കൊടികളിൽ തുഷാരബിന്ദുക്കൾ മയങ്ങിക്കിടക്കുകയാണ്. കിഴക്കുനിന്നു വരുന്ന കാററത്ത് തോട്ടത്തിലെ ചെടികളും പൂക്കളും തലയാട്ടിനില്ക്കുന്നു. അമ്പിളിക്കീറ് സാവധാനം ചക്രവാളച്ചെരിവിലേയ്ക്കു നീങ്ങി.

സിസ്റ്റർ ബാസിൽതന്നെയാണ് സർജിക്കൽ വാർഡിൽ നൈററ ഡ്യൂട്ടി. അന്ന് മറെറാരു സിസ്റ്ററിനു പകരമാണ് അവർ നില്ക്കുന്നത്.

പത്താം നമ്പ്ര് കട്ടിലിൽനിന്നു നീണ്ട ഒരു ചുമ കേട്ടു. കൂടെ ഒരു നിലവിളിയും. 'ജോണി!' സിസ്റ്റർ ബാസിൽ അയാളുടെ അടുത്ത് എത്തിക്കഴിഞ്ഞു. പക്ഷെ അവരുടെ വിളിക്ക് മറുപടി പറയാൻ ജോണിയുടെ ശബ്ദം പൊന്തിയില്ല. അയാൾ കൈകൊണ്ട് എന്തോ കാട്ടി. സിസ്റ്റർ ബാസിൽ പെട്ടെന്നു ഡോക്ടറുടെ ക്വാർട്ടേഴ്സിലേയ്ക്കോടി. ഡോക്ടർ വേഗം എണീററുവന്നു. ഡോക്ടർ വരുമ്പോഴേയ്ക്കും ചുമ നിലച്ചിരുന്നു. അദ്ദേഹം ഒന്നു നോക്കിയതേയുള്ളു. കിടക്കയുടെ വെള്ളവിരിപ്പെടുത്ത് ആ മനുഷ്യന്റെ മുഖം മൂടിക്കൊണ്ട് അദ്ദേഹം തിരിച്ചുനടന്നു.

സിസ്റ്റർ ബാസിൽ നീങ്ങിനിന്ന് കണ്ണുനീർ തുടച്ചു. തിരുഹൃദയരൂപത്തിന്റെ താഴെ വെച്ചിരുന്ന കടലാസുപൂക്കളിൽ ഒന്ന് അടർന്നു താഴെ വീണു.

★


പുതുമയേറിയ കല്യാണപ്പുടവകൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോനഅന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

# ബാലരംഗം

*നാടോടിക്കഥ*

## ഒട്ടകവും കുറുക്കനും

ഒരു നദിയുടെ തീരത്തു് ഒരൊട്ടകവും കുറുക്കനും ജീവിച്ചിരുന്നു. രണ്ടുപേരും സ്നേഹിതന്മാരാണ്. അവർ ഇണപിരിയാതെ ജീവിച്ചുപോന്നു.

ഒരു ദിവസം, നദിയുടെ മറുകരയിൽ ധാരാളം ഞണ്ടുകളുണ്ടെന്നു് കുറുക്കനറിഞ്ഞു. കുറുക്കനു് വല്ലാത്ത വിശപ്പുമുണ്ടു്. ഓർത്തപ്പോൾ വായിൽ വെള്ളമൂറുന്നു. നദിയുടെ അക്കരയ്ക്കു് കടക്കാനെന്താണ് വഴി? സൂത്രശാലിയായ കുറുക്കൻ ഒട്ടകത്തോടു് പറഞ്ഞു:—

"ഈ നദിയുടെ അക്കരെ ധാന്യങ്ങൾ ധാരാളം വിളഞ്ഞു നിൽപുണ്ടു്. നമുക്കവിടേയ്ക്കു പോകാം. എനിക്കും എന്തെങ്കിലും കിട്ടാതിരിക്കുകയില്ല."

നദിയിൽ ഒട്ടകത്തിന്നു് നിലയുണ്ടായിരുന്നു. അതിനാൽ കുറുക്കനെ പുറത്തു കയററി ഒട്ടകം മറുകരയിലെത്തി. ഒട്ടകത്തിൻെറ പുറത്തുനിന്നും കുറുക്കൻ താഴെയിറങ്ങി നോക്കിയപ്പോൾ ധാരാളം ഞണ്ടുകൾ! കുറുക്കൻ അവയെ പിടിച്ചു് തിന്നുതുടങ്ങി. ഒട്ടകം വിളഞ്ഞ ധാന്യങ്ങളും നോക്കി നടന്നു. ധാന്യങ്ങളൊന്നും വിളഞ്ഞു കാണാനില്ല. ഒട്ടകം നിരാശയോടെ ചുററി നടന്നു. ഈ സമയത്തിനിടയ്ക്കു് കുറുക്കൻ വിശപ്പു മാറുവോളം ഞണ്ടിനെ തിന്നുകഴിഞ്ഞു. വിശപ്പു തീന്നപ്പോൾ ഒട്ടകത്തെ ഒന്നുകൂടി കളിപ്പിക്കണമെന്നു കുറുക്കനു തോന്നി. അവൻ ഉച്ചത്തിൽ ഓളിയിടാൻ തുടങ്ങി. ശബ്ദം കേട്ട കാവൽക്കാരൻ പുറത്തു കടന്നു നോക്കി. അപ്പോഴുണ്ടു ഒരൊട്ടകം വയലിൽ നില്ക്കുന്നു. കാവൽക്കാരൻ ഉടനെ ഒരു വടിയെടുത്തു് ഒട്ടകത്തെ തല്ലിയോടിച്ചു. ഒട്ടകം ചെന്നു് നദിയിൽ ചാടി. ഉടനെ കുറുക്കനും ഓടിച്ചെന്നു് ഒട്ടകത്തിൻെറ പുറത്തു കയറി. നദിയുടെ നടുവിലെത്തിയപ്പോൾ ഒട്ടകം ചോദിച്ചു: —

"നീ എന്തിനാണ് ഓളിയിട്ടതു്?"

"എനിക്കു വിശപ്പു മാറിയാൽ അതൊരു പതിവാണ്" —കുറുക്കൻ പറഞ്ഞു.

"എനിക്കു് വിശപ്പു മാറിയില്ലെങ്കിൽ എൻെറ ദേഹത്തൊന്നും ഇരിക്കരുതെന്നാണെൻെറ നിയമം"— എന്നു പറഞ്ഞു് ഒട്ടകം കുറുക്കനെ പുറത്തുനിന്നും തട്ടിയിട്ടു. ഒട്ടകം കരയ്ക്കു കയറി. കുറുക്കൻ നദിയിൽ നിലയില്ലാതെ മുങ്ങിച്ചാകുകയും ചെയ്തു.

— സണ്ണി ജോസഫ്, മാള.

*PERMISSU SUPERIORUM*
Edited & Published by Fr. J. Chemmanoor B. A.
Printed at the
Union Press, Mariapuram, Trichur -5.

## മരിയാഗാനം

(ആശതൻ പൂന്തേൻ.......എ, മ.)

മാനവഹൃത്തിൽ ആനന്ദമേകാൻ
മാമരിയാളെ രക്ഷകൻ തന്നുപോയ്
മേരിസുതർ പാപമതിൽ വീഴുമോ?
സ്വർഗ്ഗരാജ്യപൂന്തോപ്പിൽ റാണിയായി പൊന്തി നീ....
(റാണി........

വരമേകാനാളായി, കരമേകാനാളായി
വാനത്തിലോടിവരൂ മാതാവേ
ഒരു പുതിയ വരം കൊണ്ടുവരൂ മാതാവേ. (മാനവ....
നിൻ പുറകെ സ്വർഗ്ഗത്തിൽ മെല്ലെ മെല്ലെ വന്നു ഞാൻ
വാനവരെ കാണുമ്പോൾ സാനന്ദം കൊണ്ടുഞാൻ (2)
നാഥൻെറ വീണയിൽ സംഗീതം മീട്ടും ഞാൻ (2)
എണ്ണുമെണ്ണുനിൻ സ്നേഹഗീതം വിടർത്തുമേ മാമരിയെ.
(മാനവ....

— മേരി പി. വള്ളക്കുളം.

## കണക്കുകൾ

1) എൻെറ ക്ലാസിലെ എല്ലാ കുട്ടികളിൽനിന്നും 7 നയാപൈസവീതം പിരിവെടുത്തു. ആ സംഖ്യ മുഴുവൻ 2ന.പ. വീതമാക്കി ഭാഗിച്ചാൽ 1ന.പ. ബാക്കി വരും. 3ന.പ. വീതമാക്കി ഭാഗിച്ചാലും 1ന.പ. ബാക്കിവരും. 4, 5, 6 എന്നിതോതിൽ ഭാഗിച്ചാലും 1ന.പ. ബാക്കിവരും. എന്നാൽ ഞങ്ങൾ എത്ര പേരാണ് ക്ലാസിൽ?

— ജെ. കെ. തട്ടിൽ, തലോർ.

2) ജോയി തൻെറ വീട്ടിലുള്ള മാവിന്മേൽ ഗോപിയെ കയററി കുറച്ചു മാങ്ങ പറിച്ചു. കൂലിയായി മൂന്നിലൊരുഭാഗം മാങ്ങ ഗോപിക്കു കൊടുക്കുകയും ചെയ്തു. ബാക്കിയുള്ളതിൽനിന്നും ഒരു മാങ്ങകൂടി ഗോപിക്കു കൊടുത്താൽ രണ്ടുപേർക്കും മാങ്ങ സമമായിരിക്കും. എന്നാൽ മാവിൽനിന്നും പറിച്ചെടുത്ത മാങ്ങ എത്ര?

— ജോർജ്ജ് ആൻറണി, മാള.

3) ഒരു മാമ്പഴവ്യാപാരിയോടു് അയാളുടെ കൊട്ടയിലെത്ര മാമ്പഴമുണ്ടെന്നു ചോദിച്ചപ്പോൾ,—രണ്ടുവീതം എണ്ണിയാൽ ഒരെണ്ണം ബാക്കി വരും, മൂന്നുവീതമെണ്ണിയാൽ രണ്ടെണ്ണം ബാക്കി വരും, നാലുവീതമെണ്ണിയാൽ മൂന്നെണ്ണം ബാക്കി വരും, അഞ്ചുവീതമെണ്ണിയാൽ നാലെണ്ണം ബാക്കി വരും, ആറുവീതമെണ്ണിയാൽ അഞ്ചെണ്ണം ബാക്കി വരും, ഏഴുവീതമെണ്ണിയാൽ ഒന്നും ബാക്കിവരികയില്ല—എന്നു പറഞ്ഞു. എങ്കിൽ ആ കൊട്ടയിലെത്ര മാമ്പഴം?

— കെ. എം. സബാസ്റ്റ്യൻ, കോയമ്പത്തൂർ.

*(ഉത്തരങ്ങൾ അടുത്ത പേജിൽ)*

## ഫലിതബിന്ദുക്കൾ

ഡോക്ടർ:— "എടോ മരുന്നു കുടിച്ചിട്ടു് കുറവുണ്ടോ?"
രോഗി:— "ഉണ്ടു്. മരുന്നു് പകുതിയായി."

— കെ. ഒ. ജോസഫ്.

* * *

"ആവാര" ഷർട്ടണിഞ്ഞ മകനോട്ട് പിതാവ് ഉപദേശിച്ചു— "ഈ വേഷം ധരിച്ച് നീ അങ്ങാടിയിൽകൂടി നടക്കരുത്. കേട്ടോ മോനെ."

മകൻ:__"ഓടിയാൽ വീഴുമെന്നാണമ്മച്ചി പറഞ്ഞിരിക്കുന്നത്." — കൊച്ചുവർക്കി, തിരുത്തിപറമ്പ്.

*　　　*　　　*

പിതാവ് മകനെ വിളിച്ചു പറഞ്ഞു_"നീ ആ പശുവിനെ പാടത്തു കൊണ്ടുപോയി തീററ്. ഒരു കട നെല്ലു തീററരുത്."

പശുവിനെ തീററി വന്ന മകൻെറ കയ്യിൽ ഒരു കട നെല്ലിരിക്കുന്നതു കണ്ട പിതാവ് ചോദിച്ചു_"എന്തിനാടാ നെല്ലിൻെറ കട പറിച്ചുകൊണ്ടുവന്നത്?"

മകൻ:_ "ഒരു കട നെല്ലൊഴിച്ച് ബാക്കിയെല്ലാം തീററാനല്ലെ അപ്പൻ പറഞ്ഞത്?"

— യു. വി. ആൻറണി, എടക്കളം.

## ഏററു പാടുന്നു

(വൃന്ദാവനവും............എ. മ.)

വിണ്ണിലെ താരങ്ങൾ പാടുന്ന ഗീതങ്ങൾ
കേൾക്കുന്നു ഞങ്ങൾ, ആനന്ദത്താൽ
ഏററുപാടുന്നു നിൻസ്തുതിഗീതങ്ങൾ
എന്നുമെന്നും മറന്നിടാതെ........　　　(വിണ്ണിലെ....
താരകമലരാൽ പൊന്നൊളി വെല്ലും
കന്മഷമേരിനായികയെ
ശോഭ വിതറും നിൻതിരു രൂപത്തിൽ
പുഷ്പമാലകളർപ്പിക്കാം .. ...　　　(വിണ്ണിലെ ...
കേഴുന്നവർക്കായ് നിൻതിരുകരങ്ങൾ
നീട്ടി നീയാനന്ദമരുളുന്നു
വന്നീടട്ടെ നിൻ സന്നിധിയിൽ
കൂപ്പുകൈയ്യുമായ് ദാസരിതാ ......　　　(വിണ്ണിലെ ...
പിന്തുടരുന്നിതാ നിൻ പാദം ഞങ്ങളും
ഭക്തി നിറഞ്ഞൊരു മാനസത്താൽ.
ഏകുക ഞങ്ങൾക്കാശ്വാസം നീ
ഭീതിയില്ലാമൽ അനുഗമിക്കാൻ ......　　　(വിണ്ണിലെ

— ഫിലോമിനാ ജോർജ്ജ്, ചാലക്കുടി.

## പ്രത്യേകശ്രദ്ധയ്ക്ക്

*കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,*

കഥകൾ, ലേഖനങ്ങൾ, കവിതകൾ, ഫലിതബിന്ദുക്കൾ മുതലായവ അയയ്ക്കുമ്പോൾ, കടലാസിൻെറ ഒരു പുറത്തുമാത്രം വൃത്തിയായി, നല്ല കയ്യക്ഷരത്തിൽ, എഴുതിയിരിക്കണം. കയ്യക്ഷരം നന്നേ മോശമാണെങ്കിൽ ആരെക്കൊണ്ടെങ്കിലും പകർത്തിക്കുന്നതായിരിക്കും നല്ലത്. കൂടാതെ ഓരോ ഇനവും വെവ്വേറെ കടലാസിൽ എഴുതി അയക്കണം. ബാലരംഗത്തിനുള്ള സ്ഥലം വളരെ പരിമിതമാണല്ലോ. അതുകൊണ്ട് കഥ, ലേഖനം മുതലായവ ഫുൾസ്കാപ്പ് രണ്ടു പേജിലും (നോട്ടുബുക്ക് സൈസ് നാലു പേജ്) കൂടാതിരിക്കാൻ ശ്രദ്ധിക്കണം. അഥവാ കുറച്ചൊന്നു കൂടിയെന്നുവെച്ച് ആരും വിഷമിക്കണ്ട. അയച്ചോളൂ.

— സ്വന്തം കൊച്ചേട്ടൻ.

(കണക്കുകളും ഉത്തരങ്ങളും)

1. 43 കുട്ടികൾ. 2. 6 മാസം. 3. 119 മാമ്പഴം.




*New Year Greetings to All Our Patrons!*

We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

**SNOW WHITE**


DRY CLEANERS & DYERS

NEAR NADUVILAL - TRICHUR




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
**ചന്ദ്രിക** ഔഷധസ്സോപ്പ്
പതിവായി ഉപയോഗിക്കുക

## ഉദരരോഗങ്ങൾ



•

(ഗ്യാസ്ട്രബ്ൾ, മലബന്ധം, അർശസ്സ് — കുടലിലും മലദ്വാരത്തിങ്കലും തടിപ്പ്, കുരു, പുണ്ണ് — വയറുവേദന, വയറ് എരിച്ചൽ, അമ്ലാധിക്യം — Acidity — പുളിച്ചുതികട്ടൽ, ഛർദ്ദി, രുചിക്ഷയം, അഗ്നിമാന്ദ്യം, അമിതമായ വിശപ്പ്, ദാഹം, ഉദരത്തിങ്കലെ അവയവങ്ങൾ വരണ്ടുപോവുക, മലം ദിവസം പല പ്രാവശ്യമായും അല്പാല്പമായും പോവുക എന്നിങ്ങനെയുള്ളവ)


നിമിത്തം കഷ്ടപ്പെടുന്നുണ്ടെങ്കിൽ ജീവൻസ്

### ഉദരരോഗസംഹാരി

ഒരു ടീസ്പൂൺ (ഉദ്ദേശം ഒരു ഔൺസിൻെറ 6-ൽ ഒന്ന്) വീതം ദിവസം രണ്ടോ മൂന്നോ നേരം വീതം ഭക്ഷണം കഴിഞ്ഞ ഉടനെ സേവിച്ച് സൌകര്യപ്പെടുന്നപക്ഷം കൂടെത്തന്നെ അല്പം ചൂടുവെള്ളം കുടിക്കുക.

8 ഔ. കുപ്പി 1-ക്ക് 3_37.

## ശിരോരോഗങ്ങൾ



•

(തലവേദന, തുമ്മൽ, നീർവീഴ്ച, നീരിറക്കം, തലവിങ്ങൽ, തലപുകച്ചൽ, തലവിയർപ്പ്, തലചുററൽ, തലയിൽ ചൊറിച്ചൽ, വ്രണം, താരൻ, മുടികൊഴിച്ചൽ, ഉറക്കക്കുറവ്, ഓർമ്മക്കുറവ്, പല്ലുവേദന, പല്ലുകൾ ഇളകുക, കോച്ചുക, കുഴിയുക, ദ്രവിക്കുക, മോണപഴപ്പ്, കണ്ണിൽ തടിപ്പ്, ചുവപ്പ്, കണ്ണിൽനിന്ന് വെള്ളം വരിക, കാഴ്ചക്കുറവ്, കേൾവിക്കുറവ്, ചെവിമൂളിച്ച, ചെവിപഴുപ്പ്, മൂക്കടെപ്പ്, ടോൺസിൽസ് വീക്കുക, നെററിയിലും കണ്ണുകൾക്കു താഴെയും മററുമുണ്ടാവുന്ന നിറഭേദം എന്നിങ്ങനെയുള്ളവ.)

നിമിത്തം കഷ്ടപ്പെടുന്നുണ്ടെങ്കിൽ ശിരോരോഗഹേതുക്കളായ മലബന്ധം, ഗ്യാസ്ട്രബ്ൾ തുടങ്ങിയ ഉദരരോഗങ്ങളെ കൂടി ശമിപ്പിക്കുന്നതിനുവേണ്ടി

**ഉദരരോഗസംഹാരി** സേവിക്കുകയും

**ശിരോരോഗസംഹാരി**

തലയിൽ തേയ്ക്കുകയും ചെവിയിൽ ഒഴിക്കുകയും പല്ലു തേയ്ക്കുകയും ചെയ്യുക. 8 ഔ. കുപ്പി 1ക്ക് 2_37.

കൂടുതൽ വിവരങ്ങൾക്ക്:— **ജീവൻസ് ഫാർമസി,** നെല്ലായി (കേരളം സ്റ്റേറ്റ്).

# സന്തോഷാവസരങ്ങളെ കൂടുതൽ ഹൃദ്യമാക്കുക

ആശംസകളാവട്ടെ, അഭിനന്ദനങ്ങളാവട്ടെ... അവ ഗ്രീററിങ്ങ്സ് ടെലഗ്രാം വഴി അയക്കുക.

പ്രത്യേകം തയാറാക്കിയ ചിത്രാലംകൃതമായ ഒരു ഫോറത്തിൽ എഴുതി വർണ്ണശബളമായ ഒരു കവറിൽ അടക്കം ചെയ്താണ് ഗ്രീററിങ്ങ്സ് ടെലഗ്രാമുകൾ എത്തിക്കുന്നത്.

വ്യക്തിപരമോ ആഘോഷപരമോ ആയ സന്ദർഭങ്ങൾക്കു പററിയ നിരവധി പദാവലികളിൽനിന്ന് നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

ഒരു സാധാരണ ഗ്രീററിങ്ങ്സ് ടെലഗ്രാം അയക്കുന്നതിന്നുള്ള ഏററവും ചുരുങ്ങിയ നിരക്ക് 75 ന.പ. ആകുന്നു. കൂടുതലായുള്ള ഓരോ വാക്കിനും 10 ന.പ. മാത്രം അധികം ചുമത്തുന്നു.

## ഡീ ലക്സ് സർവ്വീസ്

നിങ്ങളുടെ വ്യക്തിത്വത്തിന്നു അനുയോജ്യമായ ഒരു കമ്പി അയക്കാനാഗ്രഹിക്കുന്നുവെങ്കിൽ അതിന്നുള്ളതാണ് ഡീലക്സ് ടെലഗ്രാം.

സന്ദേശം നിങ്ങൾക്കിഷ്ടമുള്ള വാക്കുകളിൽ എഴുതുക. എന്നിട്ട് പ്രത്യേക നിർദ്ദേശങ്ങൾക്കുള്ള സ്ഥലത്ത് "ഡീ ലക്സ്" എന്നെഴുതുക. നിങ്ങളുടെ കമ്പി ഗ്രീററിങ്ങ്സ് ഫോറത്തിൽ എത്തിക്കുന്നതായിരിക്കും.

നിങ്ങളുടെ സന്ദേശങ്ങൾ

**ഗ്രീററിങ്ങ്സ്**

അഥവാ

**ഡീ ലക്സ്**

ടെലഗ്രാമിൽ

അയക്കുവിൻ

കമ്പി — തപാൽ വകുപ്പ്

Indic Digital Archive Foundation
gpura.org